# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 1 No. 45 | THE ONLINE OFFICIAL NEWS BULLETTIN | 2018 October 25


**SEASON OF CROSS** | **സ്ലീബാകാലം**

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| ♪7 28 7th Sunday after the Feast of Holy Cross | ♪3 29 | ♪7 30 | ♪3 31 | NOVEMBER ♪7 1 All Saints Day 8th Enthronment Anniversary of Basalios Marthoma Paulose II | ♪3 2 116th Commemoration of St. Gregorios (Parumala Seminary) 111th Memorial of Kadavil Paulose Mar Athanasios Metropolitan (Aluva Thrikkunathu Seminary) | ♪7 3 |



## പരുമല പള്ളി മദ്ബഹായിൽ ഐക്കൺ

തിരുവല്ല: പരുമല പള്ളിയുടെ വി.മദ്ബഹായിൽ വരച്ച ഐക്കൺ പെയിന്റിംഗിന്റെ സമർപ്പണ ശുശ്രൂഷ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് പെയിന്റിംഗിന്റെ പ്രത്യേകതകളെക്കുറിച്ച് വിശദീകരിച്ചു. സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ ഏബ്രഹാം മാർ എപ്പിഫാനിയോസ്, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, അസി. മാനേജർമാരായ ഫാ. കെ. വി. ജോസഫ് റമ്പാൻ, ഫാ. എ. ജി. ജോസഫ് റമ്പാൻ, ഫാ. വൈ. മത്തായിക്കുട്ടി, പരുമല ആശുപത്രി സി. ഇ. ഒ. ഫാ. എം. സി. പൗലോസ് ഫാ. അശ്വിൻ ഫെർണാണ്ടസ്. എന്നിവർ സംബന്ധിച്ചു. ഫാ. അശ്വിൻ ഫെർണാണ്ടസിന്റെ ചുമതലയിലാണ് ഐക്കൺ പെയിന്റിംഗ് വർക്കുകൾ പൂർത്തീകരിച്ചത്.




**ബഥനി ആശ്രമ ശതാബ്ദി സമാപന സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.**

## എം. ടി. പോൾ നിര്യാതനായി

കളമശേരി: മലങ്കര ഓർത്തഡോക്സ് സഭ മുൻ സെക്രട്ടറിയും ഇന്ത്യൻ അലുമിനിയം കമ്പനി മുൻ വർക്സ് മാനേജരുമായ കളമശേരി മുട്ടത്തോട്ടിൽ എം. ടി. പോൾ (87) നിര്യാതനായി. ഭാര്യ: ഗ്രേസി (കോട്ടയം പുന്നാപ്പറമ്പിൽ കുടുംബാംഗം). മക്കൾ: തങ്കം, സൂസൻ. മരുമകൻ: അജിത് (എവരത്തുകിഴക്കേതിൽ, ആലുവ).



സിഐഐ പ്രസിഡന്റ്, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ്, എച്ച്ടി ആൻഡ് ഇഎച്ച്ടി കൺസൽറ്റേറ്റിവ് കൗൺസിൽ അംഗം, പ്രൊഡക്ടിവിറ്റി കൗൺസിൽ പ്രസിഡന്റ്, ഇ. ബാലാനന്ദൻ കമ്മിഷൻ ടെക്നിക്കൽ അഡ്വൈസർ, നാഷനൽ സേഫ്ടി കൗൺസിൽ കേരള ചാപ്റ്റർ ചെയർമാൻ, മലങ്കര ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റി അംഗം, വർക്കിങ് കമ്മിറ്റി അംഗം എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

ഏലൂർ ഇന്ത്യൻ അലുമിനിയം കമ്പനിയിൽ അൺപേയ്ഡ് അപ്രന്റിസായി ജോലിയിൽ കയറിയ പോൾ 1985 മുതൽ 1989 വരെയാണു വർക്സ് മാനേജരായി പ്രവർത്തിച്ചത്. വർക്സ് മാനേജർ ആയിരിക്കെ ഒട്ടേറെ ചരിത്രപരമായ തീരുമാനങ്ങൾ നടപ്പിലാക്കി. കമ്പനിയിൽ ആദ്യമായി വനിതകൾക്കു ജോലി നൽകുന്നതിനു കരാറുണ്ടാക്കി. ആദ്യമായി ട്രേഡ് യൂണിയനുകളുടെ ഹിതപരിശോധന നടത്തിയതും ഇക്കാലത്താണ്. ഇന്ത്യൻ അലൂമിനിയം കമ്പനിയുടെ സുവർണ കാലഘട്ടം എം. ടി. പോൾ വർക്സ് മാനേജർ ആയിരുന്നപ്പോൾ ആയിരുന്നു.

1974 മുതൽ 2007 വരെ 30 വർഷം തുടർച്ചയായി ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മിറ്റി അംഗമായിരുന്നു.

ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ അനുശോചിച്ചു. മലയാള മനോരമയ്ക്കു വേണ്ടി എഡിറ്റർ ഫിലിപ് മാത്യു ആദരാഞ്ജലി അർപ്പിച്ചു.

എം. ടി. പോളിന്റെ ഭവനത്തിൽ എത്തി പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. തോമസ് പി. സഖറിയ, ദേവലോകം അരമന മാനേജർ ഫാ. എം. കെ. കുര്യൻ, പ. ബാവായുടെ പ്രോട്ടോക്കോൾ ഓഫീസർ ഫാ. അശ്വിൻ ഫെർണാണ്ടസ്, കാതോലിക്കേറ്റ് ഓഫീസ് ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജോൺ മത്തായി, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ആയ എ. കെ ജോസഫ്, പി. വി. ബെഹനാൻ എന്നിവർ പ്രാർത്ഥന നടത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

# ദൈവാശ്രയത്തോടുകൂടിയ സഭാ പ്രവർത്തനം

### ഗീവർഗീസ് മാർ കൂറിലോസ്



പ്രിയപ്പെട്ട എം. ടി. പോളിനെ കഴിഞ്ഞ ദിവസം ഭവനത്തിൽ പോയി കാണുവാനുള്ള ഭാഗ്യം ലഭിച്ചു. ആ സമയത്തും വാചാലനായിരുന്നു. സഭയുടെ നിർണ്ണായകമായ മുഹൂർത്തങ്ങളിലൊക്കെ തന്റേതായിട്ടുള്ള വ്യക്തിത്വം പതിപ്പിച്ചിട്ടുള്ള വ്യക്തിയാണ് രാജുച്ചായൻ എന്ന് ഞങ്ങൾ വിളിക്കുന്ന ശ്രീ. എം. ടി. പോൾ. വ്യക്തമായ ദർശനത്തോടും ദിശാബോധത്തോടും കൂടി സഭയുടെ പോക്ക് എങ്ങോട്ടായിരിക്കണം എന്നുള്ളതിനെക്കുറിച്ച് വളരെ ശരിമായ ബോധ്യമുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ആരോടും തന്റേതായ നിലപാട് വ്യക്തമാക്കുവാൻ തന്റേടമുള്ള ഒരു വ്യക്തിത്വം. തന്നെ ഏല്പിക്കുന്ന ഉത്തരവാദിത്തം എന്തെല്ലാം വെല്ലുവിളികൾ നേരിടേണ്ടി വന്നാലും, അവയൊക്കെ തൃണവൽഗണിച്ചുകൊണ്ട് വളരെ ധൈര്യപൂർവ്വം സമർപ്പണത്തോടുകൂടി, ദൈവാശ്രയത്തോടുകൂടി കൈകാര്യം ചെയ്യുന്ന ഒരു പ്രത്യേക സ്വഭാവ വിശേഷം. ഇതൊക്കെ ആ വ്യക്തിത്വത്തിൽ നമുക്ക് കാണാനും മനസ്സിലാക്കാനും സാധിക്കും. ഞാൻ ഏറ്റവും അടുക്കുവാൻ ഇടവന്നത് കാലം ചെയ്ത വലിയ തിരുമേനി ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിൽ കൂടിയാണ്. എന്നാൽ അദ്ദേഹത്തിന്റെ രണ്ടു സഹോദരിമാരുടെ കുടുംബങ്ങളും എനിക്ക് വളരെ വേണ്ടപ്പെട്ടതാണ്. എന്നാൽ സഭാതലത്തിൽ ബന്ധപ്പെടാൻ ഇടയായപ്പോഴാണ് ആ വ്യക്തിത്വത്തിന്റെ മഹിമ വളരെ വ്യക്തമായിട്ട് ഉൾക്കൊള്ളുവാനായിട്ട് സാധിച്ചത്. വളരെ തന്മയത്വത്തോടുകൂടി ദൈവാശ്രയം വച്ചു പുലർത്തുവാൻ, സഭയുടെ അടിസ്ഥാനപരമായിട്ടുള്ള ഭാവങ്ങൾ എന്താണെന്ന് കൃത്യമായി അറിയിച്ചും അനുഭവിച്ചും മറ്റുള്ളവർക്ക് അവസരങ്ങൾ കൊടുത്തും സഭാകാര്യങ്ങൾ കൈകാര്യം ചെയ്യുവാനായിട്ട് കെല്പ് ലഭിച്ച ഒരു വ്യക്തിയായിരുന്നു. ആരാധനയിലുള്ള വ്യക്തിപരമായിട്ടുള്ള താല്പര്യവും സമർപ്പണവും സാക്ഷ്യവും വലിയ ആനന്ദത്തോടെയാണ് ഞങ്ങളെപ്പോലെയുള്ളവർ കണ്ടിരുന്നത്. സഭയുടെ നിർണ്ണായകമായ മുഹൂർത്തങ്ങളിലൊക്കെ വ്യക്തിപരമായിട്ടുള്ള സംഭാവനകൾ എങ്ങനെയാണ് കൊടുക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. മറ്റുള്ളവരുടെ നൊമ്പരങ്ങൾ കൈകാര്യം ചെയ്യുന്നതിലും വ്യക്തിപരമായി ഒരു പ്രത്യേക ശൈലീവിശേഷം വളർത്തിയിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബന്ധങ്ങൾ ദൃഢീകരിക്കുവാൻ, ഉത്തരവാദിത്തങ്ങൾ ചുമതലാബോധത്തോടു കൂടി നിർവഹിക്കുവാൻ, ഇതിലൊക്കെ വളരെ സമൃദ്ധിയേറിയ ഭാവങ്ങളാണ് ആ കാരിക്കേച്ചർ പൂർണ്ണമാക്കുവാൻ ശ്രമിക്കുമ്പോൾ നമുക്ക് ബോധ്യമാകുന്നത്.

ബോംബെയിൽ അഭിവന്ദ്യ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ ചില ഫോട്ടോകൾ പ്രദർശിപ്പിച്ചപ്പോൾ അതിൽ വളരെ മനോഹരമായ ഒരു ഫോട്ടോയിൽ ശ്രീ. എം. ടി. പോളും ദീർഘായുഷ്മാനായി നിൽക്കുന്നത് കാണുവാനിടയായി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ജനറൽ സെക്രട്ടറിയായിരുന്ന എമിലിയോ കാസ്ട്രോ കേരളത്തിൽ വന്നപ്പോൾ തെയോഫിലോസ് തിരുമേനിയും രാജുച്ചായനുമാണ് അദ്ദേഹത്തെ സ്വീകരിച്ചത്. അവർ ഒരു ആറ്റുതീരത്തു നിന്ന് പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്ന അതിമനോഹരമായ ഒരു രംഗമാണ് ആ ഫോട്ടോയിൽ ഉണ്ടായിരുന്നത്.

ബോംബെ ഭദ്രാസനത്തിനും വളരെയധികം പ്രിയപ്പെട്ട വ്യക്തിയായിരുന്നു എം. ടി. പോൾ സാറെന്നത് ആനന്ദത്തോടെ ഓർക്കുകയാണ്; നന്ദിയോടെ സ്മരിക്കുകയാണ്.

എല്ലാ തലങ്ങളിലും ശ്രദ്ധേയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. വ്യക്തിപരമായി ധാരാളം വേദനകളും വെല്ലുവിളികളും പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്. സ്വന്ത ദേവാലയത്തിൽ കടന്നു ചെല്ലുവാനായിട്ടുള്ള ബുദ്ധിമുട്ടുകളും അതിനോടു ചേർന്നുള്ള പ്രശ്നങ്ങളും, തന്നെ ടാർജറ്റ് ചെയ്ത് ഒരു വലിയ സമൂഹം തന്നെ വേട്ടയാടിക്കൊണ്ടിരുന്ന സാഹചര്യങ്ങളുമൊക്കെ ഉണ്ടായി. എന്നാൽ അതിനെയൊക്കെ തൃണവൽഗണിച്ചുകൊണ്ട് ധൈര്യപൂർവ്വം തന്റെ ശുശ്രൂഷ നിർവഹിച്ച് വളരെ ദീർഘമായ ഒരു കാലഘട്ടം മലങ്കരസഭയുടെ വളരെ നിർണ്ണായകമായ സമിതിയായിട്ടുള്ള മാനേജിംഗ് കമ്മിറ്റിയംഗമായിട്ടും, ഒരു കാലഘട്ടം അതിന്റെ അമരക്കാരനായിട്ടും (1990-94 കാലഘട്ടത്തിൽ മലങ്കരസഭയുടെ അസോസിയേഷൻ സെക്രട്ടറിയായിരുന്നു) പിതാക്കന്മാരോട് വിശ്വസ്ഥതയോടുകൂടി ദൈവാശ്രയത്തിൽ അനുഗ്രഹകരമായിട്ട് കാര്യങ്ങൾ നിർവഹിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

വ്യക്തിപരമായും അദ്ദേഹത്തോട് വളരെ നല്ല ബന്ധം പുലർത്താനായിട്ട് എനിക്ക് സാധിച്ചു. ചില മുഹൂർത്തങ്ങളിലൊക്കെ മീശ പിരിച്ച് ഗൗരവമായിട്ട് നോക്കുന്നത് ഞങ്ങളെയൊക്കെ കോരിത്തരിപ്പിച്ചിട്ടുണ്ട്. കാര്യങ്ങൾ സ്വതന്ത്രമായിട്ട് പറയുവാനും, അത് കേൾക്കുവാനുമുള്ള മനഃസാന്നിദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. എത്ര ഗൗരവമായിട്ടുള്ള നിമിഷങ്ങൾക്കും ശേഷം വളരെ മാധുര്യമേറിയ ഒരു പുഞ്ചിരി വേർതിരിച്ചിട്ടാണ് ആ സംഭാഷണം അവസാനിപ്പിക്കാറുള്ളത്. വളരെ കുളിർമ്മയേറിയ അനുഭവങ്ങളാണ് എനിക്ക് അയവിറക്കാൻ ഉള്ളത്. ഈ വ്യക്തിത്വത്തെപ്രതി ജീവനുള്ള ദൈവത്തിന് നന്ദിയും സ്തോത്രവും പാടുന്നു. അടുത്തുള്ള നാളുകളിൽ ഇതുപോലെയുള്ള വ്യക്തിത്വങ്ങൾ മലങ്കരസഭയിൽ ധാരാളമായിട്ട് ഉയരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. സഭയോട് കൂറുള്ള ജീവനുള്ള ദൈവത്തോട് മമതയുള്ള, സ്വന്ത കുടുംബത്തോട് വാത്സല്യമുള്ള, കണ്ടുമുട്ടുന്ന എല്ലാവർക്കും പ്രത്യാശ പകരുന്ന, ദിശാബോധം കൈമാറുന്ന വ്യക്തിത്വങ്ങളുടെ ഉടമകളായിട്ട് നാം തീരുന്നെങ്കിൽ അതായിരിക്കും ഈ പുഷ്പചക്രങ്ങൾ കൈമാറുന്നതിനേക്കാൾ ഹൃദ്യമായിട്ടുള്ളത് എന്ന് എനിക്ക് തോന്നുന്നു. പ്രത്യാശയുടെ സമ്പന്നത ഉയർത്തിക്കാട്ടിയ, വ്യക്തമായ ദിശാബോധത്തിന് രൂപം കൊടുത്ത, ഈ പ്രിയപ്പെട്ടവനെ ഓർത്ത് ജീവനുള്ള ദൈവത്തിന് സ്തോത്രം പാടാം.

## സഭയ്ക്ക് ശക്തമായ നേതൃത്വം നൽകി

### ഫാ. ഡോ. എം. ഒ. ജോൺ
### (വൈദിക ട്രസ്റ്റി)

മലങ്കര സഭയുടെ മുൻ അസോസിയേഷൻ സെക്രട്ടറിയായിരുന്ന എം. ടി. പോൾ സാറിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. പ്രശ്നകലുഷിതമായിരുന്ന ഒരു കാലഘട്ടത്തിൽ അസോസിയേഷൻ സെക്രട്ടറി ആയിരുന്നു കൊണ്ട് സഭയ്ക്ക് ശക്തമായ നേതൃത്വം നൽകുവാൻ എം.റ്റി.പോൾ സാറിനു സാധിച്ചിട്ടുണ്ട്. അങ്കമാലി ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയോട് ചേർന്നു നിന്ന് പ്രവർത്തിച്ചിരുന്ന ഒരാളായാണ് അദ്ദേഹത്തെ എന്നും ഞാൻ കണ്ടിട്ടുള്ളത്. വടക്കൻ പറവൂർ പള്ളി ഇടവകാംഗമായിരുന്നു അദ്ദേഹം. മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. 2017-ലെ സുപ്രീം കോടതി വിധി സമാധാനത്തിനുള്ള മാർഗ്ഗം തെളിയിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു



എം. ടി. പോളിന്റെ ഭവനത്തിൽ വച്ചുള്ള ശുശ്രൂഷയിൽ ഗീവർഗീസ് മാർ കൂറിലോസ് ധൂപാർപ്പണം നടത്തുന്നു. യൂഹാനോൻ മാർ പോളിക്കർപ്പോസ്, അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി) എന്നിവർ സമീപം.



# സഭയ്ക്ക് ധീരവും ശക്തവുമായ നേതൃത്വം

## ഡോ. എം. ഇ. കുറിയാക്കോസ്

(സെക്രട്ടറി, എം.ഒ.സി. കോളജസ്)

ആരാധ്യനായ എം. ടി. പോൾ സാറിനെ ഞാൻ ആദ്യമായി കാണുകയും പരിചയപ്പെടുകയും ചെയ്യുന്നത് അങ്കമാലി മെത്രാസന ഇടവകയുടെ കാലം ചെയ്ത ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയോടൊപ്പം ആണ്. അന്ന് എന്നെ ആകർഷിച്ചത് അദ്ദേഹത്തിന്റെ ആഢ്യത്തവും ഗാംഭീര്യവും ആധികാരികമായ സംസാരവും പ്രവർത്തനരീതിയുമാണ്.

ഇന്ത്യൻ അലുമിനിയം കമ്പനിയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായ അദ്ദേഹം 1970–1980 കളിൽ മലങ്കരസഭയിലുണ്ടായ കോളിളക്കത്തിൽ വടക്കൻ ഭദ്രാസനങ്ങൾക്ക് ശക്തവും ധീരവുമായ നേതൃത്വം കൊടുത്തു.. ആ പ്രതിസന്ധി കാലത്ത് വടക്കൻ ഭദ്രാസനങ്ങളിൽ, വിശിഷ്യാ അങ്കമാലി ഭദ്രാസനത്തിൽ പകച്ചു നിന്ന ഓർത്തഡോക്സ് സഭാ വിശ്വാസികളെ കൂട്ടിനിർത്തുവാൻ അദ്ദേഹം ചെയ്ത കഠിനാധ്വാനം അവിസ്മരണീയമാണ്. വടക്കൻ പ്രദേശങ്ങളിൽ അനേകം കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തെയോഫിലോസ് തിരുമേനിക്കൊപ്പം ചേർന്നു നിന്ന് നല്ല നേതൃത്വം കൊടുക്കാൻ സാധിച്ചു.

എം. ടി. പോൾ സാറിനൊപ്പം അങ്കമാലി ഭദ്രാസന കൗൺസിലിലും മലങ്കര സഭാ മാനേജിങ് കമ്മിറ്റിയിലും പ്രവർത്തിക്കുവാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. മാനേജിംഗ് കമ്മിറ്റിയിൽ അദ്ദേഹം ഒരു വേറിട്ട ശബ്ദമായിരുന്നു. മലങ്കര അസോസിയേഷൻ സെക്രട്ടറി പദത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും ഒരു മാതൃകയാണ്.

മലങ്കരസഭ പ്രശ്നങ്ങളുടെയും പ്രതിസന്ധിയുടെയും ചുഴലിയിൽ അകപ്പെട്ട സമയത്ത് സഭയ്ക്ക് ധീരവും ശക്തവുമായ നേതൃത്വം കൊടുത്ത് സഭയെ നയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആരുടെയും മുമ്പിൽ അടിപതറാതെ സത്യം വിളിച്ചുപറയാൻ തന്റേടം ഉണ്ടായിരുന്ന പോൾ സാർ മലങ്കരസഭയുടെ വീരനായകനായിരുന്നു. എന്നും മാതൃകയാക്കാവുന്ന വിശിഷ്ട വ്യക്തിത്വം.

കാലയവനികയിൽ മറഞ്ഞ ശ്രേഷ്ഠനായ പോൾ സാറിന് സർവ്വ ആദരാഞ്ജലികളും അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയും ദൈവം തൻറെ വലതു ഭാഗത്ത് സ്ഥാനവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# എം. ടി. പോളിന് അന്ത്യാഞ്ജലി

കളമശേരി: മലങ്കര ഓർത്തഡോക്സ് സഭ മുൻ അസോസിയേഷൻ സെക്രട്ടറിയും ഇന്ത്യൻ അലുമിനിയം കമ്പനി മുൻ വർക്സ് മാനേജരുമായ കളമശേരി മുട്ടത്തോട്ടിൽ എം. ടി. പോളിന്റെ (87) സംസ്കാരം നടത്തി.

ഏലൂർ മാർ ഗ്രിഗോറിയോസ് പള്ളിയിൽ പ.ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സംസ്കാരച്ചടങ്ങുകൾക്കു കാർമികത്വം വഹിച്ചു. ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മലങ്കര ഓർത്തഡോക്സ് സഭാ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, വി. കെ. ഇബ്രാഹിംകുഞ്ഞ് എം.എൽ.എ. തുടങ്ങിയവരും രാഷ്ട്രീയ, സാമൂഹിക, തൊഴിൽ രംഗത്തുള്ള ഒട്ടേറെപേരും അന്ത്യാഞ്ജലി അർപ്പിക്കാനെത്തി.

# സുപ്രീംകോടതി വിധി

## നടപ്പാക്കണമെന്ന ആവശ്യവുമായി സഭ

കോട്ടയം: സഭയ്ക്ക് അനുകൂലമായി ലഭിച്ച സുപ്രീംകോടതിവിധികൾ നടപ്പാക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതിൽ ഏറെ ആശങ്കയുണ്ടെന്നു മലങ്കര ഓർത്തഡോക്സ് സഭ. നിയമപാലനത്തിന് ശക്തമായ പൊലീസ് സംവിധാനം സജ്ജമാക്കാൻ സന്നദ്ധത കാട്ടുന്ന ഭരണകൂടം, സുപ്രീംകോടതി വിധി പ്രാവർത്തികമാക്കുന്നതിൽ കാലതാമസം വരുത്തുന്ന സാഹചര്യം ദൗർഭാഗ്യകരമാണ്.

സഭാക്കേസ് സംബന്ധിച്ചുണ്ടായ സുപ്രീംകോടതിവിധി, ഭരണഘടനാ മൗലികാവകാശവുമായി ബന്ധപ്പെട്ടതല്ലെന്ന സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവനയെ സഭ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. കേസിന്റെ സ്വഭാവമനുസരിച്ച് സഭാതർക്കത്തിൽ അതതു സമയത്തുണ്ടാകുന്ന വിധികൾ നടപ്പാക്കാനുള്ള കൂടുതൽ ബാധ്യത സർക്കാരിനുണ്ട്. വർഷങ്ങളായി അവകാശം നഷ്ടപ്പെട്ട് അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ യഥാർഥ അവകാശം പുനഃസ്ഥാപിക്കുന്ന വിധികളാണു സുപ്രീംകോടതിയിൽ നിന്നുണ്ടായത്. പിറവം, കട്ടച്ചിറ പള്ളികളെ സംബന്ധിച്ചുള്ള സുപ്രീംകോടതി വിധികൾ മുൻപേ തന്നെ നടപ്പാക്കേണ്ടിയിരുന്നെന്നും സഭാ വക്താവ് പറഞ്ഞു.



# സഖറിയാസ് മാർ തേയോഫിലോസ്: പ്രാർത്ഥനയും പ്രവൃത്തിയും ഒരുപോലെ സമന്വയിപ്പിച്ച പിതാവ്: പ. കാതോലിക്കാ ബാവാ

**എബി മാത്യു കൊഴുവല്ലൂർ**

കോയമ്പത്തൂർ: പാവങ്ങൾക്കും, സമൂഹത്തിൽ പാർശ്വവൽക്കാരിക്ക പെട്ടവർക്കും ഒരു മതം ഉണ്ടായിരുന്നു എങ്കിൽ ആ മതം ആയിരുന്നു തെയോഫിലോസ് തിരുമേനിയുടേതെന്ന് പ. കാതോലിക്കാ ബാവാ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ഓർമ്മപ്പെരുന്നാളിൽ വി. കുർബ്ബാന മദ്ധ്യേ പ്രസംഗിക്കുകയായിരുന്നു പ. പിതാവ്.

“എടുക്കുന്ന തീരുമാനങ്ങളിൽ മരണം വരെ അദ്ദേഹം ഉറച്ചുനിന്നു. ആർക്കും അതിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുവാൻ കഴിയുമായിരുന്നില്ല. പാവപ്പെട്ടവരെ സഹായിക്കുന്നതിൽ അദ്ദേഹം സഭയുടെ നിയമങ്ങൾ കൽപ്പിച്ച അതിർവരമ്പുകൾപോലും ചിലപ്പോൾ മറികടന്നിട്ടുണ്ട്. ഓർത്തഡോക്സുകാരൻ എന്ന ചിന്തയേക്കാൾ തിരുമേനിയെ ഭരിച്ചത് ദൈവത്തിന്റെ സൃഷ്ടി എന്നതായിരുന്നു. ഒരു പക്ഷേ ഈ കാര്യത്തിൽ ഒക്കെ നമുക്ക് നമ്മുടെ അഭിപ്രായങ്ങൾ കണ്ടേക്കാം. എന്നാൽ തിരുമേനിയുടെ പ്രവർത്തനവും നിലപാടും ഉറച്ചതായിരുന്നു. ഒരു ദിവസം പോലും തിരുമേനി വി. കുർബാനയോ, യാമപ്രാർത്ഥനകളോ ഒഴിവാക്കിയില്ല. ഈ കാര്യങ്ങളിൽ എല്ലാം അദ്ദേഹത്തിന് നിഷ്ഠ ഉള്ള ഒരു ജീവിതം ഉണ്ടായിരുന്നു.”

“പ്രാർത്ഥനയോടു കൂടെ ഉള്ള പ്രവർത്തനം ആയിരുന്നു പിതാവിൽ ഉണ്ടായിരുന്നത്. തടാകം ആശ്രമത്തിന്റെ സ്ഥാപക പരിശുദ്ധന്റെ ലക്ഷ്യം പൂർണ്ണമായി നിറവേറ്റുവാൻ തേയോഫിലോസ് തിരുമേനി ശ്രമിച്ചു. തന്റെ അന്ത്യവിശ്രമം ഈ തടാകം ആശ്രമത്തിൽ ആയിരിക്കണം എന്ന് അദ്ദേഹം ഉറപ്പിച്ചത് പോലും ആ ചിന്തയിൽ കൂടിയാണ്. അത് ഒരു ദൈവിക തീരുമാനമായി നാം ഇപ്പോൾ കാണുന്നു. പലരും അദ്ദേഹത്തെ ഈ തീരുമാനത്തിൽ നിന്ന് മാറ്റുവാൻ ശ്രമിച്ചു. എങ്കിലും അതിന് അദ്ദേഹം വഴങ്ങിയില്ല. ഇന്ന് ഇവിടെ കൂടിയേ ഈ ആൾക്കൂട്ടത്തെ കാണുമ്പോൾ ആ തീരുമാനം ശരിയായിരുന്നു എന്ന് ബോധ്യപ്പെടുന്നു. കേരളത്തിലെ എതെങ്കിലും ഒരു പള്ളിയിൽ അല്ല, തമിഴ്നാട്ടിൽ ഇത്ര ദൂരം കേരളത്തിന് അകത്തു നിന്നും പുറത്തു നിന്നും ആളുകൾ സംബന്ധിക്കുന്നു എന്നു കാണുമ്പോൾ തെയോഫിലോസ് തിരുമേനിയുടെ ജീവിതം എങ്ങനെ ആയിരുന്നു എന്നത് കൂടുതൽ വെളിപ്പെടുന്നു” എന്ന് പ. പിതാവ് പറഞ്ഞു.

ഡോ. മാർ തെയോഫിലോസ് പാലിയേറ്റീവ് കെയർ പ്രവർത്തന റിപ്പോർട്ട് മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ. ബാവാ പ്രകാശനം ചെയ്തു. പുതിയ ചാപ്പലിന്റെ അടിസ്ഥാന ശിലയുടെ വാഴ്വ് പ. പിതാവ് നിർവ്വഹിച്ചു. ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, ജോഷ്വാ മാർ നിക്കോദിമോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവർ സഹകാർമികരായിരുന്നു. കേരളത്തിന് അകത്തും പുറത്തും നിന്നുമായി നൂറുകണക്കിന് വിശ്വാസികൾ വൈദികരുടെ നേതൃത്വത്തിൽ പെരുന്നാളിൽ സംബന്ധിച്ചു. മദ്യപാനത്തിൽ നിന്നും, മറ്റ് അസാന്മാർഗ്ഗിക പ്രവർത്തികളിൽ നിന്നും ജീവിതത്തിലേക്ക് തെയോഫിലോസ് തിരുമേനി കൈപിടിച്ചു ഉയർത്തി തിരിച്ചു വന്നവരുടെ സാന്നിദ്ധ്യം വേറിട്ട ഒരു അനുഭവമായിരുന്നു.



# വിജ്ഞാനവും വിസ്മയവും സമന്വയിച്ച ‘നുഹറോ 2018’ കുടുംബ സംഗമം

മസ്കത്ത്: വിജ്ഞാനവും വിസ്മയങ്ങളും വിനോദവും സമന്വയിച്ച ‘നുഹറോ 2018’ കുടുംബ സംഗമം അക്ഷരാർത്ഥത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും നവ്യാനുഭവമായി. മസ്കത്ത് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ആഭിമുഖ്യത്തിൽ രണ്ട് ദിനങ്ങളിലായി റൂവി സെന്റ്. തോമസ് പള്ളിയിൽ നടന്ന കുടുംബ സംഗമം പ്രൊഫ . ഗോപിനാഥ് മുതുകാട് ഉദ്ഘാടനം ചെയ്തു.

ഇടവക വികാരി ഫാ. പി. ഒ. മത്തായി അധ്യക്ഷത വഹിച്ച ചടങ്ങിൽ അസോ. വികാരി റവ. ഫാ ബിജോയ് വർഗീസ്, ഇടവക ട്രസ്റ്റി ബിജു പരുമല, സഭാ മാനേജിങ് കമ്മിറ്റി അംഗം ഡോ. ഗീവർഗീസ് യോഹന്നാൻ എന്നിവർ സംസാരിച്ചു. ഇടവക കോ-ട്രസ്റ്റി ജാബ്സൺ വർഗീസ്, സെക്രട്ടറി ബിനു ജോസഫ് കുഞ്ചാറ്റിൽ, ഭദ്രാസന കൗൺസിൽ അംഗം ബോബൻ മാത്യു തോമസ്, കൺവീനർമാരായ അജി പി. റ്റി, ലാലി ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

തുടർന്ന് പ്രചോദാത്മക ചിന്തകളും കഥകളും കവിതകളും വിസ്മയത്തിന്റെ അലകൾ സൃഷ്ടിച്ച ഇന്ദ്രജാല പ്രകടങ്ങളും സമന്വയിപ്പിച്ചുകൊണ്ട് നിറഞ്ഞ സദസ്സിൽ പ്രൊഫ. ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച എംക്യൂബ് (മോൾഡിംഗ് മൈൻഡ് മാജിക്കലി) എന്ന പരിപാടി നിലയ്ക്കാത്ത കരഘോഷങ്ങളോടെയാണ് സദസ്സ് സ്വീകരിച്ചത്.

രണ്ടാം ദിനം കേരളത്തിന്റെ മുൻ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് ‘ക്രിസ്തീയ കുടുംബം‘ എന്ന വിഷയത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ആധുനികതയുടെ അതിപ്രസരവും ശാസ്ത്ര സാങ്കേതിക രംഗത്തെ ഭ്രമാത്മകമായ മാറ്റങ്ങളും പുത്തൻ തലമുറയെ ഇന്ന് ഏറെ സ്വാധീനിക്കുന്നു. ആത്മീയതയിലും മൂല്യങ്ങളിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാനും നന്മ തിന്മകളെ തിരിച്ചറിയുവാനുള്ള വിവേകവും മാതാപിതാക്കൾ മക്കൾക്ക് പകർന്നു നൽകണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

പ്രത്യേക ചർച്ച, ചോദ്യോത്തര പരിപാടി, ഇരുവരും നയിച്ച കുട്ടികൾക്കും കൗമാരക്കാർക്കുമായുള്ള പ്രത്യേകം ക്ലാസ്സും ചോദ്യോത്തര പരിപാടിയും, കുട്ടികൾക്കായി കാർട്ടൂൺ ക്ലാസ്സും കോൺഫറൻസിന്റെ ഭാഗമായി സംഘടിപ്പിച്ചു. സമാപനസമ്മേളനത്തിൽ വിഷിഷ്ഠാതിഥികൾക്ക് ഇടവകയുടെ ഉപഹാരം നൽകി ആദരിച്ചു. കൺവീനർ അജി പി. റ്റി. കൃതജ്ഞത അർപ്പിച്ചു.



# 25 ലക്ഷത്തിന്റെ ജെസിബി സാഹിത്യ പുരസ്ക്കാരം ബെന്യാമിന്

ന്യൂഡൽഹി: പ്രഥമ ജെസിബി സാഹിത്യ പുരസ്കാരം ബന്യാമിന്. മുല്ലപ്പൂ നിറമുള്ള പകലുകൾ എന്ന പുസ്തതകത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിനാണ് പുരസ്കാരം. 25 ലക്ഷം രൂപയാണ് പുരസ്കാരത്തുക. യുഎസ്സിൽ ജീവിക്കുന്ന കവി കൂടിയായ ഷഹനാസ് ഹബീബാണ് ബെന്യാമിന്റെ മുല്ലപ്പൂ നിറമുള്ള പകലുകൾ ഇംഗ്ലീഷിലേയ്ക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്.

ചലച്ചിത്ര സംവിധായികയായ ദീപ മേത്ത അധ്യക്ഷയും റോഹൻ മൂർത്തി, പ്രിയംവദ നടരാജൻ, ആർഷിയാ സറ്റർ എന്നിവർ അംഗങ്ങളുമായ സമിതിയാണ് അവാർഡ് നിർണയം നടത്തിയത്.

ഇന്ത്യയിലെ ഏറ്റവും വലിയ തുക സമ്മാനമായ സാഹിത്യ പുരസ്കാരങ്ങളിലൊന്നാണ് ജെസിബി സാഹിത്യ പുരസ്കാരം. സമകാലിക ഇന്ത്യനെഴുത്തുകാർക്കാണ് അവാർഡ് നൽകുന്നത്. ഓരോ ലക്ഷം രൂപ വീതം ചുരുക്കപ്പട്ടികയിലെത്തുന്ന അഞ്ച് കൃതികൾക്ക് നൽകും. പ്രാദേശിക ഭാഷയിൽ നിന്നുള്ള പരിഭാഷയ്ക്കാണ് അവാർഡ് ലഭിക്കുന്നതെങ്കിൽ മൊഴിമാറ്റം നടത്തിയയാളിന് അഞ്ച് ലക്ഷം രൂപ സമ്മാനം ലഭിക്കും.

ബന്യാമിൻ ഇരുപത് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ആട്ജീവിതത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. യുവ റേഡിയോ ജോക്കിയുടെ കഥയാണ് മുല്ലപ്പൂ നിറമുള്ള പകലുകൾ എന്ന നോവലിലെ ഇതിവൃത്തം. 2014ലാണ് പുസ്തകം മലയാളത്തിൽ പ്രസിദ്ധികരിച്ചത്.

# പ്രളയദുരിതത്തിൽപ്പെട്ടവർക്ക് വീടൊരുക്കാൻ കുടുംബസ്വത്തിൽ നിന്ന് 26 സെന്റ് സ്ഥലം




പ്രളയദുരിതത്തിൽപ്പെട്ടവർക്ക് വീടൊരുക്കാൻ കുടുംബസ്വത്തിൽ നിന്ന് ലക്ഷങ്ങൾ വിലമതിക്കുന്ന 26 സെന്റ് സ്ഥലം മലങ്കരസഭയ്ക്ക് സൗജന്യമായി കുന്നക്കുരുടി സെന്റ് ജോർജ് ഓർത്തോഡോക്സ് കത്തീഡ്രൽ ഇടവകാംഗം പാപ്പാലിൽ യാക്കോബ് വർക്കിയും മക്കളും ചേർന്ന് പ. ബാവാ തിരുമേനിക്ക് നൽകുന്നതിനുള്ള സമ്മതപത്രം യൂഹാനോൻ മാർ പോളിക്കർപ്പോസിന് നൽകി.



# അടുപ്പുട്ടി പെരുന്നാളിന് കൊടിയേറി

കുന്നംകുളം: അടുപ്പുട്ടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി പെരുന്നാളിന് കൊടിയേറി. വികാരി ഫാ. ഗീവർഗ്ഗീസ് തോലത്ത് കൊടിയേറ്റം നടത്തി. ഒക്ടോബർ 27, 28 തീയതികളിലാണ് പെരുന്നാൾ. ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവാ മുഖ്യകാർമ്മീകത്വം വഹിക്കും. 28-ന് വൈകീട്ട് 4-ന് പെരുന്നാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് പ്രദക്ഷിണം. വികാരി ഗീവർഗ്ഗീസ് തോലത്ത്, കൈസ്ഥാനി പി. കെ. പ്രജോദ്, സെക്രട്ടറി പി. ജി. ബിജു എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ആഘോഷങ്ങൾക്ക് നേതൃത്വം നൽകും



# കൈപ്പട്ടൂർ മഹാ ഇടവകയിൽ പൂർവികർ ഒത്തുകൂടിയ അനുഗ്രഹിതമായ സമ്മേളനം

കൈപ്പട്ടൂർ: സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹാ ഇടവക കേന്ദ്രമാക്കി സെന്റ് ജോർജസ് ഒ.എസ്.സി. യുവജനപ്രസ്ഥാനതിന്റെ നേതൃത്വത്തിൽ 1969-ൽ ആരംഭിച്ച തുമ്പമൺ ഭദ്രാസന പരുമല പദയാത്രയുടെ സുവർണ്ണ ജൂബിലി പരുമല പദയാത്ര നവംബർ 1-ന് കൈപ്പട്ടൂർ മഹാ ഇടവകയിൽ നിന്നും കുറിയാക്കോസ് മാർ ക്ലിമീസ് തിരുമേനിയുടെയും, മറ്റ് അനേകം വൈദികരുടെയും ആശീർവാദത്തോടെ പുറപ്പെടും.

സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 21-10-2018 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കൈപ്പട്ടൂർ മഹാ ഇടവകയിൽ വെച്ച് നടന്ന ആദരിക്കൽ സമ്മേളനത്തിൽ 1969 മുതൽ ഈ പദയാത്രയ്ക്ക് ഇന്ന് വരെ നേതൃത്വം നൽകിയ വൈദികശ്രേഷ്ഠർ ഉള്ളപ്പടെ എൺപതോളം വ്യക്തികളെ ആദരിച്ചു. സമ്മേളനം എബ്രഹാം മാർ എപ്പിപ്പാനിയോസ് ഉത്ഘാടനം ചെയ്തു. സമ്മേളനത്തിൽ വെച്ച് പദയാത്രാസംഘം പുറത്തിറക്കുന്ന ‘മലങ്കര ജ്യോതിസ് വാല്യം 50’ എന്ന ഗാനോപഹാരത്തിന്റെ പ്രകാശനം നിർവഹിച്ചു.

സഭാപിതാക്കന്മാർ

# ഗുരുവിനെക്കുറിച്ച് ശിഷ്യൻ

## പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ച് ശിഷ്യനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ





നമ്മുടെ ജീവിതം നന്നാക്കുന്നതിന് ശുദ്ധിമാന്മാരോടുള്ള സംസർഗ്ഗവും അവരുടെ ചരിത്രങ്ങളും ഏറ്റവും സഹായിക്കുന്ന ഒന്നാകുന്നുവല്ലോ. .... എന്നാൽ നമ്മുടെ അഭക്തിയുടെ ഈ കാലത്തിൽ പരിശുദ്ധന്മാർ ചെയ്തതായി പറയുന്ന അതിശയങ്ങളെപ്പറ്റി, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്നതിൽ അധികം അതിശയങ്ങളെ ചെയ്യും എന്നും മറ്റും കർത്താവു കല്പിച്ചിരിക്കുന്നതിനെ ആലോചിക്കാതെ അസംഭവ്യങ്ങളെന്നു പലരും സംശയിക്കുന്നു. ശുദ്ധിമാന്മാരുടെ ശക്തിയിലുള്ള സംശയം തീർക്കുവാനെന്നപ്രകാരം ദൈവം ഇക്കാലത്തിൽ ആർക്കും എതിർത്തുപറവാൻ പാടില്ലാത്തവണ്ണം കാലം ചെയ്ത നമ്മുടെ വിശുദ്ധ പിതാവ് (മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) മുഖാന്തരം പല അത്ഭുതങ്ങളും ചെയ്കയാൽ വീണ്ടും ഈ ചരിത്രങ്ങൾ തർജ്ജമ ചെയ്വാൻ ധൈര്യമുണ്ടായി.

നമ്മുടെ കണ്ണുകൾക്കു മുമ്പാകെ ജീവിച്ചു കാലം ചെയ്ത ഈ പരിശുദ്ധന്റെ കബറുങ്കൽ അസംഖ്യം അത്ഭുതങ്ങൾ ഉണ്ടാകുന്നതിനു കൊച്ചി, തിരുവിതാംകൂറിലുള്ള നാനാജാതി മതസ്ഥന്മാരും സാക്ഷികളാകുന്നു. "സുറിയാനിക്കാർ, റോമാക്കാർ, ഇംഗ്ലീഷുകാർ മുതലായ ക്രിസ്ത്യാനികളും ബ്രാഹ്മണർ, ശൂദ്രർ, ഈഴവർ, പുലയർ മുതലായ ഹിന്ദുക്കളും മഹമ്മദീയരും" എന്നു വേണ്ടാ നാനാജാതികളും കബറുങ്കൽ വന്നു വഴിപാടു ഇടുന്നത് ഞാൻ കണ്ടിട്ടുണ്ട്. ദൈവകൃപയാൽ ഈ വിശുദ്ധന്റെ നാമത്തിൽ തങ്ങൾക്കായി സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളെ ഓർത്തിട്ടു ചിലർ തങ്ങളുടെ സത്യ മാതാവിന്റെ മടിയിലേക്കു തന്നെ തിരിച്ചുവന്നിട്ടുണ്ട്. ചിലർ കാര്യം സാധിക്കുമ്പോൾ കുഷ്ഠരോഗികളെപ്പോലെ തങ്ങളുടെ വഴിക്കു പോകുന്നുമുണ്ട്. "സൗഖ്യമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഒരു പുറജാതിക്കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ" എന്നു കല്പിച്ചതുപോലെ പ്രവൃത്തിക്കുന്നവരാകുന്നു അധികവും, എങ്കിലും ഒഴികഴിവില്ലാ. മല്ലപ്പള്ളിയിലെ പിശാചു പുറപ്പെട്ടു പോയാറെ ആ കൊച്ചൻ രണ്ടു മൂന്നു മാസം ഞങ്ങളോടു കൂടെ താമസിച്ചു തിരുവനന്തപുരത്തു പോയി. ഒരു വടക്കൻ റോമാക്കാരൻ ഭ്രാന്തൻ സൗഖ്യമായി നേർച്ച തന്നു. കുഷ്ഠരോഗിയായ ഒരീഴവൻ മിക്കവാറും സൗഖ്യം പ്രാപിച്ചു ഇവിടെ വന്നു നേർച്ചകൾ കഴിച്ചു. തലെ ആണ്ടിൽ ആളുകളാൽ വഹിക്കപ്പെട്ടവൻ പിറ്റെ ആണ്ടിൽ നടന്നുവന്നു. തൊണ്ടയിൽ ഒരു ചൂണ്ടൽ കോർത്ത പുലയൻ ഇവിടെ വന്നു നേർച്ച ഇട്ടതിന്റെ ശേഷം ചൂണ്ടൽ താനേ ഊരിപ്പോയി. അയിരൂർ തെങ്ങുംതോട്ടത്തിൽ ഒരു സ്ത്രീക്കു ആൺകുട്ടി ഇല്ലാഞ്ഞതിനാൽ ഗർഭമുണ്ടായതിനുശേഷം തിരുമേനിക്കു നേർച്ച നേരുകയും കുട്ടി ആണായിരിക്കണമെന്നു മാത്രമല്ലാ നേർച്ചക്കുട്ടി എന്നറിവാൻ തിരുമേനിയിലുള്ള ഏതെങ്കിലും ഒരടയാളം ഉണ്ടായിരിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. ആ കുട്ടി ആണും തിരുമനസ്സിലെ കാലിന്റെ വിരൽ പെട്ടയായിരുന്നതുപോലെ ആ കുട്ടിയുടെ കാലിന്റെ വിരലും പെട്ടയായിരിക്കയും ചെയ്തു. ആ കുട്ടിയെ ഇവിടെ കൊണ്ടുവന്നു "സ്പഹായിലേക്ക്" അവർ പണം കൊടുത്തു എന്നും കുർബാന ചൊല്ലത്തക്കവിധത്തിൽ അതിന്റെ പേരും എഴുതിച്ചു. അനേകം പിശാചുക്കൾ കബർ കാണുമ്പോൾ വിറച്ചു കരഞ്ഞുംകൊണ്ടു പുറപ്പെട്ടു പോകും. എല്ലാത്തരം ക്രിസ്ത്യാനികളിൽ നിന്നും പുറജാതികളിൽ നിന്നും സംഖ്യയില്ലാതെ പിശാചുക്കൾ പുറപ്പെട്ടു പോയിട്ടുണ്ട്. അവയുടെ സംസാരം ആരോ ചോദിച്ചിട്ട് ഉത്തരം പറയുന്നതുപോലെ ആകുന്നു, ഇവിടെ വരുന്ന പിശാചുക്കളോടു ഞങ്ങൾ ഒന്നും ചോദിക്ക പതിവില്ല. എന്നാലും അവ ഇപ്രകാരം ദീർഘസ്വരത്തിൽ സംസാരിച്ചു പുറപ്പെട്ടു പോകുന്നു. ഈ തരത്തിൽ ഇവിടെ നടക്കുന്ന അത്ഭുതങ്ങൾ അവർണ്ണനീയങ്ങൾ തന്നെ, അതുകളെല്ലാം ഇപ്പോൾ വിവരിച്ചെഴുതുവാൻ ആവശ്യമില്ല. ആരും പറയാതെയും ആവശ്യപ്പെടാതെയും മനുഷ്യർ ഈ പണമെല്ലാം കൊണ്ടിടുന്നതു തന്നെ അവയ്ക്കു സാക്ഷിയാകുന്നു. അത്യാവശ്യങ്ങൾക്കും കഴിവുപോലെ പണം ചുരുക്കുന്ന ആളുകൾ ഇത്ര അധികം പണമിടുന്നതു കാര്യമില്ലാഴിക അല്ലല്ലോ. ഉപായത്തിലോ സൂത്രത്തിലോ എടുക്കുന്നതിനും ആരും ഇതിനെപ്പറ്റി പറയുകയോ ഇതിലേക്കു ഉത്സാഹിക്കുകയോ ചെയ്തിട്ടില്ല. അസൂയകക്ഷികൾ "ശമരിയാക്കാരനാണെന്നും പിശാചുണ്ടെന്നും" പറയുമായിരിക്കും. പിശാചിനു ശക്തിയുണ്ടെന്നും ദൈവത്തിനും തന്റെ മക്കൾക്കും ശക്തിയില്ലെന്നും പറയുന്ന ഇവർ ആരുടെ മക്കളാകുന്നു? പരിശുദ്ധന്മാർക്ക് ശക്തിയുണ്ടെങ്കിൽ അതു ദൈവത്തിന്റെ ആകുന്നു. ഇല്ലെങ്കിൽ തനിക്കു ശക്തി ഇല്ലാത്തതുകൊണ്ടും ആകുന്നു. അപ്പനു ശക്തിയുണ്ടെങ്കിൽ അതു നിശ്ചയമായിട്ടു മകനും കാണും.



ഇപ്പോൾ നടക്കുന്ന ഈ ശക്തി മുമ്പുള്ളവർക്കും സാക്ഷിയാണല്ലോ. ഈ പരിശുദ്ധനിൽ നാം കണ്ട വിശേഷം നോമ്പു നമസ്കാരം, വിനയം ഇത്യാദി ആയിരുന്നുവല്ലോ.

**(പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ച് ശിഷ്യനായ പുന്നൂസ് റമ്പാൻ - പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ - 1080-ൽ കോട്ടയം മാർത്തോമ്മസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച പ. സ്ത്രീകളുടെ ചരിത്രം എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ എഴുതിയിരിക്കുന്നത്.)**

സഭാപിതാക്കന്മാർ

# ഓർത്തഡോക്സ് സഭകളിലെ പരിശുദ്ധന്മാരും പരുമല തിരുമേനിയും

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

ഒരാളെ പരിശുദ്ധനായി കാനോനീകരിക്കുന്ന ഔപചാരികമായ നടപടിക്രമം ഓർത്തഡോക്സ് സഭകളിൽ ഇല്ല. റോമൻ കത്തോലിക്കാ സഭയിൽ ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് തികച്ചും അസ്വഭാവികമോ വ്യാമിശ്രമോ ആയ ഒരു നടപടിക്രമം വളർത്തിയെടുത്തിട്ടുണ്ട്. പൗരസ്ത്യ സഭകളിൽ റഷ്യൻ ഓർത്തഡോക്സ് സഭയും ഇന്ത്യൻ ഓർത്തഡോക്സ് സഭയും മാത്രമേ ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള ഔപചാരിക നടപടിക്ക് ഒരുമ്പെട്ടിട്ടുള്ളു.

റഷ്യൻ ഓർത്തഡോക്സ് സഭ 10-ാം ശതകത്തിലാണു നിലവിൽ വന്നത്. ക്രി. വ. 1339-ൽ തിയോഗ്നോസ്റ്റസ് (Theognostes) മെത്രാപ്പോലീത്താ (അന്ന് അവർക്കു പാത്രിയർക്കീസ് ഇല്ലായിരുന്നു. കീവിലെ മെത്രാപ്പോലീത്തായായിരുന്നു റഷ്യൻ സഭയുടെ അപ്പോഴത്തെ തലവൻ) തന്റെ മുൻഗാമിയായിരുന്ന പീറ്റർ മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഇത് പീറ്റർ മെത്രാപ്പോലീത്താ കാലം ചെയ്തു 13 വർഷം കഴിഞ്ഞായിരുന്നു. ഈ പ്രഖ്യാപനം മിക്കവാറും റോമൻ സഭയുടെ സമ്പ്രദായത്തെ അനുകരിച്ചുള്ളതുമായിരുന്നു. പിന്നീട് ക്രി. വ. 1448-ൽ ജോനാസ് മെത്രാപ്പോലീത്താ തന്റെ മുൻഗാമികളിൽ ഒരാളായിരുന്ന ആഗ്നീസിനെ അദ്ദേഹത്തിന്റെ മരണശേഷം 70 വർഷം കഴിഞ്ഞു പരിശുദ്ധനായി പ്രഖ്യാപിച്ചു. അക്കാലത്താകട്ടെ റാഡറേസിലെ പ. സേർജിയസ്സും ബൈലോറസിയായിലെ പ. കൂറിലോസും ഔപചാരിക നടപടിക്രമങ്ങൾ ഒന്നും കൂടാതെ തന്നെ പരിശുദ്ധന്മാരായി റഷ്യയിൽ പൊതുവെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഏതാണ്ട് 1547-ാമാണ്ട് ആയപ്പോഴേക്കും റഷ്യൻ സഭയിൽ പതിനഞ്ചോളം വിശുദ്ധന്മാരെ വണങ്ങുന്ന പ്രഖ്യാപനം നടപ്പിൽ വന്നിരുന്നതായി രേഖകളുണ്ട്.

1547-ലും 1549-ലും നടന്ന റഷ്യൻ സഭയുടെ രണ്ടു പ്രധാന സുന്നഹദോസുകളിൽ ഏതാണ്ട് മുപ്പതോളം പരിശുദ്ധന്മാരെ പുതുതായി കാനോനീകരിച്ചു (ഇവരിൽ 28 പേർ അതാതു പ്രദേശങ്ങളിൽ പരിശുദ്ധന്മാരായി നേരത്തെതന്നെ അംഗീകരിക്കപ്പെട്ടവരായിരുന്നു). ആ രണ്ടു സുന്നഹദോസുകളിൽത്തന്നെ വേറെ 9 പരിശുദ്ധന്മാരെ പ്രാദേശികമായും അംഗീകരിച്ചു. ഈ മൂന്നു കൊല്ലം കൊണ്ട് ഇത്രയധികംപേരെ പരിശുദ്ധന്മാരായി പ്രഖ്യാപിക്കാൻ ചില രാഷ്ട്രീയ കാരണങ്ങൾ ഉണ്ടായിരുന്നു.

1453-ലെ കുസ്തന്തീനോപോലീസിന്റെ പതനത്തിന്റെ ശതാബ്ദി അടുത്തു വന്നിരുന്ന ആ കാലഘട്ടത്തിൽ റഷ്യൻസഭ പൗരസ്ത്യസഭയുടെ കേന്ദ്രമായി മൂന്നാമത്തെ റോമാ എന്ന പേരിൽ രൂപംകൊള്ളുകയായിരുന്നതിനാൽ മുപ്പതോ നാല്പതോ പുതിയ പരിശുദ്ധന്മാരെക്കൂടി നാമസഞ്ചികയിൽ ചേർക്കുന്നത് സഭയുടെ പദവി ഉയർത്തിക്കാട്ടുന്നതിനു സഹായിച്ചു.

എ. ഡി. 1547-1721 കാലഘട്ടത്തിൽ ഏതാണ്ട് 150 പരിശുദ്ധന്മാരെക്കൂടി നാമകരണം ചെയ്തു. പക്ഷേ, അവരിൽ 15 പേരെ മാത്രമേ സഭ ഇന്നു സാർവത്രികമായി വണങ്ങുന്നുള്ളു. 1721 മുതൽ സഭയെ യഥാർത്ഥത്തിൽ ഭരിക്കുന്നത് സുന്നഹദോസാണ്. ഈ കാലയളവിൽ ആറു പരിശുദ്ധന്മാരെക്കൂടി മാത്രമേ പൊതുവണക്കത്തിനു നാമകരണം ചെയ്തിട്ടുള്ളു. അവരിൽ ഏറ്റവും പ്രധാനപ്പെട്ടത് കഴിഞ്ഞ ശതാബ്ദത്തിന്റെ അവസാനത്തിൽ നാമകരണം ചെയ്യപ്പെട്ട സാരോവിലെ  പ. സെറാഫിം ആണ്. ആ നാമകരണ നടപടിക്രമങ്ങളുടെ സാമാന്യം ശരിയായ ഒരു വിവരണം നമുക്ക് ലഭ്യമായിട്ടുള്ളത് ഇങ്ങനെയാണ്.

കാലം ചെയ്ത ആർച്ചു ബിഷപ്പ് സെറാഫിമിന്റെ കബർ സ്ഥിതിചെയ്യുന്ന ഭദ്രാസനത്തിലെ ആർച്ചു ബിഷപ്പ് കബറിങ്കൽ നടക്കുന്ന അത്ഭുതങ്ങളെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് പ. സുന്നഹദോസിന് അയച്ചു. പ. സുന്നഹദോസ് അതേപ്പറ്റി സമഗ്രമായ ഒരു അന്വേഷണത്തിനു കല്പന പുറപ്പെടുവിച്ചു. ഒരു ബിഷപ്പ് 1892-1894 വരെ ഇതേപ്പറ്റി പ്രാഥമികാന്വേഷണം നടത്തി. കൂടുതൽ അന്വേഷണം നടത്തുന്നതിന് അവിടത്തെ സന്യാസാശ്രമത്തിന്റെ ശ്രേഷ്ഠനെ ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം 1897-ൽ അതേപ്പറ്റി റിപ്പോർട്ടു സമർപ്പിച്ചു. അവസാനമായി 1902 ജൂലൈ 19-ന് അന്വേഷണം പൂർത്തിയാക്കിയിരിക്കുന്നതായി സാർ ചക്രവർത്തി പ്രഖ്യാപനം പുറപ്പെടുവിച്ചു. തെളിവുകൾ പരിശോധിക്കുവാൻ സുന്നഹദോസ് സുദീർഘമായ സമയം എടുത്തു. പിന്നെ പരി



116-ാം ഓർമ്മ പെരുന്നാൾ നവംബർ 2-ന് പരുമല സെമിനാരിയിൽ

ശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ പരിശോധിക്കുവാൻ സഭയുടെ അദ്ധ്യക്ഷനും രണ്ടു ബിഷപ്പുമാരും ഒരു യുവരാജാവും മറ്റു ചിലരും അംഗങ്ങളായുള്ള കമ്മീഷൻ നിയമിക്കപ്പെട്ടു. ഈ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സുന്നഹദോസിന് സമർപ്പിച്ചു. സുന്നഹദോസ് ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിക്കാനും പരിശുദ്ധന്റെ നാമത്തിൽ പെരുനാൾ ആഘോഷം ഉത്തരവിടുന്നതിനും ഗവണ്മെന്റിനോട് അപേക്ഷിച്ചു. 1903 ജനുവരി 26-ന് സാർ ചക്രവർത്തി ഔദ്യോഗികമായി ഉത്തരവു പുറപ്പെടുവിച്ചു. അനന്തരം വിശുദ്ധന്റെ അസ്ഥികൾ പൊതുവണക്കത്തിനു വേണ്ടി പ്രത്യേകം നിർമ്മിക്കപ്പെട്ട ഒരു കല്ലറയിലേക്ക് മാറ്റി സ്ഥാപിച്ചു.

കാനോനീകരണ കാര്യത്തിൽ റോമാസഭയുടെ നടപടിക്രമങ്ങൾ കുറേക്കൂടി വിപുലമാണ്. അതു രണ്ടു ഘട്ടങ്ങളായിട്ടാണ്. ഒന്നു ശ്രേഷ്ഠീകരണം, മറ്റൊന്നു കാനോനീകരണം. വാങ്ങിപ്പോയ ഒരാളിനെ ശ്രേഷ്ഠൻ അഥവാ അനുഗൃഹീതൻ എന്ന പദവി നല്കുകയാണ് ആദ്യത്തെ പടി. അതും കഴിഞ്ഞ് വീണ്ടും പുതിയ പുതിയ അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ കബറിങ്കൽ സംഭവിച്ചാൽ മാത്രമേ വിശുദ്ധൻ എന്ന പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെടുന്നുള്ളു. അതിനുള്ള തെളിവന്വേഷണം സാധാരണ പല വർഷങ്ങളിലേക്കു നീണ്ടുപോകുന്നു. കൂടാതെ അദ്ദേഹം ഒരു വിശുദ്ധനല്ല എന്നു വാദിക്കുന്നതിന് സാത്താന്റെ അഭിഭാഷകൻ (Devil's Advocate) എന്നൊരു സാങ്കല്പികവ്യക്തിയെയും നിയമിക്കുന്നു. ഇങ്ങനെ പല സാക്ഷികളെയും തെളിവുകളെയും പരിശോധിച്ചശേഷം മാത്രമേ ഒരാൾ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നുള്ളു.

നമ്മുടെ പരുമല പുണ്യവാളന്റെ വിശുദ്ധ നാമകരണത്തിൽ ഇങ്ങനെ വിപുലമായ നടപടിക്രമങ്ങൾ ഒന്നും വേണ്ടിവന്നില്ല. പരുമല തിരുമേനിയുടെ ശിഷ്യനും പൗരസ്ത്യ ഓർത്തഡോക്സു സഭയുടെ കാതോലിക്കായുമായിരുന്ന പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് 1947 ധനു 3-ാം തീയതി പുറപ്പെടുവിച്ച ഒരു കല്പനയിലൂടെ പരുമല തിരുമേനി പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു (1947 തുലാം 16 -ാം തീയതി പരുമല സെമിനാരിയിൽ ചേർന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയമനുസരിച്ചാണ് പ. കാതോലിക്കാബാവാ ഈ കല്പന പുറപ്പെടുവിച്ചത്).

ഇങ്ങനെതന്നെയാണ് റഷ്യൻ സഭയിലും വ്യവസ്ഥാപിതമായ സുന്നഹദോസു കൂടി തീരുമാനം എടുക്കുന്ന രീതി തുടങ്ങുംമുമ്പു ചെയ്തുകൊണ്ടിരുന്നത്. സഭാധിപനായ മെത്രാപ്പോലീത്താ തന്റെ മുൻഗാമിയെ പരിശുദ്ധനായി നാമദാനം ചെയ്തുകൊണ്ടിരുന്നു.

ആദിമസഭയിൽ ഇതിനുള്ള നടപടിക്രമം ഇല്ലായിരുന്നു. മാമോദീസാ ഏറ്റവരിൽ ഒരാളെ ശുദ്ധനായും മറ്റുള്ളവരെ അല്ലാതെയും കരുതപ്പെടുന്നതിനുള്ള ഒരു മാനദണ്ഡം യഥാർത്ഥത്തിൽ അക്കാലത്തു സഭയിൽ ഉണ്ടായിരുന്നില്ല. സ്നാനം ഏറ്റ എല്ലാവരും വിശുദ്ധന്മാർ ആയിരുന്നു.

എന്നാൽ അക്കാലത്ത് സഭ പ. കന്യകമറിയാമിനെയും അപ്പോസ്തലന്മാരെയും കൂടാതെ നാലു തരം പരിശുദ്ധന്മാരെക്കൂടി വണങ്ങിയിരുന്നു.

1. വിശ്വാസത്തിനുവേണ്ടി സഹദാ മരണം പ്രാപിച്ചവർ ( വി. സ്തേഫാനോസ്, ഇഗ്നാത്തിയോസ് തുടങ്ങിയവർ). 2. വിശ്വാസത്തിനുവേണ്ടി മരണം ഒഴികെയുള്ള പീഡ അനുഭവിച്ചവർ (മൗദ്യാനന്മാർ). 3. സത്യവിശ്വാസം പഠിപ്പിച്ച വിശ്വാസവീരന്മാർ (മാർ അത്താനോസ്യോസ്, വി. കൂറിലോസ്). 4. വിശുദ്ധജീവിതം നയിച്ച് സ്വാഭാവിക മരണം പ്രാപിച്ച ദയറായക്കാർ (അന്തോനിയൂസ്, പക്കോമിയോസ് തുടങ്ങിയവർ).

ചില പരിശുദ്ധന്മാർ ഇതിൽ ഒന്നിലധികം വിഭാഗത്തിൽപ്പെടുന്നവരുണ്ട്. ഉദാ. പരിശുദ്ധ ബസേലിയോസ്. അതുപോലെ നമ്മുടെ പരുമല പുണ്യവാളനും മേല്പറഞ്ഞ മൂന്നും നാലും വിഭാഗത്തിൽപെടുന്നു. പാശ്ചാത്യ മിഷനറിമാർമൂലം നമ്മുടെ ആളുകളിൽ ചിലരിൽ നിന്നുത്ഭവിച്ച പാശ്ചാത്യ യുക്തിവാദത്തിന്റെയും വിശ്വാസവിപരീതത്തിന്റെയും കെടുതിയിൽ പെടാതെ ഓർത്തഡോക്സ് (സത്യവിശ്വാസ) സഭയെ സംരക്ഷിച്ച വിശ്വാസ വീരനായിരുന്നു പരുമല തിരുമേനി. അദ്ദേഹത്തിന്റെ അനിതരസാധാരണമായ ജീവിതവിശുദ്ധിയും സത്യേക സഭാവിശ്വാസത്തെപ്പറ്റി അദ്ദേഹത്തിനുള്ള നിസ്തുലദർശനവും സമഞ്ജസമായി സമ്മേളിച്ചില്ലായിരുന്നെങ്കിൽ നമ്മുടെ ആളുകളിൽ അധികപങ്കും പ്രോട്ടസ്റ്റന്റ് യുക്തിവാദത്തിന്റെ ഓളത്തിൽപ്പെട്ടു ഒഴുകിപ്പോകുമായിരുന്നു.

റോമാസഭയുടെ പാരമ്പര്യത്തിൽ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന ആളിന് ഏഴു പദവികൾ ഉണ്ട്:

1. കുർബാന തക്സാകളിൽ അദ്ദേഹത്തിന്റെ പേര് അനുസ്മരിക്കപ്പെടുന്നു. 2. സഭയുടെ പൊതു പ്രാർത്ഥനകളിൽ പരിശുദ്ധന്റെ മദ്ധ്യസ്ഥതയ്ക്ക് യാചിക്കുന്നു. 3. പള്ളികളും ത്രോണോസുകളും ആ നാമത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു. 4. ബലിപീഠത്തിനു മുകളിൽ അവരുടെ ചിത്രം വയ്ക്കുന്നു. 5. ഭൗതികാവശേഷിപ്പുകൾ പ്രത്യേക പാത്രങ്ങളിൽ അടയ്ക്കപ്പെട്ടു പൊതുവണക്കത്തിനു വയ്ക്കുന്നു. 6. പള്ളികൾ അവരുടെ പെരുന്നാൾ ആഘോഷിക്കുന്നു. 7. അവരുടെ ബഹുമാനാർത്ഥം വി. കുർബാന അർപ്പിക്കപ്പെടുന്നു.

അടിസ്ഥാനപരമായി ഇവയെല്ലാം നമുക്കുണ്ട്. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിന് വെളിയിൽനിന്നു വന്ന്, ഇവിടെ സാക്ഷിയായി മരിച്ചു. അദ്ദേഹം നമ്മുടെ കാവൽപിതാവും സഭാസ്ഥാപകനും അപ്പോസ്തലമഹാചാര്യനും ആണ്. മലങ്കരയുള്ള അപ്പോസ്തലിക സിംഹാസനം അദ്ദേഹത്തിന്റെ നാമത്തിലാണ് അറിയപ്പെടുന്നത്.

ഭാഗ്യവതിയായ വി. മാതാവിനെയും, വി. മത്തിയാസും പൗലൂസും ഉൾപ്പെടെയുള്ള 13 അപ്പോസ്തലന്മാരെയും കൂടാതെ മറ്റു പല വിശുദ്ധന്മാരെയും നാം ബഹുമാനിക്കുന്നു. ഇവരിൽ ചിലർ ഏലിയാ, യോഹന്നാൻ മാബ്ദാനാ തുടങ്ങിയവർ - പഴയനിയമ പിതാക്കന്മാരും മറ്റു ചിലർ, ഈജിപ്തുകാരും ഗ്രീക്കുകാരും റോമാക്കാരും പലസ്തീൻകാരും സിറിയായിലുള്ളവരും മറ്റുമാണ്. ഉദാഹരണമായി വി. സ്തേഫാനോസ് പലസ്തീൻകാരനും അത്താനാസ്യോസും കൂറിലോസും ഈജിപ്തുകാരും ബസേലിയോസും ഗ്രീഗോറിയോസും ചിറ്റാസ്യക്കാരും ക്ലിമ്മീസും യൂലിയോസും റോമാക്കാരും ഇഗ്നാത്തിയോസും ഒസ്താത്തിയോസും അന്ത്യോക്യക്കാരും ആയിരുന്നു.

ഭാരതസഭയിലും പല വിശുദ്ധന്മാരും ഉണ്ടായിരുന്നിരിക്കാം. പക്ഷേ, ചരിത്രത്തിൽക്കൂടി അവരുടെ പേരുകളും ഓർമ്മകളും നമുക്ക് ലഭ്യമായില്ല എന്നു മാത്രം. എന്നാൽ ഇതാ പ്രതിഭാശാലിയായ ഒരു പരിശുദ്ധൻ - വാസ്തവമായും വിശുദ്ധിയണിഞ്ഞ ഒരു ദൈവമനുഷ്യൻ, ഒരു യഥാർത്ഥ ആത്മീയ വൈദ്യൻ. ഒരു പരിശുദ്ധനായി എന്നും ലോകമെങ്ങും വണങ്ങപ്പെടേണ്ട മഹാജ്ഞാനി - പരുമല തിരുമേനി!

ഈ വിശുദ്ധന്റെ പ്രത്യേകതകൾ മൂന്നാണ്. പ്രഥമവും പ്രധാനവുമായത് അദ്ദേഹം ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. പാതിരായ്ക്കും പ്രഭാതത്തിനു മുമ്പും എല്ലാ യാമവേളയിലും യാമമദ്ധ്യത്തിൽപോലും തന്റെ ഹൃദയം ദൈവത്തോടു ചേർന്നിരുന്നു. ഈ സുസ്ഥിരമായ ഭക്തിയാണ് അദ്ദേഹത്തിന്റെ മുഖത്ത് തിളങ്ങിക്കണ്ടതും അദ്ദേഹത്തെ ഒരു യഥാർത്ഥ വിശുദ്ധനായി തെളിയിച്ചതും.

രണ്ടാമതായി അദ്ദേഹം ഒരു മഹാ ഗുരുവായിരുന്നു. പ്രഗല്ഭരായ അദ്ദേഹത്തിന്റെ ശിഷ്യവൃന്ദം തന്നെ അദ്ദേഹത്തിന്റെ വീറിന്റെയും വചോശക്തിയുടെയും ഉത്തമസാക്ഷികളാണ്. മഹാനായ വട്ടശ്ശേരിൽ തിരുമേനി, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ, കോനാട്ടു മാത്തൻ മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യപ്രധാനന്മാരായിരുന്നു.

മൂന്നാമതായി അദ്ദേഹം ഒരു നല്ല അജപാലകനായിരുന്നു. ഇന്ന് തുമ്പമൺ, നിരണം, കൊല്ലം എന്നിങ്ങനെ മൂന്നായി അറിയപ്പെടുന്ന ഭദ്രാസനങ്ങളുടെ ഏകോപിച്ചുള്ള ഇടയനായി പ്രവർത്തിച്ച്, പള്ളികളും സ്കൂളുകളും കെട്ടിപ്പടുത്ത്, രോഗികളെയും അനാഥരെയും ശുശ്രൂഷിച്ച്, സുവിശേഷം പ്രസംഗിച്ചും അനേകരെ ആലയിലേക്ക് ആനയിച്ചും സഞ്ചരിച്ച്, പള്ളികലഹങ്ങൾ ശമിപ്പിച്ച്, പ്രാർത്ഥനയാൽ വസന്തകളെ ശാസിച്ച് അടക്കി, തുടർച്ചയായി തന്റെ ജീവരക്തം സ്വന്തം ആടുകൾക്കുവേണ്ടി ഒഴുക്കിത്തീർത്ത നല്ല ഇടയൻ.

ഭാരതം ഇന്നു കൃതകൃത്യയാണ് - ഇതുപോലെ സ്വജീവിതം മുഴുവൻ ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും സാക്ഷാത്ക്കരിക്കുവാൻ പിറന്ന കുറ്റമറ്റ ഒരു പൈതലിനെ പ്രസവിച്ച ഭാരതാംബ ഇന്ന് ധന്യയാണ്!

❑

സഭാപിതാക്കന്മാർ

# പരിശുദ്ധിയുടെ പരിമളം

**ഫാ. ഡോ. കെ. എം. ജോർജ്**

*“സമസൃഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ, അവനത്രെ ഉത്തമനായ ദൈവഭക്തൻ എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്” – പരുമല തിരുമേനി*

പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ദസ്തയേവ്സ്കി യുടെ ‘കാരമസോവ് സഹോദരന്മാർ’ അപൂർവ്വമായ ഉൾക്കാഴ്ചയും ആത്മീക ഭാവവുമുള്ള നോവലാണ്. അതിലെ ഫാദർ സോസിമ എന്ന സന്യാസിശ്രേഷ്ഠൻ ആഴമേറിയ ആത്മികതയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണ്. അദ്ദേഹം മരിച്ചപ്പോൾ ശവശരീരത്തിൽനിന്ന് സുഗന്ധം പുറപ്പെടുമെന്ന് ആളുകൾ പ്രതീക്ഷിച്ചിരുന്നു. കാരണം, വിശുദ്ധരായ മനുഷ്യർ മരിച്ചു കഴിഞ്ഞാൽ അവരുടെ മൃതശരീരങ്ങളിൽനിന്ന് ദിവ്യപരിമളം പുറപ്പെടുമെന്നും അത് അവരുടെ വിശുദ്ധിയുടെ ഉരകല്ലാണെന്നും റഷ്യയിൽ പരമ്പരാഗതമായ വിശ്വാസമുണ്ടത്രേ. ഫാദർ സോസിമയുടെ ആത്മീക തേജസ്സിൽ അസൂയ പൂണ്ടിരുന്ന ദുർമുഖനായ മറ്റൊരു സന്യാസി അദ്ദേഹത്തെ തേജോവധം ചെയ്യാൻ തക്കം പാർത്തിരിക്കുകയായിരുന്നു. സോസിമയുടെ മൃതദേഹം വച്ചിരുന്ന മുറിയിൽനിന്ന് മൂക്കു പൊത്തിക്കൊണ്ട്, ദുർഗന്ധമെന്ന് വിളിച്ചുപറഞ്ഞ് എടുത്തു ചാടി, ആളിളക്കി ബഹളമുണ്ടാക്കുന്ന ഈ സന്യാസിയെ ദസ്തയേവ്സ്കി ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. വിശുദ്ധിക്ക് വ്യക്തവും പ്രകടവുമായ അടയാളം തേടാനുള്ള ശ്രമം ക്രിസ്തീയ സഭയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ബാഹ്യമായ ചില അത്ഭുത ലക്ഷണങ്ങൾ വച്ച് അളക്കുന്നതിലാണ് ജനങ്ങൾക്ക് താല്പര്യം.

ആരാണ് വിശുദ്ധർ? നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യക്തികളെ വിശുദ്ധന്മാരും ശുദ്ധിമതികളുമായി പ്രഖ്യാപിക്കാൻ പൗരസ്ത്യ സഭകൾ പൊതുവെ വിമുഖത കാട്ടുന്നു. കാരണങ്ങൾ പലതുണ്ട്. ഒന്നാമതായി, നമ്മുടെ ലോകത്തിൽ മറ്റെല്ലാം പോലെതന്നെ വിശുദ്ധിയും ആപേക്ഷികമാണ്. ഒരാളെ വിശുദ്ധനെന്ന് പ്രഖ്യാപിക്കണമെങ്കിൽ മറ്റൊരാളുമായോ മറ്റു പലരുമായോ താരതമ്യം ചെയ്യേണ്ടി വരുന്നു. ഈ താരതമ്യ ചിന്തയുടെ അടിസ്ഥാനം സുദൃഢമല്ല. കാലദേശങ്ങൾക്കനുസരിച്ചും വ്യക്തികളെ അപേക്ഷിച്ചും താരതമ്യത്തിന്റെ അടിസ്ഥാനം മാറിക്കൊണ്ടിരിക്കും. കേവല വിശുദ്ധി ദൈവത്തിനു മാത്രമുള്ളതാണ്. പക്ഷേ, അത് അപരിമിതമാണ്. ആപേക്ഷികതയ്ക്കും താരതമ്യത്തിനും അതീതവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിശുദ്ധനെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. മാത്രവുമല്ല ദൈവത്തിന്റെ വിശുദ്ധി പൂർണ്ണമായി അറിഞ്ഞവർ ആരാണ്? ഒന്നിനെ മറ്റൊന്നുമായി താരതമ്യം ചെയ്യണമെങ്കിൽ രണ്ടും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതല്ലേ?

രണ്ടാമതായി, ഒരു മനുഷ്യന്റെ വിശുദ്ധി നിർണ്ണയിക്കുക മറ്റു മനുഷ്യർക്ക് എളുപ്പമല്ല. എത്ര ഉൾക്കാഴ്ചയുള്ള വ്യക്തിക്കും മറ്റൊരു മനുഷ്യ വ്യക്തിയുടെ ആന്തരിക വ്യാപാരങ്ങളെ പൂർണ്ണമായി വിവേചിക്കാനും നിർണ്ണയിക്കാനും സാധിക്കുകയില്ല. എത്ര വലിയ മനഃശാസ്ത്രജ്ഞനും മനുഷ്യമനസ്സിന്റെ കുറെ ഭാവങ്ങളെയും ചില വശങ്ങളെയും മാത്രമേ ഗ്രഹിക്കാനാവൂ. അത്ര ആഴമേറിയതും സങ്കീർണ്ണവുമാണ് മനസ്സ് എന്ന പ്രതിഭാസം. ഇതിലും അഗമ്യമാണ് ആത്മാവിന്റെ ചലനങ്ങൾ. ഒരു വ്യക്തിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നിർണ്ണയം ശരിയായിരിക്കാനുള്ള സാദ്ധ്യത പോലെതന്നെ തെറ്റായിരിക്കാനും സാദ്ധ്യതയുണ്ട്.

മൂന്നാമതായി, വിശുദ്ധിയെന്നത് നിരന്തരമായ വളർച്ചയും ആത്മീയ പുരോഗതിയുമാണ്. അത് ദൈവത്തിന്റെ അതുല്യമായ ഒരു ദാനവുമാണ്. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കുറെ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വ്യക്തിയുടെ വിശുദ്ധി നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ പാകപ്പിഴകളുണ്ടാകാം. ക്രിസ്തുവാകുന്ന തലയോളം വളർന്ന് ദൈവസദൃശന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അപരിമിതമായ വളർച്ചയുടെ സാദ്ധ്യതയാണുള്ളത്. വിശുദ്ധന്മാരെന്ന് നാം കരുതുന്ന വ്യക്തികൾ ഈ നിരന്തരമായ ആത്മീയ വളർച്ചയെക്കുറിച്ച് പൂർണ്ണബോധമുള്ളവരാണ്. അതുകൊണ്ട് തങ്ങളെ സ്വയം കുറവുള്ളവരായി അവർ കാണുന്നു. മറ്റുള്ളവർ നല്കുന്ന ‘വിശുദ്ധർ’ എന്ന വിശേഷണം അവർ ഒരിക്കലും സ്വീകരിക്കയുമില്ല.



താത്വികമായി ഇങ്ങനെയൊക്കെപ്പറഞ്ഞാലും ചില പ്രത്യേക വ്യക്തികളുടെ ജീവിത വിശുദ്ധി നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. അവരുമായി ഇടപഴകിയവരുടെയും ആത്മീക സംസർഗ്ഗം ചെയ്യുന്നവരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ അവരെ വിശുദ്ധരായി നാം അംഗീകരിച്ച് ആദരിക്കുന്നു. ക്രിസ്തീയസഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘനാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകാരവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരേ മറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കയും സ്വീകരിക്കുകയും ചെയ്യുന്ന ചിലരെ പിന്നീടു ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.

എല്ലാ വിശ്വാസികളെയും പൗലോസ് ശ്ലീഹാ വിശുദ്ധരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവർ, ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവർ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. തേജസ്സിന്മേൽ തേജസ് പ്രാപിച്ച് ക്രിസ്ത്വനുരൂപികളും അങ്ങനെ ദൈവസദൃശരുമാവുകയെന്നതാണ് വിശുദ്ധിയുടെ പാരമ്യതയായി സഭ പഠിപ്പിക്കുന്നത്. പക്ഷേ, ദൈവീ

കരണമെന്ന ഈ പരമാനുഭവം ഒരു നിശ്ചലമായ ബിന്ദുവിൽ അവസാനിക്കുന്നില്ല. മറിച്ച് അനുനിമിഷം ചലനാത്മകമായ, വികസ്വരമായ ഒരനുഭവമണ്ഡലത്തിലേക്കുള്ള പ്രവേശനമാണത്. നിസ്സായിലെ വി. ഗ്രീഗോറിയോസും മറ്റും പറയുന്നതുപോലെ 'അവസാനമില്ലാത്ത ആരോഹണ'മാണത്. അപ്പോൾ ഈയർത്ഥത്തിൽ, ഒരുവൻ 'വിശുദ്ധീകരിക്കപ്പെട്ടു' എന്നു ഭൂതകാലത്തിൽ പറയുവാൻ നമുക്ക് പ്രയാസമാണ്. 'വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു' എന്ന് തുടർച്ചയായ വർത്തമാന കാലത്തിലേ പറയാനാവൂ (ഈ ജീവിതത്തിനപ്പുറത്ത് ഭൂതകാലത്തിനും വർത്തമാന കാലത്തിനും പ്രസക്തിയൊന്നുമില്ലെങ്കിലും ഇവിടെ നമുക്ക് അങ്ങിനെ മാത്രമേ പറയാനാവൂ).

വിശുദ്ധിയെന്നത് ഒരേസമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മീക സാധനയുടെ ഫലവും ആത്യന്തികമായ ആത്മിക സാക്ഷാത്കാരവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കുവേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നല്കിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മീക ഭക്ഷണവും പ്രചോദന സ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹ ശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി അവരെ ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സ്നേഹമാണ് അവരുടെ വിശുദ്ധിയുടെ അടിസ്ഥാനവും ഉരകല്ലും. മനുഷ്യസ്നേഹമില്ലാതെ, നന്മ ചെയ്യാൻ ആഗ്രഹമില്ലാതെ വിശുദ്ധന്മാരെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. കള്ളപ്പണത്തിന്റെയും വഞ്ചനയുടെ വെള്ളിക്കാശിന്റെയും പങ്ക് വിശുദ്ധന്മാർക്ക് നല്കി സ്വന്തം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നത് മ്ലേച്ഛതയാണ്.

പ്രകാശത്തെയാണ് വിശുദ്ധിയുടെ പ്രതീകമായി സാധാരണ വ്യവഹരിക്കുന്നത്. ദൈവം അഗമ്യ തേജോമയമായ പ്രകാശമാണ്. സൃഷ്ടി മുഴുവനും പ്രകാശംകൊണ്ട് നിറയുവാൻ സൃഷ്ടിയുടെ തുടക്കം തന്നെ പ്രകാശത്തിലാണ്. ഇങ്ങനെ പ്രഭാപൂരിതമായ ഒരു ചിത്രമാണ് മനുഷ്യന്റെ ആത്യന്തിക വിശുദ്ധീകരണത്തെക്കുറിച്ച് സഭാപിതാക്കന്മാർ നല്കുന്നത്. മനുഷ്യന്റെ ആദിശോഭ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. കാരണം, മനുഷ്യന് സംഭവിച്ച വീഴ്ചതന്നെ. വീഴ്ചയ്ക്കുമുമ്പ് ആദാമിനും ദൈവത്തിനും പ്രകൃതിക്കുമിടയിൽ ആവരണമില്ലായിരുന്നു. ദിവ്യശോഭ പൂർണ്ണമായി സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആദിമനുഷ്യനും പ്രപഞ്ചത്തിനും കഴിയുമായിരുന്നു.

അപ്പോൾ വിശുദ്ധീകരണമെന്നത് ഈ ഇരുട്ടിന്റെ തിരശ്ശീലകൾ മാറ്റി മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മുഖാമുഖം കണ്ട് ദൈവിക പ്രകാശത്തിൽ ഉല്ലസിക്കുകയെന്നതാണ്. സൃഷ്ടിക്കു മുമ്പേയുള്ള ദിവ്യശോഭയിൽ മനുഷ്യരും പ്രകൃതിയും പൂർണ്ണമായും പങ്കാളികളാവുന്നു. താബോർ മലയിലെ അപൂർവ്വ പ്രകാശത്തിൽ യേശുവും മോശയും ഏലിയാവും ഒരേസമയം സന്നിഹിതരായതുപോലെ, സകല സൃഷ്ടിയും ദൈവസന്നിധിയിൽ പരസ്പരം മറയില്ലാതെ സത്യപ്രകാശത്തിൽ ശോഭിതമായി ആനന്ദനൃത്തം ചെയ്യുന്നതായി വിശുദ്ധന്മാർ ദർശിക്കുന്നു. ലജ്ജാരഹിതമായ മുഖങ്ങളും വഞ്ചനയില്ലാത്ത ഹൃദയങ്ങളുമാണിവിടെ നാം കാണുന്നത്. ഈ ലോകത്തിൽ വിശുദ്ധന്മാരെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവർ ഇതുതന്നെയാണ് ആഗ്രഹിക്കേണ്ടത്—മറച്ചുവയ്ക്കാനൊന്നുമില്ലാത്ത ഹൃദയങ്ങളും ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളും. കാപട്യവും വഞ്ചനയുമുള്ള ഈ ലോകത്തിൽ അവർ നീതിയുടെ നിത്യസൂര്യന്മാരായിരിക്കും.

# പരുമല തിരുമേനിയുടെ കല്പനക്കുറിപ്പുകൾ

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലയാള ഗദ്യത്തിന്റെ വികാസപരിണാമങ്ങളും കേരളത്തിലെ സാമൂഹിക-മതജീവിതത്തിന്റെ പ്രത്യേകതകളും അന്വേഷിക്കുമ്പോൾ പരുമല മാർ ഗ്രീഗോറിയോസിന്റെ കത്തുകൾ മുഖ്യരേഖകളായിത്തീരുന്നു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ സാമൂഹിക - ആദ്ധ്യാത്മിക രംഗത്തുണ്ടായ വിവിധ സംഭവങ്ങൾ പരുമല തിരുമേനിയുടെ കത്തുകളിൽ വ്യക്തമാകുന്നു.



പരുമല തിരുമേനിയുടെ കല്പനകൾ, ഡയറിക്കുറിപ്പുകൾ, സ്വകാര്യ ലേഖനങ്ങൾ, ഇടയ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയെല്ലാം 'എഴുത്തു'കളുടെ കൂട്ടത്തിൽപ്പെടുന്നു. '*ഊർശ്ലേം യാത്രാവിവരണവും*' '*ഭക്തവചനം*' എന്ന പ്രഭാഷണവും എഴുത്തുകളിൽ മുഖ്യസ്ഥാനം വഹിക്കുന്നു. ദീർഘമായ നിരവധി കല്പനകൾ പരുമല തിരുമേനി എഴുതിയിട്ടുണ്ട്. വിശ്വാസപരമായ പ്രബോധനങ്ങൾക്കും ആദ്ധ്യാത്മികമായ നവോത്ഥാനത്തിനുമുള്ള മാർഗ്ഗരേഖകളാണിതിൽ പ്രതിഫലിക്കുന്നത്. ദീർഘമായ കല്പനകളുടെ സംഗ്രഹങ്ങളും കല്പനകൾ അയച്ചതിന്റെ വിവരങ്ങളും പ്രത്യേക ഡയറിയിൽ എഴുതിയിരുന്നു. ഇത് 'കല്പനകളുടെ നമ്പർ ബുക്ക്' എന്ന് അറിയപ്പെടുന്നു.

### കത്തുകളിൽ കലാസൗന്ദര്യം

കല്പനകളിലെ ഗദ്യഘടന ചില അവസരങ്ങളിൽ ആകർഷകമല്ല. ദീർഘമായ പ്രബോധനങ്ങൾ സങ്കീർണ്ണമായ വാചകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. നിരവധി ആശയങ്ങൾ മുത്തുകൾപോലെ കൊരുത്ത് ദീർഘമായ വാചകമാക്കിയിരിക്കുന്നു. ഇത് അക്കാലത്തെ ഔദ്യോഗിക കല്പനകളുടെ ഭാഷാ ഘടനയായിരുന്നു. ഔദ്യോഗികവും ഭരണപരവുമായ ലേഖനങ്ങളിലും കുറിപ്പുകളിലും ഇന്നും ഇതേ ശൈലിയാണ് പിൻതുടരുന്നത്.

പരുമല തിരുമേനിയുടെ 'സ്വകാര്യ കത്തുകൾ' വളരെ ആകർഷകമാണ്. അവയിൽ പലതും അപ്രകാശിതമാണ്. തിരുമേനിയുടെ കുടുംബാംഗങ്ങൾക്ക്

എഴുതിയ കത്തുകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുമെന്ന് കരുതുന്നതിനാലാവാം പലതും പ്രസിദ്ധീകരിക്കാത്തത്. കത്തുകളിൽ കലാസൗന്ദര്യമുണ്ട്. വ്യക്തിബന്ധങ്ങളുടെ ഊഷ്മളതയും നാഡി സ്പന്ദനവും ഇതിൽനിന്നും തിരിച്ചറിയാം.

പരുമല തിരുമേനിയുടെ ഓരോ കത്തിലും ആത്മീയ പ്രബോധനങ്ങളും സന്മാർഗ്ഗിക ഉപദേശങ്ങളും നിറഞ്ഞുനിൽക്കുന്നു. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ '*കീർത്തനമാല*' വായിച്ചിട്ട് 1901 ജൂലൈയിൽ കലയപുരത്തുനിന്നും എഴുതിയ ഒരു കത്ത് ചുവടെ ചേർക്കുന്നു:

'നിങ്ങൾ നമുക്ക് അയച്ച '*കീർത്തന മാല*' പുസ്തകം ഇവിടെ കിട്ടി. വളരെ സന്തോഷിക്കുന്നു. ഇവിടെ വരുന്നവരെ കാണിക്കുകയും പലരും തൃപ്തിപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ ഈ വേല പൊതുഗുണത്തിന്നുപകാരമായിത്തീരുന്നതാകയാൽ ദൈവം നിങ്ങൾക്കു വാഴ്‌വിന്റെ പ്രതിഫലം നൽകുമാറാകട്ടെ. ഇപ്രകാരമുള്ള നിങ്ങളുടെ സകല പൊതു ഗുണ വേലകളെയും പൂർണ്ണപ്പെടുത്തി അവകൾ ദൈവമഹത്വത്തിനും പരോപകാരത്തിനും നിങ്ങളുടെ ഓർമ്മയ്ക്കും ആക്കിത്തീർപ്പാൻ സ്നേഹത്തോടും പരിപൂർണ്ണ ഹൃദയത്തോടും കൂടെ ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം നിങ്ങൾക്കു സ്വസ്ഥത തന്നു സദാ കാത്തു കുടുംബസഹിതം വാഴ്ത്തി രക്ഷിക്കുമാറാകട്ടെ.'

കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും (1858 – 1904) പരുമല തിരുമേനിയും (1848 – 1902) സമകാലികരായിരുന്നു. മലയാള സാഹിത്യത്തോടും ഭാഷയോടും ഇരുവരും പുലർത്തിയ താല്പര്യം ഇവരുടെ സൗഹൃദത്തിന് ആഴം വർദ്ധിപ്പിച്ചു. പരുമല തിരുമേനിയും സംഘവും ഊർശ്ലേമിലേയ്ക്ക് യാത്ര തിരിച്ചതിനെക്കുറിച്ചുള്ള വിവരണങ്ങൾ മലയാള മനോരമ പത്രത്തിൽ തുടർച്ചയായി 1895 ജനുവരി 28 മുതൽ ജൂൺ 8 വരെ പ്രസിദ്ധീകരിച്ചിരുന്നു. ഊർശ്ലേം യാത്രയെക്കുറിച്ചുള്ള ചെറിയ വിവരണങ്ങൾ മനോരമ പത്രം വഴി മലയാളികൾ അറിഞ്ഞിരുന്നു. '*ഊർശ്ലേം യാത്രാവിവരണത്തിന്*' വളരെ പ്രചാരം മലയാള മനോരമയിലെ വാർത്തകൾ വഴി ലഭ്യമായി.

പരുമല തിരുമേനിക്ക് പത്രപ്രവർത്തനത്തോടും സാഹിത്യത്തോടും താല്പര്യം ഉണ്ടായിരുന്നു. ഒരു പ്രിന്റിംഗ് പ്രസ് ആരംഭിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പ്രസ് വാങ്ങുന്നതിനായി 1878-ൽ നിരണം തുടങ്ങിയ പള്ളികളിൽ പോയി പണപ്പിരിവ് നടത്തിയതായി വൃശ്ചികം 15-ന് പരുമലയിൽ നിന്നും ചാത്തുരുത്തി മത്തായിക്ക് അയച്ച സ്വകാര്യ കല്പനയിൽ കാണുന്നു. 1892 കർക്കടകം 23-ന് പരുമല സെമിനാരിയിൽ നിന്നും അയച്ച കല്പനയിൽ വിശ്വാസസ്ഥിരതയ്ക്കും അറിവിന്നും തക്കതായ പുസ്തകങ്ങൾ തർജ്ജമ ചെയ്തും മറ്റും ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നു. 1878-ൽ നിരണത്തുനിന്നും ചാത്തുരുത്തി മത്തായിക്ക് അയച്ച കല്പനയിൽ 'നമ്മുടെ മട്ടന്മേൽ കുഞ്ഞുവർക്കി വശവും കോര ആശാൻ വശവും കുത്തിക്കെട്ടുവാൻ കൊടുത്തിരിക്കുന്ന സുറിയാനി ചെറിയ പുസ്തകങ്ങൾ ആയതിനു വേണ്ടുന്ന കെട്ടുകൂലി കൊടുത്ത് വാങ്ങിച്ച് ഉടനെ കൊടുത്തയയ്ക്കണം' എന്നു പറയുന്നു. സുറിയാനി ഗ്രന്ഥങ്ങളും അപൂർവ്വകൃതികളും പകർത്തി എഴുതിയും ബയന്റുചെയ്തും സൂക്ഷിക്കുന്നതിൽ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പരുമല തിരുമേനി നിരവധി സുറിയാനി കൃതികൾ തർജ്ജമ ചെയ്തിട്ടുണ്ട്. ആരാധനക്രമങ്ങളാണധികവും. മലങ്കര ഓർത്തഡോക്സ് സഭയുടെ *നമസ്കാര ക്രമം* സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തിയത് പരുമല തിരുമേനിയാണ്. ആരാധനക്രമങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിലും വൈദികരും ജനങ്ങളും അവ ഉപയോഗിക്കുന്നതിലും പരുമല തിരുമേനി പ്രത്യേകം പ്രോത്സാഹനം നൽകിയിരുന്നു. അച്ചടിച്ച ആരാധനക്രമങ്ങൾ പള്ളികളിൽ വാങ്ങണമെന്ന് കാണിച്ച് 1902 ജൂലൈ 9-ന് മല്ലപ്പള്ളി പുത്തൻപള്ളിയിൽ നിന്നും അയച്ച കല്പന:

'നല്ല കരതീർന്ന പുസ്തകങ്ങൾ ഉണ്ടായിട്ടും ചിലർ പിന്നേയും പഴയ കീറ്റു ക്രാസ്സുകളിൽ ആശ്രയിച്ചുംകൊണ്ട് അച്ചടി പുസ്തകം വാങ്ങാതിരിക്കുന്നതായി അറിയുന്നതിൽ നാം ഖേദിക്കുന്നു. ... കഴിയുമെങ്കിൽ എല്ലാ പട്ടക്കാർക്കും സ്വന്തമായിതന്നെ എല്ലാ പുസ്തകങ്ങളും കൈവശമുണ്ടായിരിക്കേണ്ടതാണ്. അല്ലെങ്കിൽ ചുരുങ്ങിയപക്ഷം പള്ളിവകയായി എല്ലാ ഇനത്തിലും ഒരോ പുസ്തകം പള്ളി കാര്യത്തിൽ നിന്നും വാങ്ങി സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതു അത്യാവശ്യമാകുന്നു. അതിനാൽ പുസ്തകങ്ങൾ വാങ്ങിയിട്ടില്ലാത്ത പള്ളിക്കാർ പള്ളികാര്യത്തിൽ നിന്നും വിലകൊടുത്തു വാങ്ങി പള്ളിവകയായി വെച്ചുകൊള്ളുകയും ചെയ്യണം.'

പുന്നൂസ് റമ്പാൻ (ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ) 1900-ൽ സുറിയാനിയിൽ നിന്നും *രഹസ്യ പ്രാർത്ഥനകൾ* മലയാളത്തിലേയ്ക്ക് ഭാഷാന്തരം ചെയ്യുന്നതിന് പരുമല തിരുമേനി പ്രത്യേകം പ്രോത്സാഹനം നൽകി. രഹസ്യ പ്രാർത്ഥനകളുടെ പരിഭാഷ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നൽകുകയും അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പരുമല തിരുമേനിക്ക് പുസ്തകങ്ങളോടുള്ള താൽപര്യം വളരെയായിരുന്നു.

പരുമല തിരുമേനിയുടെ 'എഴുത്തുകൾ' ആദ്യമായി സമാഹരിക്കുന്നത് 1980-ലാണ്. വ്യക്തമായ കുറിപ്പുകളോടും അനുബന്ധപഠനങ്ങളോടും ജീവചരിത്രലേഖനത്തോടുംകൂടി '*പവിത്രരചനകൾ*' എന്ന പേരിൽ ഇത് പ്രസിദ്ധീകരിച്ചത് ഡോ. സാമുവൽ ചന്ദനപ്പള്ളിയാണ്. '*പവിത്ര രചനകളിൽ*' പരുമല തിരുമേനിയുടെ എഴുത്തുകളുടെ സാഹിത്യമൂല്യം വിശദീകരിക്കുന്നു. പരുമല തിരുമേനിയുടെ എഴുത്തുകളിൽ പ്രധാനപ്പെട്ടതാണ് 'ഭക്തവചനം' എന്ന പ്രഭാഷണം. 1895-ൽ ഊർശ്ലേം സന്ദർശിച്ചു തിരിച്ചെത്തിയ പരുമല തിരുമേനിക്ക് പരുമല പൗരാവലി നൽകിയ സ്വീകരണത്തിൽ ചെയ്ത പ്രസംഗമാണ് ഭക്തവചനം. ഇതിൽ ആമുഖമായി ഊർശ്ലേം യാത്രയുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു. ക്രിസ്ത്യാനികൾ അടിയന്തര പ്രാധാന്യം നല്കി ചെയ്യേണ്ട കാര്യങ്ങൾ പിന്നീട് വിശദീകരിക്കുന്നു.

ദലിത് വിഭാഗങ്ങളുടെ വിമോചനം, ഇംഗ്ലീഷ് വിദ്യാഭ്യാസം, ആദ്ധ്യാത്മിക നവീകരണം എന്നിവ ഭക്തവചനം എന്ന പ്രഭാഷണത്തിൽ വ്യക്തമാക്കുന്നു. സാമൂഹിക ജീവിതത്തിന്റെ സമഗ്രമായ വിമോചനം ലക്ഷ്യമാക്കിയുള്ള പ്രവാചക ശബ്ദമാണിത്. കേരളത്തിലെ ദലിത് വിഭാഗങ്ങളുടെ സമഗ്രവിമോചനത്തിനായുള്ള ആദ്യത്തെ ഉജ്ജ്വലമായ പ്രഭാഷണമാണ് 'ഭക്തവചനം.' സമൂഹത്തിൽ ചവിട്ടിയരയ്ക്കപ്പെട്ട, മുറിയ്ക്കപ്പെട്ട, ശിഥിലീകരിക്കപ്പെട്ട ജനതയുടെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചുള്ള വലിയ ദർശനമാണിത്. ഈ പ്രഭാഷണം വായിക്കുമ്പോൾ ഒരു നൂറ്റാണ്ടിനു മുമ്പുള്ള പരുമല തിരുമേനിയുടെ ശബ്ദം നേരിട്ടു കേൾക്കുന്നതിനും പരുമല തിരുമേനിയുടെ ആത്മാവിലേക്ക് ഉയരുന്നതിനും സാധിക്കുന്നു.

പരുമല തിരുമേനിയുടെ കത്തുകളിൽ വാത്സല്യഭാവത്തിലുള്ള ധാരാളം കുറിപ്പുകൾ ഉണ്ട്. അതേസമയത്ത് ശാസനാരൂപത്തിലും കർക്കശ ഭാഷയിലും എഴുതുവാനും മടിച്ചിരുന്നില്ല. കത്തുകളിൽ പ്രതിപാദിച്ചിട്ടുള്ള പല വിവരണങ്ങളും ഇന്നും പ്രസക്തമായി നിലനിൽക്കുന്നു. ഇതാണ് പരുമല തിരുമേനിയെ ധിഷണാശാലിയായ മഹാത്മാവാക്കി തീർക്കുന്നത്. ഒരു നൂറ്റാണ്ടിനുമുമ്പ് പറഞ്ഞ പ്രബോധനങ്ങളും ആദ്ധ്യാത്മിക സൂക്തങ്ങളും ഇന്നും മഹത്തരമായി പ്രശോഭിക്കുമ്പോൾ പരുമല തിരുമേനിയിലെ നൈസർഗ്ഗിക പ്രതിഭ തിരിച്ചറിയുവാൻ സഹായിക്കുന്നു.

### നിരന്തരം എഴുതുവാനുള്ള സിദ്ധി

ശുദ്ധമായ മലയാള ഭാഷയിൽ പ്രാവീണ്യം പരുമല തിരുമേനിക്കുണ്ടായിരുന്നു. മൗനത്തിന്റെയും ധ്യാനത്തിന്റെയും നിസ്തുലമായ ധന്യമുഹൂർത്തങ്ങളിൽ രൂപപ്പെട്ട നിരവധി കൃതികൾ എഴുതിയിട്ടുണ്ടാവണം. ആരാധനാ ജീവിതത്തിന് ശേഷമുള്ള സമയങ്ങളിൽ നിരന്തരമായി എഴുതുവാനുള്ള സിദ്ധിയും സഹിഷ്ണുതയും പരുമല തിരുമേനിക്കുണ്ടായിരുന്നു. ഒരു ദിവസം പത്തും പതിനഞ്ചും 'കത്തുകൾ' വിവിധ സ്ഥലങ്ങളിലേക്ക് എഴുതി. ഡയറിക്കുറിപ്പുകൾ പതിവായി എഴുതി സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ ദിവസത്തെ ഡയറിക്കുറിപ്പിലും അയച്ചിട്ടുള്ള കല്പനകളെക്കുറിച്ചും അതിലെ ആശയത്തിന്റെ സംഗ്രഹത്തെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. അത്തരത്തിലുള്ള രണ്ടു ഡയറിക്കുറിപ്പുകളാണ് കോട്ടയം കാതോലിക്കേറ്റ് അരമന ലൈബ്രറിയിലും (ഇപ്പോൾ ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നു), തുമ്പമൺ സെയ്ന്റ് മേരീസ് കത്തീഡ്രലിലും കണ്ടെത്തിയത്.

'നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ എഴുത്തുകളുടെ നമ്പർ ബുക്ക്' എന്നാണ് പരുമല തിരുമേനി ഈ ഡയറിക്കുറിപ്പുകൾക്ക് പേരു നൽകിയിട്ടുള്ളത്. സൂക്ഷ്മ നിരീക്ഷണത്തിൽ ഇത് ഡയറിക്കുറിപ്പല്ല, പരുമല തിരുമേനി സ്വകാര്യമായും പൊതുവായും അയച്ചിട്ടുള്ള കത്തുകളുടെ സംഗ്രഹീത ആശയങ്ങൾ ഉൾക്കൊള്ളിച്ച നമ്പർ ബുക്കാണ്.

എന്നാൽ ഇതിൽ ചില ഹ്രസ്വവും ദീർഘവുമായ കല്പനകളുടെ വിവരണങ്ങളും ചില കല്പനകൾ പൂർണ്ണമായും ചിലത് ഭാഗികമായും എഴുതിയിട്ടുണ്ട്. അതിനാൽ ഇത്തരം ഡയറിക്കുറിപ്പുകൾക്ക് പ്രത്യേക സ്ഥാനമുണ്ട്. പരുമല തിരുമേനിയുടെ ഭാഷാശൈലിയെക്കുറിച്ച് പഠനം നടത്തുന്ന ഗവേഷകർക്കിതു അമൂല്യ രേഖകളായിത്തീരുന്നു.

### 1897-ലെ നമ്പർ ബുക്ക്

1897 മുതലുള്ള എഴുത്തുകളുടെ വിവരണങ്ങളാണിതിൽ. കൃത്യമായി പറഞ്ഞാൽ കന്നി 16 മുതൽ കർക്കിടകം 22 വരെയുള്ള ദിവസങ്ങളിൽ അയച്ച എഴുത്തുകളുടെ സംഗ്രഹീത കുറിപ്പുകളാണ്. ഈ നമ്പർ ബുക്കിൽ വർഷവും മാസങ്ങളും ക്രമനമ്പരും പ്രത്യേകം കോളങ്ങളിൽ എഴുതിയിട്ടുണ്ട്. പത്തു മാസത്തിനുള്ളിൽ 366 'കത്തുകൾ' അയച്ചിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. ഇവ പരിശോധിച്ചാൽ എല്ലാ ദിവസവും കത്ത് എഴുതുന്നതിനായി മാറ്റിവച്ചതായി കാണുന്നില്ല. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം എഴുത്തുകൾക്കായി ക്രമീകരിച്ചിരുന്നു. ഈ ഗ്രന്ഥത്തിലെ കണക്കുകൾ വിശകലനം ചെയ്താൽ 156 ദിവസംകൊണ്ട് 366 കത്തുകൾ എഴുതിയിട്ടുണ്ടെന്നു കാണാം.

'കത്തുകൾ'ക്കായി പ്രത്യേക സ്ഥലമോ സാഹചര്യങ്ങളോ പരുമലതിരുമേനി ആഗ്രഹിച്ചിരുന്നില്ല. ഇടവക സന്ദർശനം നടത്തുമ്പോഴും വിവിധ സ്ഥലങ്ങളിൽ താമസിക്കുമ്പോഴും 'കത്തുകൾ' അയയ്ക്കുന്നതിന് സമയം കണ്ടെത്തിയിരുന്നു. ഓരോ കത്തിലും അത് എവിടേക്ക് അയയ്ക്കുന്നുവെന്നും എവിടെ നിന്ന് അയയ്ക്കുന്നെന്നും വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേടം 14 മുതൽ പറവൂർ പള്ളിയിൽ താമസിച്ചപ്പോൾ അവിടെനിന്നും കോട്ടയം, കുന്നംകുളം, അങ്കമാലി, കണ്ടനാട് എന്നീ പ്രദേശങ്ങളിലെ വിവിധ ഇടവകകൾക്ക് കല്പന അയച്ചിട്ടുണ്ട്. വിവിധ ആളുകൾക്ക് സ്വകാര്യ കല്പനകളും ഇടയലേഖനങ്ങളും അയച്ചതിന്റെ കുറിപ്പുകളുമുണ്ട്.

### ഡയറിക്കുറിപ്പുകളിൽ പുതിയ വെളിച്ചം

ഒരു നൂറ്റാണ്ടിനുമുമ്പ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ഏതെല്ലാം പള്ളികൾ ഉണ്ടായിരുന്നു എന്നതിന്റെ വ്യക്തമായ ചിത്രങ്ങൾ ഈ ഡയറിക്കുറിപ്പുകളിൽ നിന്നും ലഭിക്കുന്നു. മേടം 24-ന് കോട്ടയത്തുനിന്നും താമരശ്ശേരിൽ ഗീവറുഗീസ് കത്തനാർക്ക് റീശീസാ പിരിക്കുന്നതിന്റെ കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് എഴുതിയ കല്പനയിൽ തെക്കൻ പ്രദേശത്തെ വിവിധ പള്ളികളുടെ പേരുകൾ എഴുതിയിട്ടുണ്ട്. തുമ്പമൺ, മൈലപ്ര, വാഴമുട്ടം, കുമ്പഴ, ചന്ദനപ്പള്ളി, കുടശ്ശനാട്, മാന്തളിർ, അറത്തിൽ, കടമ്പനാട്, പറക്കോട്, കലഞ്ഞൂർ, ശൂരനാട് കിഴക്കേപ്പള്ളി, തഴവാ, പുത്തൂർ, കൊട്ടാരക്കര, ചെങ്കുളം, മുഖത്തല, ആദിച്ചനല്ലൂർ, ചാത്തന്നൂർ, കുണ്ടറ, കുണ്ടറ പുത്തൻപള്ളി, പെരിനാട്, വെൺമണി പുത്തൻപള്ളി എന്നിവ പ്രത്യേകം പരാമർശിക്കുന്നു. ഇടവകപള്ളികളുടെ ചരിത്രം അന്വേഷിക്കുന്നവർക്ക് പരുമല തിരുമേനിയുടെ ഇത്തരം ഡയറിക്കുറിപ്പുകൾ പുതിയ വെളിച്ചം പകരും.

പള്ളികളിൽ ഇന്നത്തെപ്പോലെ ഗ്രൂപ്പിസവും പടലപ്പിണക്കങ്ങളും സാമ്പത്തിക കാര്യങ്ങളിൽ ക്രമക്കേടുകളും ഉള്ളതായി ഡയറിക്കുറിപ്പ് വെളിപ്പെടുത്തുന്നു. മാവേലിക്കര പുതിയകാവ് പള്ളിയിൽ നിന്നും 1897 ഇടവം 26-ന് (ക്രമനമ്പർ 266) കുടശ്ശനാട് പള്ളിക്കാർക്ക് എഴുതിയത്:

'കുറേനാളായി ആ പള്ളിയിൽ മുതൽപിടിവേല നടത്തിപ്പിൽ ഉണ്ടായിരുന്ന കുഴപ്പം നിമിത്തം പള്ളിക്കു വളരെ നഷ്ടങ്ങളും ജനത്തിന് സമാധാനലംഘനങ്ങളും നേരിട്ടിരിക്കുന്നതിൽ ഞങ്ങൾ വളരെ വ്യസനത്തിൽ ഇരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ ഒരുമ്പെട്ടു ഒരു കരാർ എഴുതി ഒപ്പിട്ട അതുപ്രകാരം സന്തോഷപൂർവ്വം നടക്കുന്നു എന്നറിയിക്കുകയും ടി കരാർ ഇവിടെ ഹാജരാക്കി കാണിക്കുകയും ചെയ്തതിൽ അത്യന്തം സന്തോഷമായിരിക്കുന്നു. മേലാൽ അതുപ്രകാരം തന്നെ വീഴ്ച കൂടാതെ ക്രമമായും കർത്താവിൽ ഐക്യതയാലും നടന്നും നടത്തിച്ചും കൊള്ളുകയും വേണം.'

പള്ളി ഭരണത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പരുമല തിരുമേനി ആ പള്ളികളിൽ എത്തി താമസിക്കുകയും പ്രശ്നക്കാരെ നേരിൽകണ്ട് ഉപദേശിക്കുകയും ചെയ്തിരുന്നു. ഇടവകകളോടും വ്യക്തികളോടും പ്രത്യേകമായ താല്പര്യവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. പരുമല തിരുമേനിയുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഫൈനൽ വാക്കുകളായി അന്നത്തെ ജനങ്ങൾ സ്വീകരിച്ചിരുന്നു.

### കുടുംബബന്ധം പരിരക്ഷിക്കണം

പള്ളിഭരണത്തിൽ മാത്രമല്ല കുടുംബപ്രശ്നങ്ങളിലും പരുമല തിരുമേനി ഉത്തമ നിർദ്ദേശങ്ങൾ നൽകി കല്പന അയച്ചിട്ടുള്ളതായി ഈ ഡയറിക്കുറിപ്പുകളിൽ വിവരണങ്ങളുണ്ട്. '.... ദൈവം ഇണ ചേർത്തതു മനുഷ്യൻ വേർതിരിക്കരുത് എന്നുള്ള കല്പന പോലെ ദൈവത്തെ ഭയന്ന് ആ ഭർത്താവ് ഇവളെ കൊണ്ടുപോയി മര്യാദയ്ക്കു ദൈവകല്പന പോലെ താമസിപ്പിക്കാൻ തക്കവണ്ണം പറഞ്ഞു തീർച്ചപ്പെടുത്തി യോജിപ്പിച്ച് വിട്ടയയ്ക്കുന്നു' (കർക്കിടകം 21, നമ്പർ 365). കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണത്തിൽ പരുമല തിരുമേനി അതീവ ദുഃഖം പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബബന്ധം തീവ്രമായി പാലിക്കണമെന്ന് കർക്കശമായ ഭാഷയിൽ എഴുതുവാനും നിർബന്ധിതമായിട്ടുണ്ട്.




ഒരു നൂറ്റാണ്ടിനുമുമ്പേ കേരളത്തിലെ പള്ളികളിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ നുഴഞ്ഞുകയറ്റം ആരംഭിച്ചിരുന്നു. ഓർത്തഡോക്സ് വിശ്വാസത്തിന് വിരുദ്ധമായി എത്തുന്നവരേക്കുറിച്ച് പരുമല തിരുമേനി: 'ഉപദേശികളെന്നും പറഞ്ഞ് വരുന്ന മതവിരോധികളെക്കൊണ്ടും; കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പ്, നമസ്കാരം, കുരിശുവര, കുമ്പിടീൽ, കുർബ്ബാന, കുമ്പസാരം, മാമോദീസാ, രോഗികൾക്കു സൈത്തു പൂശൽ മുതലായ കർമ്മങ്ങളും തമ്പുരാനെ പെറ്റമ്മയോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളും മറ്റും നിസ്സാരമെന്നു വച്ചു അവയെ ആചരിക്കാതെ നിന്ദിക്കുന്ന കള്ള ഉപദേഷ്ടാക്കളെക്കൊണ്ടും പള്ളിയിൽ വെച്ചോ നിങ്ങളുടെ കൂട്ടത്തിൽവെച്ചോ പ്രസംഗിപ്പിക്കുകയൊ അവരുടെ ഉപദേശം കേൾക്കുകയോ ചെയ്തു പോകരുത്. അങ്ങിനെയുള്ളവർ വഞ്ചകന്മാരാകയാൽ അവർക്കു നിങ്ങളിൽ സ്ഥലം കൊടുക്കയുമരുത്. എന്നാൽ ആരെങ്കിലും അനുസരണം വിട്ടു ഇതിനു എതിർത്തു പ്രവൃത്തിക്കുന്നതായി കാണപ്പെട്ടാൽ അവനെ നമ്മുടെ കൂട്ടത്തിൽ അന്യനായി വിചാരിച്ചുകൊള്ളുകയും വേണം' (മകരം 23, നമ്പർ 119). സത്യവിശ്വാസത്തിനു വിരുദ്ധരായി എത്തുന്നവർക്കു കഠിനമായ താക്കീതാണിത്. ഒരു ഇടവകയുടെ സകല ചലനങ്ങളിലും സൂക്ഷ്മമായ 'ഇടയപരിപാലനം' നടത്തിയ വിശുദ്ധിയുടെ ജീവിതക്രമമാണ് ഈ ഡയറിക്കുറിപ്പുകളിൽ നിന്നും ലഭ്യമാകുന്നത്.

പരുമല തിരുമേനിക്ക് സൂക്ഷ്മതയോടുകൂടിയ ഭരണപാടവം ഇടവകതലങ്ങളിലേക്ക് സംക്രമിപ്പിക്കുവാനും ജനങ്ങളിൽ നിന്നും ഉൾക്കൊള്ളുവാനും കഴിഞ്ഞിരുന്നു. ഇടയ പരിപാലനത്തിന്റെ കർമ്മമണ്ഡലങ്ങളിൽ പരുമല തിരുമേനി പരിപൂർണ്ണമായും പ്രതിബദ്ധത പുലർത്തിയിരുന്നു.

### 1895-ലെ നമ്പർ ബുക്ക്

പരുമല മാർ ഗ്രീഗോറിയോസ് ഊർശ്ലേം യാത്ര നടത്തിയ 1895-ലെ 'കല്പനകളുടെ നമ്പർ ബുക്ക്' തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്നു. ഊർശ്ലേമിലേക്ക് കപ്പൽ കയറുന്ന കാര്യത്തെക്കുറിച്ച് ബോംബെയിൽ നിന്നും എഴുതിയ കത്തിനെക്കുറിച്ചുള്ളതാണ് ആദ്യത്തെ വിവരണം. ബോംബെയിൽ എത്തിയതും തുടർന്നുള്ള യാത്രയെ സംബന്ധിച്ചും 'മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ, മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, മാർ അൽവാറീസ് മെത്രാപ്പോലീത്താ എന്നിവർക്കും മറ്റ് 20 പേർക്കും' കത്ത് അയച്ചതിനെക്കുറിച്ച് എഴുതിയിരിക്കുന്നു.

ഇതിലെ നാലാമത്തെ കത്തിന്റെ വിവരണം ഊർശ്ലേമിലെ മർക്കോസിന്റെ ദയറായിൽ നിന്നും എഴുതിയതാണ്. മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്കും മറ്റ് ഏഴു പേർക്കും 'വിശുദ്ധ ഊർശ്ലേമിൽ എത്തി വിശുദ്ധ കബറിടം മുതലായ സ്ഥലങ്ങൾ കണ്ട വിവരത്തിന് എഴുതി അയച്ചു.'

മലയാള സാഹിത്യത്തിൽ 'കത്തുകളുടെ' സാഹിത്യമൂല്യം അധികം പഠന വിധേയമാക്കിയിട്ടില്ല. അസാധാരണ വ്യക്തിപ്രഭാവമുള്ളവർ എഴുതിയ

കത്തുകൾ അനന്തര തലമുറയ്ക്കായി സമാഹരിച്ച് പ്രസിദ്ധീകരിക്കാവുന്നതാണ്. കത്തുകൾ വ്യക്തികൾ തമ്മിലുള്ള ആശയസംവേദനമാണ്. ഇതിൽ വ്യക്തിത്വവും ആത്മാർത്ഥതയും പ്രതിഫലിക്കും.

വ്യക്ത്യാന്തര ബന്ധങ്ങളെ പവിത്രീകരിക്കുവാനും സുരഭിലമാക്കുവാനുമുള്ള ആചാര്യസൂചനകളായിരുന്നു പരുമല തിരുമേനിയുടെ കത്തുകൾ. എല്ലാ കത്തുകളിലും ഒരു ആത്മീയ ഗുരുവിന്റെ സ്വരം മുഴങ്ങുന്നു. സ്വകാര്യ കത്താണെങ്കിലും അവയ്ക്ക് സാർവ്വത്രിക സ്വഭാവമുണ്ട്.

പരുമല തിരുമേനിയുടെ നമ്പർ ബുക്കുകൾ പരിശോധിക്കുമ്പോൾ വിവിധ ദേശത്തേക്കും വ്യക്തികൾക്കും നിരവധി എഴുത്തുകൾ അയച്ചതായി കാണുന്നു. ഒരു വിഷയം തന്നെ പലർക്കും എഴുതിയിരുന്നു. വൈദികരോടും, വ്യക്തികളോടും ഉറ്റബന്ധം പുലർത്തിയിരുന്നതിന് തെളിവാണ് പരുമല തിരുമേനി എഴുതിയ കത്തുകൾ.

1895-ലെ 135-ാം നമ്പർ കുറിപ്പിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നു: 'കരിങ്ങാട്ടിൽ സ്ക്കറിയാ കത്തനാർക്കും താനുവേലിൽ ഗീവറുഗീസ് കത്തനാർക്കും കപ്യാരു മാത്തന്റെ കല്യാണ സംഗതിക്കു എഴുതി അയച്ചു.'

കത്തുകൾ അയച്ചു എന്നതിന് 'എഴുതി അയച്ചു' എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. ട്രസ്റ്റിക്ക് 'മുതൽപിടിക്കാരൻ' വൃദ്ധന് 'മൂപ്പൻ', 'മൂപ്പീൻ' എന്നും കോർഎപ്പിസ്കോപ്പായ്ക്ക് 'കോറി' എന്നും കല്പനയ്ക്കു 'സാധനം' എന്നും പ്രയോഗിച്ചിരുന്നു. എഴുത്തുകളിലെ അഭിസംബോധന 'പ്രിയമുള്ളവരെ' എന്നാണ്.

പരുമല തിരുമേനിയുടെ സ്വകാര്യ കത്തുകളിൽ പോലും സഭയെക്കുറിച്ചും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചുമുള്ള വ്യക്തമായ ഉപദേശങ്ങൾ പഠിപ്പിക്കുന്നു. 1901 ജൂലൈ 16-ന് ചെറിയ കുര്യയ്ക്കു എഴുതിയ കത്തിൽ സഹോദരപ്രീതിയെക്കുറിച്ച് പറയുന്നു: 'സഹോദരന്മാർ തമ്മിൽ ഒരിക്കലും വഞ്ചന പെരുമാറരുത്. ഐക്യതയിൽ നിന്നു വിട്ടകലുംതോറും ദൈവത്തിൽ നിന്നും വിട്ടകലും. നിശ്ചയമാണ്.'

കുടുംബബന്ധങ്ങളെക്കുറിച്ച് നിരവധി കാര്യങ്ങൾ കത്തുകളിലുണ്ട്. 'നമ്മുടെ കുടുംബത്തിലെ വൃദ്ധന്മാരും വൃദ്ധ സ്ത്രീകളും ആയിരിക്കുന്ന കാർന്നവന്മാരെ പോഷിപ്പിക്കുന്നതും അവരെ സന്തോഷിപ്പിക്കുന്നതും നമുക്കു വലുതായ ഒരു നിക്ഷേപമാകുന്നുയെന്നും ഓർക്കണം.'

പരുമല തിരുമേനിയുടെ സ്വകാര്യ കല്പനകളിൽ, തന്നെ അമ്മയെപ്പോലെ സംരക്ഷിച്ച മൂത്ത സഹോദരി മറിയത്തെ പ്രത്യേകം സ്നേഹാന്വേഷണം അറിയിച്ചിരുന്നു. 'ഈ എഴുത്തു പെങ്ങളേയും കാണിച്ചുകൊ ള്ളണം' എന്നും 'കൊച്ചുപെങ്ങളേയും ഈ എഴുത്തു നീ തന്നെ കാണിച്ചു പ്രത്യേകമായി പറഞ്ഞു കൊള്ളണമെന്നും' പരുമല തിരുമേനി ചാത്തുരുത്തി കൊച്ചുമാത്തുവിന് എഴുതിയ കത്തുകളിൽ പറഞ്ഞിരിക്കുന്നു.

പരുമല തിരുമേനിയുടെ ഡയറിക്കുറിപ്പിൽ നിന്നും 'കത്തുകൾ' നാട്ടിലേക്ക് മാത്രമല്ല വിദേശത്തേക്കും അയച്ചതായി കാണുന്നു. 1897 മിഥുനം 9-ന് നിരണം പള്ളിയിൽ നിന്നും, അമേരിക്കയിൽ നിന്നും വന്ന എഴുത്തിന് മറുപടി അയച്ചതായി (നമ്പർ 292) കാണുന്നുണ്ട്. സ്വദേശത്തും വിദേശത്തും ഉള്ളവരുമായി ഇടയ പരിപാലനത്തിൽ സുദൃഢമായ വ്യക്തിബന്ധം സൃഷ്ടിക്കുന്നതിന് പരുമല തിരുമേനിക്ക് സാധിച്ചിട്ടുണ്ട്.

പരുമല തിരുമേനിയുടെ ഡയറിക്കുറിപ്പുകൾ ഭാഷാ - ചരിത്ര വിദ്യാർത്ഥികൾക്ക് വിജ്ഞാനശേഖരങ്ങളായിത്തീരുന്നു.

1. പരുമല തിരുമേനിയുടെ ഡയറിക്കുറിപ്പുകളിലെ ഭാഷാശൈലിയും പ്രയോഗങ്ങളും പ്രത്യേകം പഠനം അർഹിക്കുന്നു. പദഘടനക ളിലെ രൂപഭാവപരിണാമങ്ങൾ ശ്രദ്ധേയമാണ്.
2. ഒരു നൂറ്റാണ്ടിനു മുമ്പ് കേരളത്തിലെ പള്ളികളുടെ ചരിത്രങ്ങളും സാക്ഷ്യങ്ങളും വ്യക്തമായി ഇതിൽ തെളിഞ്ഞുനിൽക്കുന്നു.
3. ഓർത്തഡോക്സ് വിശ്വാസത്തോടും അവ പാലിക്കേണ്ടതിന്റെ ആവശ്യകതയോടും പരുമല തിരുമേനി പുലർത്തിയ സമീപനവും ദർശനവും എഴുത്തുകളിൽ നിന്നും ലഭ്യമാകുന്നു.
4. ഒരു നൂറ്റാണ്ടിനുമുമ്പ് ഇടവകഭരണം (ഭദ്രാസന ഭരണം) വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തിയതിൽ പരുമല തിരുമേനി ആവിഷ്കരിച്ച മാർഗ്ഗങ്ങളെപ്പറ്റിയും ഇതിലൂടെ വ്യക്തമാകുന്നു.
5. മലയാള ഭാഷാ ഗദ്യത്തിന്റെ വികാസപരിണാമങ്ങൾ അന്വേഷിക്കുന്ന ഗവേഷകർക്ക് ഇതിലെ രചനാശൈലികൾ പുതിയ വെളിച്ചം പകരുന്നു.

### ഉപസംഹാരം

പരുമല മാർ ഗ്രീഗോറിയോസിന്റെ എഴുത്തുകൾ അനവധിയാണ്. കല്പനയും ഡയറിക്കുറിപ്പുകളും സംഗ്രഹിച്ച കല്പനക്കുറിപ്പുകളും ഇതിൽപ്പെടും. പലതും ഇനിയും സമാഹരിക്കുവാൻ ഉണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഈ അപൂർവ്വ രചനകൾ സമ്പൂർണ്ണമായി സമാഹരിക്കപ്പെടണം. മലയാള ഗദ്യഭാഷയുടെ വികാസപരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമല മാർ ഗ്രീഗോറിയോസിന്റെ എഴുത്തുകൾ അമൂല്യ രേഖകളാണ്. കല്പനക്കുറിപ്പുകളും എഴുത്തുകളും മലയാളഭാഷയ്ക്ക് പുതിയ വരപ്രസാദം ആകുന്നു. പരുമല തിരുമേനിയുടെ ജീവിതവും സാക്ഷ്യവും അന്വേഷിക്കുന്ന ഗവേഷകർക്ക് ഇതിലെ എഴുത്തുകളും ദർശനങ്ങളും പുത്തൻ വെളിച്ചം പകരുന്നു.

പരുമല തിരുമേനിയെ സ്നേഹിക്കുന്ന എല്ലാ ഭക്തർക്കും അദ്ദേഹത്തിന്റെ എഴുത്തുകളും രചനകളും വായിക്കുവാനും പഠിക്കുവാനുമുള്ള സന്മനസ്സുണ്ടാകണം. ഭാഷാസാഹിത്യചരിത്രത്തിൽ പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകൾക്ക് അംഗീകാരം ലഭ്യമായിക്കഴിഞ്ഞു. പഠനഗവേഷണങ്ങൾക്ക് അനുബന്ധ വായനയാണ് ഇപ്പോൾ കണ്ടെത്തി പ്രകാശനം ചെയ്യുന്ന ഈ കല്പനക്കുറിപ്പുകൾ. മലയാളത്തിന്റെ സൂര്യതേജസ്സായ പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകളിലെ ദർശനം ഏവരേയും വിശുദ്ധിയിലേക്ക് നയിക്കട്ടെ.

❑

## മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു

171. ... മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വളരെ ദൈവഭക്തനും ജനസമ്മതനുമായി നിരണം ഇടവകയെ ഭരിച്ചു വരുമ്പോൾ മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മരണശേഷം തുമ്പമൺ ഇടവകയും പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം ഇദ്ദേഹത്തെ ഏല്പിക്കുകയും അതോടുകൂടി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളു .... ഇദ്ദേഹം നല്ല ഒരു ദൈവഭക്തനും, നോമ്പ്, നമസ്കാരം മുതലായി കാനോനായ്ക്കടുത്ത എല്ലാ സംഗതികളിലും വളരെ നിഷ്കർഷതയുള്ളവനും സാമാന്യം നല്ല പ്രസംഗിയും സുറിയാനി ഭാഷയിലും വേദഅറിവിലും നിപുണനും ജനങ്ങളാൽ ഒട്ടുക്കു സമ്മതനും ആയിരുന്നു. വലിയ ധാരാളിയല്ലായിരുന്നു. ദ്രവ്യം മിതമായി വ്യയം ചെയ്യുന്നവനായിരുന്നു. മരിക്കുമ്പോൾ 55 വയസ്സിൽ അധികമില്ല. ദേഹം ശോഷിച്ചയാൾ ആയിരുന്നു. .......യദൈർഘ്യം കുറവില്ല. നീണ്ട താടിയുണ്ടായിരുന്നു. ശുദ്ധ കറുപ്പും ശുദ്ധ വെള്ളയുമല്ലാത്ത ഇരുനിറ മുഖം. ഇദ്ദേഹത്തിന്റെ 30-ാം ദിവസ അടിയന്തിരം എല്ലാ പള്ളികളിൽ നിന്നും അരിയും സാമാനങ്ങളും വരുത്തി പരുമലെ വച്ചു ഭംഗിയായി നടത്തി.

... 173. കഴിഞ്ഞുപോയ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു പകരം മെത്രാൻസ്ഥാനത്തു ആളിനെ നിശ്ചയിക്കാനായി അദ്ദേഹത്തിന്റെ 30-ാം ദിവസമടിയന്തിരത്തിനു പരുമല ഒരു യോഗം കൂടിയതിൽ മല്ലപ്പള്ളി ഇടവകയിൽ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും വാഴിക്കണമെന്നു പലരും അഭിപ്രായപ്പെട്ടു എങ്കിലും ഒടുവിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ യുക്തംപോലെ ആരെയെങ്കിലും തിരഞ്ഞെടുക്കുന്നതു സമ്മതമെന്നു തീർച്ചപ്പെടുത്തി.

174. മേൽ 163-ാം വകുപ്പിൽ പറയുന്ന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മരണശേഷം അദ്ദേഹത്തിന്റെ നാമത്തിൽ വളരെ കാഴ്ചനേർച്ചകളും വഴിപാടുകളും പരുമല പള്ളിയിൽ വന്നുകൊണ്ടിരിക്കുന്നു. ഈ പിതാവിന്റെ നാമത്തിൽ പ്രാർത്ഥിക്കയും വഴിപാട് നേരുകയും ചെയ്യുന്ന എല്ലാവർക്കും ആശ്ചര്യകരമായവിധത്തിൽ ഫലം കണ്ടുവരുന്നുമുണ്ട്.

(ഇടവഴിക്കൽ നാളാഗമത്തിൽ നിന്നും)

# കടവിൽ മാർ അത്താനാസ്യോസ്: കർമ്മശേഷിയുടെ കാതൽ

## ഡോ. എം. കുര്യൻ തോമസ്

പാണ്ഡിത്യവും ഭരണശേഷിയും കൈമുതലായിരിക്കുക. മൊത്തം മൂന്നു ദശാബ്ദക്കാലം മികച്ച രണ്ടു ഭദ്രാസനങ്ങളുടെ പ്രഗൽഭനായ സാരഥിയായിരിക്കുക. മലങ്കരസഭയുടെ മൂന്നു ഭാവി മേലദ്ധ്യക്ഷന്മാരെ പൗരോഹിത്യത്തിലേയ്ക്കു കൈപിടിച്ചുയർത്തുക. ഒരു മഹാപരിശുദ്ധനെ കണ്ടെത്തി സഭയ്ക്കായി ആദായപ്പെടുത്തുക. ഇവയൊക്കെയും ചെയ്തിട്ടും ചരിത്രത്തിന്റെ വിസ്മൃതകോടിയിൽ തള്ളപ്പെടുക. ഈ ദൗർഭാഗ്യത്തിനിരയായ വ്യക്തിത്വമാണ് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തായുമായിരുന്ന കടവിൽ മാർ അത്താനാസ്യോസാണ് മലങ്കരസഭയിലെ രണ്ടും, മൂന്നും, നാലും കാതോലിക്കാമാരായ പ. വാകത്താനത്തു ബാവാ, പ. കല്ലാശ്ശേരിൽ ബാവാ, പ. ഔഗേൻ ബാവാ എന്നിവർക്ക് ആദ്യപട്ടങ്ങൾ നൽകിയത്. പ. വാകത്താനത്തു ബാവായ്ക്ക് കോറൂയോ മുതൽ റമ്പാൻ വരെയുള്ള എല്ലാ സ്ഥാനങ്ങളും നൽകിയതും ഇദ്ദേഹമാണ്. ഒരു സാധാരണ ഗ്രാമീണ ബാലനായിരുന്ന പ. പാമ്പാടി തിരുമേനിയിലെ ദൈവീകത്വം കണ്ടെത്തി സഭാനേതൃത്വത്തിലേയ്ക്ക് വിളിച്ചടുപ്പിച്ചതും കടവിൽ മാർ അത്താനാസ്യോസാണ്. തനിക്ക് ലഭിച്ച കോട്ടയം ഭദ്രാസനത്തിലെ ഒരു പള്ളിപോലും നവീകരണക്കാരുടെ കയ്യിൽ അകപ്പെടാതെ സൂക്ഷിക്കുന്നതിലും അദ്ദേഹം വിജയിച്ചു. എങ്കിലും സഭാചരിത്രത്തിൽ അദ്ദേഹം ശ്രദ്ധിക്കപ്പെടാതെ പോയത് താൻ വളർത്തിയെടുത്തതും കബറടങ്ങിയതുമായ ആലുവാ തൃക്കുന്നത്തു സെമിനാരിയെ ബാധിച്ച ദുര്യോഗം കൊണ്ടാകാം.

വ്യക്തിപരമായി യോഗ്യനെങ്കിലും മലങ്കരസഭയുടെ തിരഞ്ഞെടുപ്പോ സമ്മതമോ കൂടാതെ മെത്രാൻ സ്ഥാനത്തെത്തിയ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് മലങ്കര മെത്രാനെ ഒഴിവാക്കിയുള്ള പാത്രിയർക്കീസിന്റെ ഭരണരീതിയോടായിരുന്നു ആഭിമുഖ്യം. എന്നാൽ പത്രോസ് പാത്രിയർക്കീസിന്റെ മടക്കയാത്രയ്ക്കു തൊട്ടുപിന്നാലെ വെട്ടിക്കൽ ദയറായിൽ കൂടിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മലങ്കര മെത്രാനെ മേൽസ്ഥാനിയായി അംഗീകരിച്ചതും മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടാൻ തീരുമാനിച്ചതും കടവിൽ മാർ അത്താനാസ്യോസിന് മനസ്സില്ലാമനസ്സോടെ അംഗീകരിയ്ക്കേണ്ടി വന്നു. തന്റെ അതൃപ്തി കടവിൽ മാർ അത്താനാസ്യോസ് പരസ്യമായി പ്രകടിപ്പിച്ചു എന്നത് നവീകരണവിഭാഗം ഈ വസ്തുതയെ കേസ്സിൽ ഉന്നയിക്കാൻ ശ്രമിച്ചു എന്നതിൽനിന്നും വ്യക്തമാണ്. 1889-ൽ നവീകരണവിഭാഗവുമായുള്ള വ്യവഹാരം അവസാനിച്ചശേഷം മാനേജിംഗ് കമ്മറ്റി എടുത്ത പല കർശന തീരുമാനങ്ങളും പാത്രിയർക്കീസിന്റെ *ഏകനായകത്വവും* അതിനോട് കടവിൽ മാർ അത്താനാസ്യോസിനുള്ള പ്രതിപത്തിയും വ്യക്തമാക്കുന്നവയാണ്. എന്നാൽ മാനേജിംഗ് കമ്മിറ്റിയുടെ കർശന നിലപാടുകളും പ. പരുമല തിരുമേനിയെപ്പോലുള്ളവരുടെ പിൻതുണയും മലങ്കര മെത്രാനെ കൂടുതൽ ശക്തനാക്കുകയും പാത്രിയർക്കീസിനെ *വേദതലവനായി* ഒതുക്കുന്നതുമാണ് ഈ കാലത്ത് സംഭവിക്കുന്നത്.

### ഇടവക ഭരണം

പൊതുസഭയുടെ ഭരണം ഈ വിധത്തിൽ സംഘർഷഭരിതമായിരുന്നെങ്കിലും കോട്ടയം ഇടവക മെത്രാൻ എന്ന നിലയിൽ കടവിൽ മാർ അത്താനാസ്യോസ് തികഞ്ഞ വിജയമായിരുന്നു. 1889-ലെ റോയൽകോർട്ടു വിധിവരെ നവീകരണവിഭാഗത്തിന്റെ കേന്ദ്രമായിരുന്ന പഴയസെമിനാരിക്കു സമീപസ്ഥമായ കോട്ടയം ഇടവകയെ വീണ്ടെടുക്കാൻ ഭഗീരഥപ്രയത്നം ആവശ്യമായിരുന്നു. കടവിൽ മാർ അത്താനാസ്യോസ് അതിൽ ഏതാണ്ട് പൂർണമായും വിജയിച്ചു. ഏതാനും ആളുകൾ വേറെ പള്ളി വെച്ചുമാറിയെങ്കിലും ദേവാലയങ്ങളെല്ലാം വീണ്ടെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.




ഇവിടെ *കോട്ടയം ഇടവകയെ വീണ്ടെടുക്കുക* എന്നതിനെ *നവീകരണത്തിന്റെ* പ്രാദേശിക മാനങ്ങളുടെ മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ വേണം പരിഗണിക്കാൻ. നവീകരണവിഭാഗം തലവൻ തോമസ് അത്താനാസ്യോസിനെ പിൻതുണച്ചിരുന്ന ഇടവകപട്ടക്കാരെയും തദ്വാര അവരെ പിൻതുണയ്ക്കുന്ന ജനങ്ങളെയും, തന്റെയും അതുവഴി ഔദ്യോഗിക സഭാകേന്ദ്രത്തിന്റെയും അധികാരപരിധിയിലാക്കുക എന്നതായിരുന്നു ഈ വീണ്ടെടുക്കൽ.

തികച്ചും തന്ത്രപരമായ ഒരു സമീപനമാണ് കടവിൽ മാർ അത്താനാസ്യോസ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഔദ്യോഗിക പക്ഷത്തിന് പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പള്ളിവച്ചു ആരാധനാ സ്വാതന്ത്ര്യം ഉറപ്പാക്കി. മണർകാട് പള്ളിയിലെ നടപടി മാത്രം ഉദാഹരണമായി എടുക്കാം. നവീകരണവിഭാഗത്തെ പിൻതുണച്ചിരുന്ന ഇടവക പട്ടക്കാർക്ക് അവിടെ ഭൂരിപക്ഷമുണ്ടായിരുന്നതിനാൽ തന്നെ പിന്തുണയ്ക്കുന്നവർക്കായി തൊട്ടുചേർന്ന് മറ്റൊരു പള്ളിവെച്ചു. കൂടാതെ ഏതാനും കിലോമീറ്റർ ദൂരെ അമയന്നൂരിൽ മറ്റൊരു ചാപ്പലും സ്ഥാപിച്ചു. മണർകാട് പള്ളി കൈവശം ലഭിച്ചതോടെ അവിടുത്തെ പുതിയപള്ളി മണർകാടുപള്ളിയുടെ ചാപ്പലും (ഇന്ന് മണർകാട് കരോട്ടെ പള്ളി)

അമയന്നൂരെ ചാപ്പൽ വടക്കൻമണ്ണൂർ പള്ളി എന്ന സ്വതന്ത്ര ഇടവകയുമായി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി തന്റെ ഭരണാവസാനമായപ്പോഴേയ്ക്കും കോട്ടയം ഭദ്രാസനത്തിൽ 16 പുതിയ ഇടവകകൾ കൂടി രൂപീകൃതമായിരുന്നു.

1891-ൽ അമ്പാട്ട് മാർ കൂറിലോസ് കാലം ചെയ്തതിനെത്തുടർന്നാണ് അങ്കമാലി ഭദ്രാസനത്തിന്റെ ഭരണം കടവിൽ മാർ അത്താനാസ്യോസ് ഏറ്റെടുക്കുന്നത്. എന്നാൽ കോട്ടയം ഭദ്രാസന ഭരണംപോലെ സുഗമമായിരുന്നില്ല അങ്കമാലി ഭദ്രാസനഭരണം എന്നാണ് സമകാലിക രേഖകൾ സൂചിപ്പിക്കുന്നത്. മാർ മാത്യൂസ് അത്താനാസ്യോസിന്റെ ഉരുക്കുമുഷ്ടി ഭരണത്തിൽനിന്നും ഏതാണ്ട് വിമുക്തമായിരുന്ന ഈ ഇടവകകൾക്ക് ഒരു നിയമവിധേയ സമൂഹമാവുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. അക്കാലത്തെ *ഇടവക പത്രിക*യിലെ പരാമർശനങ്ങളനുസരിച്ചാണെങ്കിൽ *അർത്ഥം കിടുകിടുക്കുന്ന* ആ ഇടവകകൾക്ക് ഭരിക്കപ്പെടാൻ താല്പര്യവുമില്ലായിരുന്നു.

കടവിൽ മാർ അത്താനാസ്യോസിന്റെ ഭദ്രാസന ഭരണത്തിലെ ശ്രദ്ധേയമായ ഒരു സംഗതി വികാരി ജനറാൾമാരുടെ നിയമനമാണ്. കോട്ടയം ഇടവകയിൽ ഉപ്പൂട്ടിൽ യാക്കോബ് കത്തനാരും അങ്കമാലിയിൽ കോനാട്ടു മാത്തൻ മല്പാനുമായിരുന്നു ഈ സ്ഥാനം വഹിച്ചിരുന്നത്. കൊല്ലവർഷം 1028 കുംഭം 2-നു പാസാക്കിയ *ചട്ടവര്യോല*പ്രകാരം സഞ്ചാര വികാരിമാരെ നിയമിക്കേണ്ടതാണെങ്കിലും ഇതിനു മുമ്പോ പിമ്പോ മറ്റാരും അപ്രകാരം ചെയ്തതായി കാണുന്നില്ല.

പ്രായവും രോഗവും അലട്ടിയ അവസാനകാലമായപ്പോഴേയ്ക്കും ആലുവായിലെ പൊതുസ്ഥലത്തിന്റെ - തൃക്കുന്നത്തു സെമിനാരിയുടെ - പൂർത്തീകരണത്തിലായി കടവിൽ മാർ അത്താനാസ്യോസിന്റെ മുഖ്യശ്രദ്ധ. പക്ഷേ, അതു പൂർണ്ണമാക്കാൻ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി അനുവദിച്ചില്ല. എങ്കിലും തന്റെ ഐഹിക സമ്പാദ്യങ്ങൾ ഏതാണ്ടു പൂർണമായും തൃക്കുന്നത്തു സെമിനാരിയ്ക്കു ഒസ്യത്ത് എഴുതിവെച്ച് ആ സ്ഥാപനത്തിന്റെ മുമ്പോട്ടുള്ള ഗതിക്ക് മാർഗ്ഗമുണ്ടാക്കി.

ഒരുകാര്യം വ്യക്തമാണ്. മലങ്കരസഭയ്ക്ക് സമഗ്ര സംഭാവനകൾ നൽകിയ അപൂർവം മേല്പട്ടക്കാരുടെ ഗണത്തിൽ പേരെഴുതപ്പെടാൻ തികച്ചും യോഗ്യനാണ് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

# കടവിൽ മാർ അത്താനാസ്യോസിന്റെ ഒരു കല്പന

### ദൈവകാരുണ്യത്താൽ മലങ്കരെ, അങ്കമാലി, കോട്ടയം ഇടവകകളുടെ മാർ പൌലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

### (മുദ്ര)

നമ്മുടെ കുറുപ്പുമ്പടി പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരരും കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ പ്രിയ മക്കളെ, ആ പള്ളിക്കു സമീപെയുള്ള മലയിൽ കുരിശുങ്കൽ കാലം ചെയ്ത നമ്മുടെ സഹോദരൻ ബ: മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഊർശ്ലേമ്മിൽ നിന്നു കൊണ്ടുവന്ന പരിശുദ്ധ മാർ കുറിയാക്കോസു സഹദായുടെ തിരുശേഷിപ്പു സ്ഥാപിക്കുകയും അതുമുതൽ ആ പരിശുദ്ധന്റെ നാമത്തിൽ ആ സ്ഥലത്തേയ്ക്കു അനവധി നേർച്ചകാഴ്ചകൾ വിശ്വാസികൾ കൊടുത്തുവരുന്നതായി അറിയുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ ഇപ്പോൾ ആ സ്ഥലത്തേയ്ക്കു അന്യ ഇടവകകളിലെ ജനങ്ങൾ സ്വയമനസ്സാലെ നേർച്ചകൾ നേരുകയും അതിൻപ്രകാരം ആ സ്ഥലത്തുവച്ചു നേർച്ചകൾ കഴിക്കുന്നതിനും വഴിപാടുകൾ കൊടുക്കുന്നതിനും പുറപ്പെടുമ്പോൾ അതു അനാവശ്യമെന്നും അവനവന്റെ സ്വന്ത ഇടവകയിൽ വച്ചു തന്നെ കഴിക്കയോ വഴിപാടുകൊടുക്കുകയോ ചെയ്താൽ മതി എന്നും മറ്റും നേർച്ചക്കാരുടെ ആഗ്രഹത്തിന്നും അവരുടെ വിശ്വാസത്തിന്നും എതിരായി ചിലർ തടസ്സം ചെയ്യുന്നതായും മറ്റും നാം അറിയുന്നതിനാൽ മനഃസ്ഥാപപ്പെടുന്നു. ആകയാൽ അല്പമായി നിങ്ങളോടു അറിയിക്കേണ്ടതു ആവശ്യമെന്നു വിചാരിക്കുന്നു. നേർച്ചയെ സംബന്ധിച്ചു വി. പുസ്തകത്തിൽ കല്പിച്ചിരിക്കുന്നതു താഴെ വരും പ്രകാരമാകുന്നു. സംഖ്യ 30:2 “ഒരു മനുഷ്യൻ കർത്താവിന്നു നേർച്ച നേരുകയോ തന്റെ ആത്മാവിനെ ഒരു ബന്ധനത്താൽ ബന്ധിക്കുന്നതിനു ആണയിടുകയോ ചെയ്താൽ അവൻ തന്റെ വാക്കിനു ഭംഗം വരുത്താതെ തന്റെ വായിൽ നിന്നു പുറപ്പെടുന്ന പ്രകാരമൊക്കെയും അവൻ ചെയ്യണം.” ഈ തിരുവചനത്തിൽ നിന്നു വെളിവാകുന്നതു ഒരുത്തൻ നേർച്ച നേരുകയോ ആണയിടുകയോ ചെയ്താൽ തന്റെ വായിൽ നിന്നു പുറപ്പെട്ടപ്രകാരം തന്റെ വാക്കിനു ഭംഗം വരുത്താതെ പ്രവർത്തിക്കണമെന്നാകുന്നുവല്ലോ. പിന്നെയും ഇത് സംബന്ധിച്ചു വേറെ ഒരു സാക്ഷികൂടെ പറയുന്നു. ഗിലയാദുകാരനായ നപ്താഹ് ആമ്മോൻകാരോടു യുദ്ധത്തിനു പുറപ്പെട്ടപ്പോൾ ജയം പ്രാപിച്ചു തിരിച്ചുവരുന്നതിനു ഇടയായാൽ അപ്പോൾ തന്റെ ഭവനത്തിൽ നിന്നു എതിരേല്ക്കുന്നതിനു പുറപ്പെട്ടു വരുന്നതു എന്തായാലും കർത്താവിന്നു ബലിയായി കഴിച്ചുകൊള്ളാമെന്നു അവൻ നേർച്ച നേർന്നു. യുദ്ധത്തിൽ ജയം പ്രാപിച്ചു തിരിച്ചുവന്നപ്പോൾ അവരെ എതിരേല്ക്കുന്നതിനു വന്നതു അവന്റെ ഏക പുത്രിയായിരുന്നു. നരബലി കർത്താവിനു വെറുപ്പാകുന്നു എങ്കിലും അവന്റെ വാക്കിനു ഭംഗം വരുത്താതെ ഇരിപ്പാൻവേണ്ടി തന്റെ ഏകപുത്രിയെ തന്നെ ബലികഴിച്ചു. ഇങ്ങനെ വാക്കിനു ഭംഗം വരുത്തിക്കൂടാ എന്നും നേർന്നിട്ടുള്ളപ്രകാരം കഴിച്ചുകൊള്ളണമെന്നും അനേകം സാക്ഷികളുണ്ട്. അവനവൻ നേർന്നിട്ടുള്ളപ്രകാരം തന്നെ ചെയ്തുകൊള്ളണമെന്നു വി. കാനോനും സാക്ഷിക്കുന്നു. അതിനാൽ പ്രിയമുള്ളവരേ, ഇന്ന പള്ളിയിലേക്കെന്നോ ഇന്ന പരിശുദ്ധന്റെ കബറുങ്കൽ എന്നോ ഒരുത്തൻ നേർച്ച നേർന്നാൽ തന്റെ വാക്കിൻപ്രകാരം ചെയ്യുന്നതു ന്യായമായിട്ടുള്ളതും അല്ലാതെ എവിടേക്കു നേർച്ച നേർന്നാലും അവന്റെ സ്വന്ത ഇടവകയിൽ മാത്രം കഴിച്ചാൽ മതി എന്നു പറഞ്ഞു ജനങ്ങളെ തടസ്സപ്പെടുത്തുന്നതു വി. വേദത്തിനും കാനോനും വിപരീതമായിട്ടുള്ളതുമാകുന്നു. സത്യവിശ്വാസികൾ ക്ഷേത്രങ്ങളിലോ വേദവിപരീതികളുടെ ആലയങ്ങളിലോ വഴിപാടുകളോ നേർച്ചകളോ കൊടുക്കുന്നതായാൽ അതിനെ വിരോധിച്ചു നിർത്തേണ്ടതാകുന്നു.

അതിനാൽ അവനവന്റെ വിശ്വാസപ്രകാരം ഏതു സ്ഥലത്തേയ്ക്കു നേർച്ച നേർന്നുവോ ആ സ്ഥലത്തുവെച്ചു തന്നെ കഴിക്കണമെന്നുള്ള സത്യത്തെ നിങ്ങൾ ജനങ്ങൾക്കു വെളിപ്പെടുത്തിക്കൊള്ളുകയും നീതിമാന്റെ നാമത്തിൽ നീതിമാനെ കൈക്കൊള്ളുന്നവൻ നീതിമാന്റെ കൂലി പ്രാപിക്കുന്നു എന്നും പുണ്യവാളന്റെ നാമത്തിൽ പുണ്യവാളനെ കൈക്കൊള്ളുന്നവൻ പുണ്യവാളന്റെ കൂലി പ്രാപിക്കുമെന്നും ഉള്ള ദൈവതിരുവചനത്തെ ഓർത്തു ഈ പരിശുദ്ധന്റെ നാമത്തിൽ ചെയ്യുന്ന നേർച്ചകളും വഴിപാടുകളും വാഴ്വിനും അനുഗ്രഹത്തിനും ആയിരിക്കുമെന്നു എല്ലാവരോടും ഉപദേശിച്ചുകൊള്ളുകയും വേണം.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. അതു കൃപ നിറഞ്ഞിരിക്കുന്ന മാതാവിന്റേയും മാർ കുറിയാക്കോസു സഹദായുടേയും സകല ശുദ്ധിമാന്മാരുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

എന്നു 1903 മേടം 10-നു
ആലുവാ തൃക്കുന്നത്ത് പള്ളിയിൽ നിന്നും

(ഇടവകപത്രിക, 1903 ഹ്സീറോൻ)

# കടവിൽ മെത്രാപ്പോലീത്തായും ഭദ്രാസനങ്ങളും

വർഗീസ് ജോൺ തോട്ടപ്പുഴ

മലങ്കരസഭയിലെ ഭദ്രാസനരൂപീകരണകാലത്തുള്ള മൂന്നു ഭദ്രാസനങ്ങളുമായി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ബന്ധപ്പെട്ടിരിക്കുന്നു. ആദ്യം കുറച്ചുനാൾ കൊല്ലം; തുടർന്ന് കോട്ടയം; പിന്നീട് അതോടൊപ്പം അങ്കമാലി.

മലങ്കരയിൽ 1875-ൽ വന്ന പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി പള്ളിയിൽ വച്ച് 1876 ജൂൺ 27 (1057 മിഥുനം 15) ചൊവ്വാഴ്ച മറ്റ് രണ്ടുപേരോടൊപ്പം കടവിൽ പൗലോസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി.

മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ ഒന്നായിരുന്ന മലങ്കര സുറിയാനി സഭയെ ക്രിസ്ത്വബ്ദം 1876-1877 (കൊല്ലവർഷം 1052) ലാണ് കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കൊച്ചി, കണ്ടനാട്, അങ്കമാലി എന്നീ ഏഴു ഭദ്രാസനങ്ങളായി പത്രോസ് തൃതീയൻ പാത്രിയർക്കീസ് വിഭജിച്ചത്.

മുളന്തുരുത്തി സുന്നഹദോസിന്റെ (1876 ജൂൺ 27-30) നിശ്ചയപ്രകാരമാണ് ഭദ്രാസന വിഭജനം നടത്തിയതെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടാറുണ്ടെങ്കിലും അതു ശരിയല്ല. സുന്നഹദോസ് ഇങ്ങനെയൊരു വിഷയം പരിഗണിച്ചിട്ടില്ല. സുന്നഹദോസിനെ തുടർന്ന് മുളന്തുരുത്തി പള്ളിയിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശ (1876 ആഗസ്റ്റ് 27/ഓബ് 15 ഞായറാഴ്ച - വാങ്ങിപ്പു പെരുന്നാൾ) യോടടുത്ത സമയത്താണ് മലങ്കരയിൽ പുതിയ മേൽപ്പട്ടക്കാരെ വാഴിക്കാനും ഭദ്രാസനങ്ങൾ രൂപീകരിക്കാനുമുള്ള ആദ്യ നടപടികൾ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്വീകരിച്ചത്. ഈ നടപടികളെ ആ കാലത്തു തന്നെ പലരും എതിർത്തിട്ടുണ്ട്. തങ്ങളോട് ആലോചിക്കാതെ, മേൽപ്പട്ടസ്ഥാനത്തേക്ക് പരിഗണിക്കുന്ന നാലു റമ്പാന്മാരോട് ഉടമ്പടി വാങ്ങാൻ പാത്രിയർക്കീസ് ബാവാ ശ്രമിക്കുന്നതറിഞ്ഞ 15 മാനേജിംഗ് കമ്മറ്റിയംഗങ്ങൾ മുളന്തുരുത്തി പള്ളിയിൽ വച്ച് രാജിക്കത്തു നൽകുക വരെ ചെയ്തു. "മെത്രാന്മാരെ ബാവാ വാഴിച്ചതു ജനത്തിന്റെയും കമ്മട്ടിക്കാരുടെയും സമ്മതത്തൊടു കൂടെയല്ല" എന്നാണ് ഒരു പുരാതന നാൾവഴി പുസ്തകത്തിൽ കാണുന്നത്.

മൂന്നു പ്രാവശ്യമായി ആറു മേൽപ്പട്ടക്കാരെയാണ് പുതിയതായി വാഴിച്ചത്. ഈ ആറു പേരും സ്ഥാനമേൽക്കുന്നതിനു മുമ്പായി പാത്രിയർക്കീസ് ബാവായ്ക്ക് രജിസ്റ്റർ ഉടമ്പടി (ശൽമൂസാ) നൽകിയിരുന്നു. ഭദ്രാസന രൂപീകരണത്തോട് യോജിപ്പില്ലാതിരുന്നതിനാൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമനും, പാത്രിയർക്കീസ് ബാവായുമായി പിണങ്ങി അകന്നുകഴിയുകയായിരുന്നതിനാൽ അദ്ദേഹത്തോടൊപ്പം മലങ്കരയിൽ വന്ന അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും (പിന്നീട് മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ പാത്രിയർക്കീസ്) ഈ മേൽപ്പട്ടവാഴ്ചയിലൊന്നും സംബന്ധിച്ചില്ല.

വടക്കൻപറവൂർ മാർത്തോമ്മൻ പള്ളിയിൽ വച്ച് 1876 ഡിസംബർ മൂന്നിന് (സുറിയാനി കണക്കിന് 1876 വൃശ്ചികം 21 / മലയാള കണക്കിന് 1052 വൃശ്ചികം 20) ഞായറാഴ്ച പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ "തുമ്പമൺ ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെയും "കൊല്ലത്ത് മാർതോമ്മാ ശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെയും വാഴിച്ചു. പാത്രിയർക്കീസ് ബാവാ തനിച്ചാണ് ഈ മേൽപ്പട്ടവാഴ്ച നിർവഹിച്ചത്.



അവിടെവച്ചു തന്നെ പിറ്റേ ഞായറാഴ്ച (1876 ഡിസംബർ 10/തെശ്രീൻക്രോയ് 28 - വി. യാക്കോബ് ബുർദാനയുടെ പെരുന്നാൾ ദിവസം) "അങ്കമാലി ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും "നിരണത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. പരുമല കൊച്ചുതിരുമേനി)യെയും വാഴിച്ചു. തലേ ഞായറാഴ്ച വാഴിക്കപ്പെട്ട രണ്ട് മേൽപ്പട്ടക്കാർ ഈ മേൽപ്പട്ടവാഴ്ചയിൽ സഹകാർമ്മികരായിരുന്നു.

കോട്ടയം, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങൾക്കുള്ള മേൽപ്പട്ടക്കാരെ അന്നു നിശ്ചയിച്ചിരുന്നില്ല. ഇതിനുശേഷം വെളിയനാടു പള്ളിയിൽ നടന്ന സുന്നഹദോസിൽ (1877 ജനുവരി 27-30) വച്ച് മലങ്കരയിൽ ഇനിയും കൂടുതൽ മേൽപ്പട്ടക്കാരെ വാഴിക്കരുതെന്ന് പ്രതിനിധികൾ അപേക്ഷിച്ചുവെങ്കിലും പാത്രിയർക്കീസ് ബാവാ അതു കൂട്ടാക്കിയില്ല (കൂടുതൽ വിവരങ്ങൾക്ക് ഡോ. എം. കുര്യൻ തോമസ് എഴുതിയ *നസ്രാണി പഠനങ്ങൾ* (ഭാഗം ഒന്ന്) എന്ന ഗ്രന്ഥത്തിലെ *ചരിത്രം മറന്ന വെളിയനാടു സുന്നഹദോസ്* എന്ന ലേഖനം കാണുക).

തന്നോടൊപ്പം മലങ്കരയിൽ വന്ന അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാ

പ്പോലീത്തായെ (പിന്നീട് അബ്ദള്ളാ പാത്രിയർക്കീസ്) കോട്ടയം ഭദ്രാസനത്തിനു വേണ്ടി നിയമിക്കുന്ന കാര്യം പാത്രിയർക്കീസ് ബാവാ പരിഗണിച്ചിരുന്നു. അതനുസരിച്ച് സ്താത്തിക്കോൻ എഴുതി തയ്യാറാക്കുക വരെ ചെയ്തിരുന്നു. എന്നാൽ പാത്രിയർക്കീസും അദ്ദേഹവും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായതിനാൽ ഈ നിയമനം നടന്നില്ല. ഇങ്ങനെയിരിക്കുമ്പോൾ 1877 ഫെബ്രുവരി അവസാനം പിറവം പള്ളി സന്ദർശനവേളയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് “കോട്ടയത്ത് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനം പാത്രിയർക്കീസ് ബാവാ ഏൽപ്പിച്ചുകൊടുത്തു.

പുതിയതായി വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർക്ക് ഭദ്രാസനങ്ങൾ ഏല്പിച്ചുകൊണ്ട് 1877 മെയ് 5 (നീസാൻ 23) ന് സ്താത്തിക്കോൻ എഴുതി കൊച്ചിയിൽ വച്ച് നൽകി. കടവിൽ തിരുമേനിക്ക് കൊല്ലത്തിന് പകരം കോട്ടയം കൊടുത്തെങ്കിലും മറ്റു മേൽപ്പട്ടക്കാർക്ക് ആദ്യം നിശ്ചയിച്ചിരുന്ന ഭദ്രാസനങ്ങൾ തന്നെയാണ് കൊടുത്തത്.

കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17-ന് (സുറിയാനി കണക്കിന് 1877 ഇടവം 5) വ്യാഴാഴ്ച സ്വർഗാരോഹണ പെരുന്നാൾ ദിവസം “കൊച്ചികോട്ടയിൽ മാർ പത്രോസ് ശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും “കണ്ടനാട് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും വാഴിക്കപ്പെട്ടു. നേരത്തെ വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർ ഈ മേൽപ്പട്ടവാഴ്ചയിൽ സഹകാർമ്മികരായിരുന്നു. അന്ന് വിശുദ്ധ കുർബ്ബാന ചൊല്ലി തികച്ചത് പൗലോസ് മാർ ഈവാനിയോസ് ആയിരുന്നു. രണ്ടുദിവസം കഴിഞ്ഞ് (മെയ് 19) ഇരുവർക്കും ചാലിശ്ശേരി പടിഞ്ഞാറെ പള്ളിയിൽ വച്ച് ഭദ്രാസനങ്ങൾ ഏൽപ്പിച്ചുകൊണ്ടുള്ള സ്താത്തിക്കോൻ കൊടുത്തു. സ്താത്തിക്കോൻ എഴുതി തയ്യാറാക്കിയതും പൗലോസ് മാർ ഈവാനിയോസായിരുന്നുവത്രെ.

ഭദ്രാസന രൂപീകരണത്തിന്റെ പശ്ചാത്തലം സ്താത്തിക്കോനിൽ പാത്രിയർക്കീസ് ബാവാ വിവരിക്കുന്നുണ്ട്. “.... മലയാളക്കരയിലെ നാലു ലക്ഷം ജനങ്ങൾക്ക് ഒന്നോ രണ്ടോ മെത്രാന്മാർ മാത്രമായിരുന്നാൽ അവർ ആത്മീയ അന്ധന്മാരും അഹങ്കാരികളും ദുരഭിമാനികളും ഗർവ്വുള്ളവരും ആയിത്തീരുന്നതിന് ഇടയാകും. ... ആകയാൽ നമ്മുടെ ജനങ്ങളുടെ പള്ളികളെ ഏഴു ഇടവകകളായി നാം തിരിച്ചു. നമ്മുടെ കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാരെ നാലു ഭാഗങ്ങളിലേക്കും അയച്ചതുപോലെ ഇവയെ പന്ത്രണ്ടായി വിഭജിക്കേണ്ടതായിരുന്നു. ... എന്നാൽ നാം ഈ വിഭാഗത്തെ ദൈവം മുഖേന വിഭാഗിച്ചു. പുനരുത്ഥാനനാളു വരെയും നിലനിൽക്കത്തക്കതായി റൂളുകളും ശട്ടങ്ങളും നാം നിയമിക്കുകയും ചെയ്തിരിക്കുന്നു. മശിഹായുടെ സഭയിൽ ഈ വിഭാഗത്തെ വ്യത്യാസപ്പെടുത്തുവാൻ ഒരുത്തനും ദൈവത്തിൽ നിന്ന് അധികാരമില്ല. ഒരു മെത്രാൻ തന്റെ ഇടവക വിട്ട് മറ്റൊരു ഇടവകയിൽ കടന്ന് മശിഹായുടെ സഭയിൽ ഭിന്നത ഉണ്ടാക്കുന്നതിനും പിതാക്കന്മാരുടെ കാനോനാകളെ ലംഘിക്കുന്നതിനും അധികാരമില്ല. ...”

പാത്രിയർക്കീസ് ബാവാ 1877 മെയ് 15-ന് (?) കുന്നംകുളം പള്ളിയിൽ നിന്ന് “.... തിരുവിതാംകൂറു ദിവാൻ ആ സമസ്ഥാനത്തു മൂന്നു ലെക്ഷം സുറിയാനി കൃസ്ത്യാനികൾ ഉണ്ടന്നും നമ്മെ അറിവിയ്ക്കയും ചെയ്തിരിയ്ക്കുന്നു. ഈ സ്തിതിക്കു ഒന്നൊ രണ്ടൊ മെത്രാന്മാർ ഈ ജനങ്ങളെ ഭരിയ്ക്കുന്നതു പ്രയാസമെന്നു കണ്ടിട്ടു നാം നമ്മുടെ സഭയിലുള്ള പട്ടക്കാറരെ പരിശൊധിച്ചു. അവരിൽ ഏഴു പെരെ തിരഞ്ഞെടുത്ത മലയാളത്തിലുള്ള സുറിയാനി പള്ളികളുടെ മെത്രാമ്മാരായി വാഴിയ്ക്കുകയും അവരിൽ ഓരൊരുത്തന്നു ഓരൊ അതൃത്തി നിശ്ചയിച്ച ഏഴു പെർക്കും ഏഴ എടവകയും ഏല്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. .... ഈ മെത്രാമ്മാരിൽ ഒരുത്തനും തന്റെ സമാധികാരിയായ മറ്റൊരു മെത്രാന്റെ ഇടവകയിൽ പ്രവെശിച്ചു അധികാരം നടത്തുന്നതിന്നു അവകാശം ഇല്ലാ. ....” എന്ന് കൊച്ചി ദിവാനെ രേഖാമൂലം അറിയിച്ചു.

ഓരോ ഭദ്രാസനത്തിലും ഉൾപ്പെടുന്ന പള്ളികളുടെ പട്ടിക സ്താത്തിക്കോനിൽ പറഞ്ഞിരുന്നു. അതനുസരിച്ച് കോനാട്ട് ഗീവർഗീസ് മാർ യൂലിയോസിന് (തുമ്പമൺ) ഇരുപത്തിയൊന്നും കടവിൽ പൗലോസ് മാർ അത്താനാസിയോസിന് (കോട്ടയം) ഇരുപതും അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസിന് (അങ്കമാലി) ഇരുപത്തിരണ്ടും ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസിന് (നിരണം) ഇരുപത്തിരണ്ടും കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസിന് (കൊച്ചി) ഇരുപത്തിയൊന്നും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിന് (കണ്ടനാട്) ഇരുപത്തിയൊന്നും പള്ളികളുടെ ഭരണമാണ് ലഭിച്ചത്. ഈ മേല്പട്ടക്കാരിൽ മൂന്നു പേരും കണ്ടനാട് ഭദ്രാസനത്തിൽ നിന്നായിരുന്നു. രണ്ടു പേർ അങ്കമാലി ഭദ്രാസനത്തിൽ നിന്നും ഒരാൾ കൊച്ചി ഭദ്രാസനത്തിൽ നിന്നുമുള്ളവരായിരുന്നു.

മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമന് “കൊല്ലം, മാവേലിക്കര തുടങ്ങിയ പള്ളികൾ” അടങ്ങുന്ന ഭദ്രാസനം ഏൽപ്പിച്ചുകൊണ്ട് 1877 മെയ് അവസാനം ബോംബെയിൽ വച്ച് പാത്രിയർക്കീസ് ബാവാ കല്പന നൽകി. 1865 ഏപ്രിൽ 30 ഞായറാഴ്ച ആമീദിൽ (ടർക്കിയിലെ ഡയർബക്കർ) വച്ച് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടപ്പോൾ തന്നെ മലങ്കരയ്ക്കു മുഴുവനും സ്താത്തിക്കോൻ ലഭിച്ചിരുന്നതുകൊണ്ടാണ് കല്പന മാത്രം കൊടുത്തത്. എന്നാൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നതുകൊണ്ട് ഈ കല്പന അദ്ദേഹം കാര്യമായി കരുതിയിരുന്നില്ല. കൊല്ലം ഭദ്രാസനത്തിൽ 31 പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. കോട്ടയം പഴയസെമിനാരിയുടെ ചുമതലയും അദ്ദേഹത്തിനായിരുന്നു.

തിരുവിതാംകൂറിലെ സുറിയാനിക്കാരുടെ സംഖ്യ 2,95,770 എന്നാണ് പാത്രിയർക്കീസ് ബാവായ്ക്ക് ദിവാൻ നൽകിയ കണക്ക്. കൊച്ചി ഒഴികെയുള്ള ആറു ഭദ്രാസനങ്ങളിൽ തിരുവിതാംകൂർ സംസ്ഥാനത്തിലെ പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. കൊച്ചി ഭദ്രാസനത്തിൽ ബ്രിട്ടീഷ് സംസ്ഥാനത്തിലെയും (ബ്രിട്ടീഷ് കൊച്ചി, മലബാർ) കൊച്ചി സംസ്ഥാനത്തിലെയും പള്ളികൾ ഉൾപ്പെടുത്തി. “ആർത്താറ്റു പള്ളിയും അതിനു ചുറ്റും കൊച്ചി വരെയുള്ള പള്ളികളും” ആണ് കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതെന്ന് 1877 നീസാൻ 23-ലെ സ്താത്തിക്കോനിൽ ഏഴു ഭദ്രാസനങ്ങളെക്കുറിച്ച് വിവരിക്കുന്ന ഭാഗത്ത് പറയുന്നു. കടുങ്ങമംഗലം പള്ളിയിലുള്ള കൊച്ചിയുടെ പ്രഥമ ഭദ്രാസനാധിപന്റെ കബറിൽ “കൊച്ചി ബ്രിട്ടീഷു പള്ളികളുടെ ......” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കോട്ടയം ഭദ്രാസനത്തിൽ ഉൾപ്പെട്ട 20 പള്ളികൾ:- കോട്ടയം മർത്തമറിയം, കോട്ടയം വലിയ, കോട്ടയം പുത്തൻ, കോട്ടയം ചാപ്പൽ, ചെങ്ങളം, പുതുപ്പള്ളി, വാകത്താനം, പുതുശ്ശേരി, വാകത്താനം പുത്തൻ, പള്ളം, പള്ളം പുത്തൻ, കുറിച്ചി, വെളിയനാട്, കല്ലുങ്കത്ര, കുമരകം, മണർകാട്, പാമ്പാടി, നാലുന്നാക്കൽ, തോട്ടയ്ക്കാട്, നീലംപേരൂർ. “കോട്ടയത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഈ ഭദ്രാസനത്തിൽ കോട്ടയം പഴയസെമിനാരി ഉൾപ്പെടുത്തിയിരുന്നില്ല.

ക്നാനായ ഭദ്രാസന രൂപീകരണത്തോടെ (1910) കോട്ടയം വലിയ, പുതുശ്ശേരി, വെളിയനാട്, നീലംപേരൂർ എന്നീ പള്ളികളും പിൽക്കാലത്ത് സ്ഥാപിതമായ ചിങ്ങവനത്തെ രണ്ടു പള്ളികളും ആ ഭദ്രാസനത്തിൽ ചേർത്തു.

അങ്കമാലി ഭദ്രാസനത്തിൽ ഉൾപ്പെട്ട 22 പള്ളികൾ:- അങ്കമാലി മർത്ത്മറിയം, വടക്കൻപറവൂർ മാർതൊമ്മൻ, അകപ്പറമ്പ്, കുറുപ്പംപടി, കോതമംഗലം ചെറിയ, പള്ളിക്കര, കോതമംഗലം വലിയ, കുന്നക്കുരുടി, തുരുത്തിപ്പള്ളി, റാക്കാട്, മഞ്ഞപ്ര, പീച്ചനിക്കാട്, കോട്ടപ്പടി, വെങ്ങോല, മഴവന്നൂർ, കാരക്കുന്നം, പോത്താനിക്കാട്, ചേലാട്, വേങ്ങൂർ, കടായി, അല്ലപ്ര, മാറാട്ടി.

ഭദ്രാസനവിഭജനത്തിൽ ഉൾപ്പെട്ടു കാണുന്നത് 158 പള്ളികളാണ്. എന്നാൽ ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പായുടെ 1873-ലെ *സുറിയാനി സഭാ പഞ്ചാംഗ*ത്തിൽ “മലയാളത്തുള്ള സുറിയാനി പള്ളികളുടെ വിവരം” എന്ന തലക്കെട്ടിൽ *ബ്രിത്തീഷ സംസ്ഥാനത്ത് അഞ്ചും കൊച്ചി സംസ്ഥാനത്ത് പതിനെട്ടും തിരുവിതാംകൂർ സംസ്ഥാനത്ത് 142 ഉം* പള്ളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അങ്ങനെ കോട്ടയം പഴയസെമിനാരി ഉൾപ്പെടെ ആകെ 165 പള്ളികൾ.

ആ നിലയ്ക്ക് ഭദ്രാസന വിഭജനകാലത്തിനു (1876) മുമ്പു തന്നെ ഉണ്ടായിരുന്ന ചില പള്ളികൾ ഭദ്രാസന വിഭജന പട്ടികയിൽപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഒരുപക്ഷേ ഈ പള്ളികൾ അന്ന് സ്വതന്ത്രനില കൈവരിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിൽ വിട്ടുപോയതായിരിക്കാം. 1873-ലെ ലിസ്റ്റിൽ കാണുന്ന ‘ഇഞ്ചക്കപള്ളി’ കണ്ടനാട്ടോ അങ്കമാലിയിലോ ഉൾപ്പെടേണ്ടതായിരുന്നു. 1906-ൽ ആകെയുള്ള 284 പള്ളികളിൽ 42 എണ്ണം കോട്ടയം ഭദ്രാസനത്തിലായിരുന്നു.

മലങ്കര അസോസിയേഷൻ സെക്രട്ടറിയും ഗ്രന്ഥകാരനും പത്രാധിപരുമായിരുന്ന ഇ. എം. ഫിലിപ്പിന്റെ ഒരു പ്രസ്താവന മലങ്കര സുറിയാനി സഭയുടെ അന്നത്തെ അവസ്ഥ വ്യക്തമാക്കുന്നു: "പരേതനായ പത്രോസു പാത്രിയർക്കീസു ബാവാ ഇവിടെ എഴുന്നള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴു ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മാരുടെയും അധികാരഭേദത്തെ വ്യക്തപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായിച്ചാൽ അവർ അവരവരുടെ ഇടവകയിൽ സ്വതന്ത്രരായിരുന്നു എന്നല്ലാതെ മറ്റുവിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൌന്ദര്യത്തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർകക്ഷി കരുതിക്കൊണ്ടു വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചു തിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻ കൊണ്ടു റദ്ദായിപ്പോയെന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴി കൊണ്ടു സ്ഥാപിച്ചുകൊള്ളാമെന്നു അവർക്കു വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തതു പരേതനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തെ 13 ദിവസം കൊണ്ടാണു വിസ്തരിച്ചു തീർന്നത്. മലങ്കര മെത്രാപ്പോലീത്തായും ഇടവക മെത്രാപ്പോലീത്തായും തമ്മിലുള്ള ബന്ധങ്ങളും അധികാരഭേദങ്ങളും സംബന്ധിച്ചു എതിർകക്ഷി പല വിധത്തിൽ അദ്ദേഹത്തെ ക്രാസ്സു ചെയ്ത കൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചുമറിച്ചു ഒരു ദീർഘചോദ്യം ചോദിച്ചു. ....." (*മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം*, 1956, പേജ് 51, 52). ഇവിടെ എതിർകക്ഷി എന്നുദ്ദേശിക്കുന്നത് നവീകരണകക്ഷിയെയാണ് (പിന്നീട് മാർത്തോമ്മാസഭ).

തന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ സ്വതന്ത്രമായ ഭദ്രാസനങ്ങളും മെത്രാപ്പോലീത്താമാരുമാണ് പാത്രിയർക്കീസ് ബാവാ വിഭാവനം ചെയ്തത്. എന്നാൽ പാത്രിയർക്കീസ് മടങ്ങിയ ഉടനെ വെട്ടിക്കൽ ദയറായിൽ കൂടിയ മേൽപ്പട്ടക്കാരുടെ ധ്യാനയോഗത്തിൽ വച്ച് (1877 മെയ് 30 – ജൂലൈ 11) മാർ ദീവന്നാസിയോസ് അഞ്ചാമനെ തങ്ങളുടെ മേലദ്ധ്യക്ഷനായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത അഭിനവ മേല്പട്ടക്കാർക്ക് ബോദ്ധ്യമായതിനാൽ അവർ അപ്രകാരം സമ്മതിച്ചു.

കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെയും കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് തുമ്പമൺ ഭദ്രാസനത്തിന്റെയും ഭരണം ശരിയായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്നു പല സഭാചരിത്രകാരന്മാരും പറയുന്നു. ശെമവോൻ മാർ ദീവന്നാസിയോസ് രചിച്ച നാളാഗമവും ഇത് ശരി വയ്ക്കുന്നു.

അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് കാലം ചെയ്തതിനെ (1891 മാർച്ച് 9) തുടർന്ന് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കോട്ടയത്തിനു പുറമെ അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല കൂടിയേറ്റു. 1907 നവംബർ രണ്ടിന് അദ്ദേഹം കാലം ചെയ്യുന്നതു വരെ ഇരു ഭദ്രാസനങ്ങളും ഒരുമിച്ചു ഭരിച്ചു.

പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഏകപക്ഷീയമായും സ്വന്ത താൽപര്യപ്രകാരവുമാണ് മേൽപ്പട്ടവാഴ്ചയും ഭദ്രാസന വിഭജനവും നടത്തിയതെങ്കിലും സഭയുടെ പുരോഗതിക്ക് അതു പ്രയോജനപ്പെട്ടിട്ടുണ്ട്. കേരളത്തിലെ റോമൻ കത്തോലിക്കാ സഭയിൽ പോലും രൂപതാ സംവിധാനം ശരിയായി നിലവിൽ വരുന്നതിനു മുമ്പു തന്നെ മലങ്കര സുറിയാനിസഭയിൽ ഇപ്രകാരമൊരു സംവിധാനം നിലവിൽ വന്നുവെന്നുള്ളതു ശ്രദ്ധേയമാണ്. 1876-ലെ വിഭജനം മൂന്നോ നാലോ ഭദ്രാസനങ്ങളായി പരിമിതപ്പെടുത്താമായിരുന്നു. പിൽക്കാലത്ത് ഭദ്രാസനാധിപന്മാരുടെ ഒഴിവുകൾ വന്നപ്പോൾ വർഷങ്ങളായി അതു നികത്താതെ കിടന്നത് ഇതു വ്യക്തമാക്കുന്നു.

### ലേഖന രചനയ്ക്ക് ആധാരമായി സ്വീകരിച്ച രേഖകൾ

(1) കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (+ 1886) നാളാഗമം.

(2) *സെമിനാരി കേസ് ബുക്ക്* വാല്യം മൂന്ന് (1888).

(3) *കണ്ടനാട് ഭദ്രാസന ഡയറക്ടറി*, 1973.

(4) *മലങ്കരസഭ സന്ദർശിച്ച് ഭരിച്ച ശീമക്കാരായ പിതാക്കന്മാർ: ജീവചരിത്ര സംഗ്രഹം*, 1964.

(5) കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ (സുറിയാനി), 1877 നീസാൻ 23 (പാമ്പാക്കുട കോനാട്ട് ലൈബ്രറി).

(6) ഇടവഴീക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ, *സുറിയാനി സഭാ പഞ്ചാംഗം*, 1873.

(7) വാകത്താനം ഗീവർഗീസ് റമ്പാൻ, *മലങ്കര ഇടവക പഞ്ചാംഗം*, 1907, 1908.

(8) *മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം*, 1956.

(9) *തൊഴിയൂർ സെന്റ് ജോർജ് ഭദ്രാസന ദേവാലയ കൂദാശാ സ്മരണിക,* 1989.

(10) *പരുമല സ്മൃതി*, 'മലങ്കരസഭാ മാസിക' പ്രസിദ്ധീകരണം, 2002.

❑

## പുലിക്കോട്ടിൽ, കടവിൽ തിരുമേനിമാർ ചേർന്നെഴുതിയ ഒരു കല്പന

**മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കൂടി എഴുതുന്ന സർക്കുലർ**

**(മുദ്രകൾ)**

നമ്മുടെ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലെയും യോഗജനങ്ങൾക്കു വാഴ്വ്.

നമ്മുടെ സമുദായത്തിലെ പട്ടക്കാരുടെ വരുമാനങ്ങളെ ഈ കാലാവസ്ഥയ്ക്ക് തക്കവണ്ണം പരിഷ്കരിച്ചു ഒരു നിയമം ഉണ്ടാക്കി മലങ്കരെ ഒട്ടുക്കുള്ള നമ്മുടെ പള്ളികളിൽ പ്രസിദ്ധപ്പെടുത്തണമെന്നു ആലോചിച്ചിട്ടു കുറെ നാളായി എങ്കിലും എല്ലായിടത്തേയും വരുമാനങ്ങളും അനുഭവങ്ങളും ഏതെല്ലാംപ്രകാരമെന്നു സൂക്ഷ്മപ്പെടുത്തി ചെയ്യേണ്ടതിനു വിചാരിച്ചിരിക്കുമ്പോൾ ഈ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട പള്ളികളിലെ പട്ടക്കാർ കഴിഞ്ഞ വൃശ്ചികം 12-നു സിമ്മനാരി സ്ഥാപകപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ ഞങ്ങളുടെ മുമ്പാകെ സമർപ്പിച്ച ഒരു വരുമാനപ്പട്ടികയും, വരുമാനത്തിനു ഒരു നിജസ്ഥിതി വരുത്തി കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷ ഹർജിയും നോക്കിയതിൽ തല്ക്കാലം കോട്ടയം ഇടവകയിൽ ഇപ്പോൾ നടന്നുവരുന്ന ക്രമം അനുസരിച്ചു ഒരു വരുമാന നിയമം ഉണ്ടാക്കുന്നതു കൊള്ളാമെന്നു ഞങ്ങളും സഹോദരന്മാരായ മെത്രാപ്പോലീത്താമാരും കൂടി ആലോചിച്ചു ഒരു നിയമം എഴുതി തീർത്തിരിക്കുന്നതിനെ അച്ചടിച്ചു പള്ളികൾക്കു അയപ്പാൻ ഏറ്റവും ആവശ്യമായിരിക്കുന്നു. എങ്കിലും ഈ നിയമപകർപ്പു ഈ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികൾക്കും ഓരോന്നു അയച്ചു പള്ളികളിൽ വായിച്ചു കേട്ടു ഇതിൽ ഏതെങ്കിലും വരുമാനങ്ങളെ സംബന്ധിച്ചു കൂടുതൽ കുറവു വല്ല സ്ഥലത്തും ഉള്ളതായോ വല്ലതും ഭേദപ്പെടുത്തേണ്ടതായോ ഉണ്ടായിരുന്നാൽ ആ വിവരവും എഴുതിവരുന്നതിനുമേൽ ഈ നിയമം അച്ചടിച്ചു നടപ്പാക്കണമെന്നു നിശ്ചയിച്ചിരിക്കയാൽ ഈ സാധനം അയക്കുന്നതാണ്. ഇതോടു ഒന്നിച്ചു അയക്കുന്ന നിയമപ്പകർപ്പു ഒന്നോ രണ്ടോ ഞായറാഴ്ച അതാതു പള്ളികളിൽ വായിച്ചുകേട്ടു വിപരീതമായ വല്ല അഭിപ്രായവും ഉണ്ടെന്നിരുന്നാൽ ആ പള്ളിക്കാർ അവരുടെ മറുപടി മീനം 30-നു മുമ്പു 'ഇടവകപത്രിക' പത്രാധിപർക്കു അയച്ചുകൊള്ളേണ്ടതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

(ഒപ്പുകൾ)

എന്നു 1899 കുംഭം 25-ന്.

കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക, 1899 ശ്ബോത്ത്)

സഭാ പാരമ്പര്യം

# തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ - 6

ഫാ. റ്റി. വി. ജോർജ് നെടുമാവ്

വിഹായസ്സിൽ ഉദിച്ചുയർന്ന് അതുല്യപ്രഭാപൂരം ചൊരിഞ്ഞു നിന്ന ആ ദിവ്യ നക്ഷത്രം കാലത്തിന്റെ മേഘക്കെട്ടുകൾക്കപ്പുറത്തേക്കു കടന്നിട്ട് അടുത്ത ജനുവരി മാസം 3-ാം തീയതി രണ്ടു വർഷം പൂർത്തിയാവുകയാണ്. ആ തേജോഗോളം ഇന്നു നമ്മുടെ മാംസകണ്ണുകൾക്കു ഗോചരമല്ലെങ്കിലും അതു ചിന്തിക്കൊണ്ടിരുന്ന കാന്തിപ്രസരം സഭയുടെ നഭസ്സിൽ തളംകെട്ടിനിൽപുണ്ട് .യവനികയ്ക്കപ്പുറത്തും ആ ദിവ്യ ജ്യോതിസ്സ് കൂടുതൽ ശക്തിമത്തായി പ്രകാശിക്കുകയാണ്. പൂനിലാവിനൊത്ത് ഈ തേജോരൂപം ആയിരങ്ങളെ പുളകമണിയിച്ചു. മേഘനാദതുല്യമായ ആ ശബ്ദം പതിനായിരങ്ങളുടെ ഹൃദയത്തിൽ മാറ്റൊലിക്കൊണ്ടു. വിസ്മൃതിയുടെ മാറാലയ്ക്കു മറയ്ക്കാനാവാത്തവിധം ആ രൂപം ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠയാർജ്ജിച്ചു. ആ ഗംഭീര ശബ്ദത്തിന്റെ പ്രതിദ്ധ്വനി കാതുകളിൽ മുഴങ്ങുന്നു. ശാരീരിക രോഗങ്ങളിലും മനോ നൊമ്പരത്തിലും ഇരിക്കുന്നവർ ദേവലോകത്ത് പരിശുദ്ധ പിതാവിന്റെ നിത്യസമാധി സന്നിധിയിലെത്തി അവിടുത്തെ മദ്ധ്യസ്ഥതയിലൂടെ ആശ്വാസം പ്രാപിക്കുന്നു. ആ രൂപം സ്വപ്നത്തിലെങ്കിലുമൊന്നു കാണുവാൻ ആശിച്ചും പ്രാർത്ഥിച്ചും കാത്തിരിക്കുമ്പോൾ അപൂർവ്വം ചിലയവസരങ്ങളിൽ ദർശനം നൽകിയും അനുഗ്രഹിക്കാറുണ്ട്. മലങ്കര സഭാമാസികയിലൂടെയും മറ്റും കണ്ടുകൊണ്ടിരിക്കുന്ന ഉപകാര സ്മരണകൾ ഇവയുടെ സാക്ഷ്യങ്ങളാണ്.

രണ്ടു വ്യാഴവട്ടക്കാലം പരിശുദ്ധ പിതാവുമായി വളരെ അടുത്തിടപെടുവാനും ദിവ്യങ്ങളായ അനേകം പാഠങ്ങൾ തിരുമനസ്സിലെ ഉപദേശങ്ങളിലൂടെയും ജീവിതത്തിലൂടെയും ഗ്രഹിക്കുവാനും സാധിച്ചത് ഈ ആയുസ്സിലെ ഏറ്റവും വലിയ ഭാഗ്യമായി ഈ എഴുത്തുകാരൻ കരുതുന്നു. ഒരു വൈദികനായിത്തീരുവാൻ എനിക്കു സാധിച്ചതും തിരുമനസ്സിലെ നിയോഗവും അനുഗ്രഹവും കൊണ്ടാണ്. കഴിഞ്ഞ ഡിസംബർ മാസത്തിൽ, തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ ഓർമ്മയിൽ തങ്ങിനിന്നവ കോർത്തിണക്കി എഴുതുവാൻ സാധിച്ചു. തുടർന്നെഴുതണമെന്നു പലരും ആവശ്യപ്പെട്ടെങ്കിലും പല ബദ്ധപ്പാടുകൾക്കിടയിൽ സാധിക്കാതെ പോയി. തിരുമനസ്സിലെ പാവനസ്മരണയുടെ പ്രേരണയാണ് ഇതെഴുതുവാൻ എന്നെ ഉദ്യോഗിപ്പിക്കുന്നത്.

പതിവുപോലെ തിരുസന്നിധിയിൽ ഞാൻ വേദപുസ്തകം വായിക്കുകയായിരുന്നു. എബ്രായലേഖനത്തിൽ 12-ാം അദ്ധ്യായം 41-ാം വാക്യം വായിച്ചു. "ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനായിത്തീരാതിരിപ്പാൻ കരുതിക്കൊൾവിൻ." ചാരുകസ്സേരയിൽ ചാരിക്കിടന്ന തിരുമേനി പെട്ടെന്നു നിവർന്നിരുന്നു. 'എന്താണീ ജ്യേഷ്ഠാവകാശം, നിനക്ക് അറിയാമോ' തിരുമേനി കല്പിച്ചു ചോദിച്ചു.

"ഒരു പിതാവിനു പല മക്കളുണ്ടെങ്കിലും മൂത്തപുത്രന് ഒന്നാമൻ എന്ന ഒരു മേന്മയുണ്ടല്ലോ അത്" ഞാൻ ഉണർത്തിച്ചു.

"ആദ്യം ജനിച്ചവൻ എന്തെല്ലാം ആയാലും ആദ്യം ജനിച്ചവൻ തന്നെ. അതു വില്ക്കാൻ സാധിക്കുന്നതല്ലല്ലോ."

"തിരുമേനി കല്പിച്ചു പറഞ്ഞു തരണം. എനിക്കറിഞ്ഞുകൂടാ" ഞാൻ തിരുമനസ്സറിയിച്ചു.

തിരുമേനി അതു വിശദീകരിച്ചു.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം മൂലം നമ്മെയെല്ലാം താൻ തന്റെ പിതാവിനു മക്കളും തനിക്കു സഹോദരങ്ങളുമാക്കിത്തീർത്തു. കാട്ടൊലിവുകളായ നമ്മെ സാക്ഷാൽ സൈത്തായ തന്നോട് ഒട്ടിച്ചുചേർത്ത്, ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കാനുള്ള അവകാശത്തിലേക്കു നമ്മെ കൊണ്ടുവന്നു. ദൈവത്തിന്റെ പുത്രൻ മനുഷ്യന്റെ - ആദാമിന്റെ - പുത്രനായി വന്ന്, മനുഷ്യരുടെ അഗ്രിമിനായി - ആദ്യഫലമായി - പിതാവായ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചു. അങ്ങനെ ആദാമിന് ഏദനിൽവച്ചു നൽകപ്പെട്ട വാഗ്ദത്തം (ഉല്പ. 3:15) നിറവേറി.

"സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും." ആദാമിനു ലഭിച്ച



പ. മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്നും വാമൊഴിയായി പകർന്നു കിട്ടിയ സുറിയാനി സഭാ പാരമ്പര്യങ്ങൾ ശിഷ്യനായ ഫാ. ടി. വി. ജോർജ് അടുത്ത തലമുറയ്ക്കായി കൈമാറി എഴുതിയ ലേഖന പരമ്പര.

ഈ വാഗ്ദത്തത്തിന്റെ അനന്തരാവകാശി അവന്റെ മൂത്തപുത്രനായ കയീൻ ആയിരുന്നു. എന്നാൽ അവൻ സഹോദരഘാതകനും ലോകത്തിലെ ആദ്യത്തെ കൊലപാതകനും ആയിത്തീർന്നതിനാൽ ശാപഗ്രസ്ഥനും വാഗ്ദത്തത്തിന് അന്യനുമായി. രണ്ടാമനായ നീതിമാനായ ഹാബേൽ വധിക്കപ്പെട്ടുവല്ലോ. തന്നിമിത്തം മൂന്നാമനായ ശേത്ത് വാഗ്ദത്തത്തിന് അവകാശി ആയി. ശേത്യ തായ്‌വഴിയിൽ നോഹ വരെയും സീമന്തപുത്രന്മാരിലൂടെ ഈ അവകാശം സംക്രമിച്ചുകൊണ്ടിരുന്നു (എങ്കിലും പിന്നിടു ചുരുക്കം ചില സന്ദർഭങ്ങളിൽ ദൈവവിചാരണയിൽ ചില വ്യത്യാസങ്ങൾ - വേർതിരിക്കലുകൾ - വന്നിട്ടുണ്ട്). ശേമ്യപരമ്പരയിൽ തേറഹിന്റെ മകനായ അബ്രഹാം അവകാശി ആയിത്തീരുകയും ദൈവം, വാഗ്ദത്തം അവനു പുതുക്കിക്കൊടുക്കുകയും ചെയ്യുന്നതായി നാം കാണുന്നു (ഉല്പ. 22:18). "നിന്റെ സന്തതിയിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (സന്തതികൾ എന്നല്ല സന്തതി എന്ന ഏക വചനമത്രേ). ഈ സന്തതി ആദാമിനു വാഗ്ദത്തം ചെയ്യപ്പെട്ട "സ്ത്രീയുടെ സന്തതി"യാണ്. ഒരു വർഗ്ഗത്തിനോ ജാതിക്കോ ദേശത്തിനോ വേണ്ടിയല്ല ഭൂമിയിലുള്ള സകല ജാതികൾക്കും വേണ്ടിയാണ് എന്നത്രേ അബ്രഹാമിനോടുള്ള അരുളപ്പാട്. കർത്താവിന്റെ ജനനത്തിൽ ദൈവദൂതൻ ഉത്ഘോഷിച്ചതും "സർവ്വജനത്തിനുമുണ്ടാ



**ആർ. ശങ്കറിനൊപ്പം**

കാനുള്ളോരു മഹാസന്തോഷം" എന്നാണല്ലോ. അബ്രഹാമിനു ലഭിച്ച വാഗ്ദത്തത്തിന്റെ അനന്തരാവകാശി ഇസ്സഹാക്കാണ്. ഇസ്സഹാക്കിന്റെ രണ്ടു മക്കളിൽ മൂത്തവനായ ഏശാവായിരുന്നു, കടിഞ്ഞൂൽപുത്ര ന്യായേന അടുത്ത അവകാശി. അതായത് മനുഷ്യവർഗ്ഗത്തിന്റെയെല്ലാം ജ്യേഷ്ഠനായി വരേണ്ട വാഗ്ദത്ത സന്തതിയെ – രക്ഷിതാവിനെ ലഭിക്കുന്നതിനുള്ള – പുറപ്പെടുവിക്കുന്നതിനുള്ള അവകാശി. ഈ അവകാശമാണു ജ്യേഷ്ഠാവകാശം. ഇതാണ് ഒരു ഊണിനു വേണ്ടി – ഒരു കിണ്ണൻ പാൽപായസത്തിനുവേണ്ടി (ജ്യേഷ്ഠാവകാശം വിറ്റപ്പോൾ) യാക്കോബിനു കൊടുത്തത്.

ഈ വാഗ്ദത്തത്തിന്റെ നിവൃത്തിക്കായി ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനെ പ്രത്യേകം സജ്ജമാക്കുന്നതിനു വേണ്ടിയാണ് – കടിഞ്ഞൂലൊക്കെയും യഹോവയ്ക്കായി വേർതിരിക്കപ്പെട്ടിരിക്കണം എന്നു ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. മനുഷ്യവർഗ്ഗത്തിന്റെയെല്ലാം കടിഞ്ഞൂലായവൻ ലോകത്തിന്റെ പാപപരിഹാരാർത്ഥം ബലിയായി അർപ്പിക്കപ്പെടേണ്ടിയിരുന്നതിന്റെ മുൻകുറിയായിട്ടു കൂടിയാണ് ഇസ്രായേൽ ഭവനങ്ങളിലെ ഓരോ കടിഞ്ഞൂൽ പുത്രനും യഹോവായിക്കു സമർപ്പിക്കപ്പെടണം എന്ന് അനുശാസിതമായിട്ടുള്ളത് (പുറ. 13:2, 12). ഒരു ആട്ടിൻകുട്ടിയേയോ രണ്ടു കുറുപ്രാവിനെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ (ലേവ്യ 12:8) ബലി കഴിച്ചു കടിഞ്ഞൂലിനെ വീണ്ടുകൊള്ളുകയായിരുന്നു യഹോവയുടെ കല്പനപ്രകാരം ഇസ്രായേൽ മക്കൾ ചെയ്തുവന്നത് (പുറ. 13:13). നരകുലത്തിന്റെ കടിഞ്ഞൂലായവന്റെ പരമയാഗഫലമായുണ്ടാകാനിരുന്ന മനുഷ്യജാതിയുടെ വീണ്ടെടുപ്പിനെ ഇതു മുന്നറിയിക്കുന്നു. ആ യാഗഫലമായിട്ടാണല്ലോ പിശാചിന്റെ അടിമനുകത്തിൽ നിന്നും വീണ്ടെടുപ്പുണ്ടായത്. ഈ വീണ്ടെടുപ്പിനുവേണ്ടി ദൈവത്തിന്റെ പുത്രൻ മനുഷ്യന്റെ – ആദാമിന്റെ – പുത്രനായി വന്നു. ആദാമിന്റെ പുത്രൻ ആദാമിന്റെയും ജ്യേഷ്ഠനായിത്തീർന്നു (റോമ. 8:29).

കർത്താവായയേശു ആദാമിനു ജ്യേഷ്ഠനായിത്തീർന്നത് എങ്ങനെയെന്നു വ്യക്തമാക്കിത്തരണമെന്നു ഞാൻ അപേക്ഷിച്ചു.

തിരുമേനി തുടർന്നു: ആദാമിനെ ദൈവം സൃഷ്ടിച്ചത് അവൻ നശിച്ചു പോകുവാനല്ല. തന്റെ സൃഷ്ടിയെല്ലാം നല്ലത് എന്നാണല്ലോ ദൈവം കണ്ടത് (ഉല്പ. 1:31). എന്നാൽ ഇതര സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായി, സ്വാതന്ത്ര്യത്തോടു കൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പിശാചിന്റെ പ്രേരണയ്ക്കു വശഗതനായി സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുകയും അങ്ങനെ മരണവിധേയനായിത്തീരുകയും ചെയ്തു. ആദാം ഏദനിൽ നിന്നും ശാശ്വത ഭാഗ്യാനുഭവത്തിൽനിന്നും തള്ളപ്പെട്ടു. ഇവിടെയും ഒരു വില്പന നാം കാണുന്നു. ഒരു പഴത്തിനു വേണ്ടി ആദിമാതാപിതാക്കൾ അവരെ പിശാചിനു വില്ക്കുകയാണു ചെയ്തത്. അങ്ങനെ മനുഷ്യവർഗ്ഗത്തിന്മേൽ പിശാചിന് ആധിപത്യം സിദ്ധിച്ചു. അതിനു ശേഷം നമ്മുടെ കർത്താവു വരെയുള്ള (കർത്താവൊഴിച്ച്) എല്ലാവരുടെയും – പഴയനിയമത്തിലെ മഹാപരിശുദ്ധന്മാരുടെ പോലും – ആത്മാക്കൾ പിശാചിന്റെ അടിമനുകത്തിനു കീഴാക്കപ്പെട്ട് പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നു. എന്തെന്നാൽ സ്വർഗ്ഗത്തിന്റെ വാതിൽ മനുഷ്യവർഗ്ഗത്തിന്റെ മുമ്പാകെ അടയ്ക്കപ്പെട്ടുപോയി. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും എന്ന വാഗ്ദത്തപ്രകാരം പഴയനിയമ പരിശുദ്ധന്മാർ കാത്തിരുന്നുവെങ്കിലും അവരുടെ ആത്മാക്കളും പാതാളത്തിൽ നിന്നു സ്വതന്ത്രങ്ങളായിരുന്നില്ല. മഹാപരിശുദ്ധനായ ശമുവേലിന്റെ ആത്മാവ് ഒരു വെളിച്ചപ്പാടത്തി (ക്ഷുദ്രക്കാരി) മൂലം കരേറി വരുന്നതായി നാം കാണുന്നു (മേലിൽനിന്ന്



ഇറങ്ങുകയായിരുന്നില്ല, താഴെനിന്ന് കരേറുകയായിരുന്നു) (1 ശമു. 28:13). ആദാമിന്റെ പാപം അവനും അനന്തര തലമുറകൾക്കും വരുത്തിവച്ച ദുരനുഭവം എത്ര ഭയങ്കരം!

ഞാൻ ചോദിച്ചു, "തിരുമേനി ഏലിയാ സ്വർഗ്ഗത്തിലേക്കു കരേറിയതായി നാം വായിക്കുന്നുണ്ടല്ലോ!" (2 രാജാ. 2:11).

അങ്ങനെ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അതു നമ്മുടെ കർത്താവ് നമുക്കായി വേർതിരിച്ചിട്ടുള്ള സ്വർഗ്ഗത്തിലേക്ക് എന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഉയരത്തിലേക്ക് – പ്രത്യേകാൽ വേർതിരിക്കപ്പെട്ട ഒരു ഇടത്തേക്ക് – എന്നേ അതിനർത്ഥമുള്ളു. "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നവനായി സ്വർഗ്ഗത്തിൽ വസിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (യോഹ. 3:13) എന്നു നമ്മുടെ കർത്താവ് ഖണ്ഡിതമായി കല്പിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനുള്ള ഏക മാർഗ്ഗം താൻ ആകുന്നു (യോഹ. 14:6). ആദാം നഷ്ടപ്പെടുത്തിയ സ്വർഗ്ഗഭാഗ്യം കർത്താവിനെ കൂടാതെയും കർത്താവിലൂടെയല്ലാതെയും ഏലിയായിക്കും ലഭ്യമല്ല. അതുകൊണ്ടാണല്ലോ മറുരൂപ മലയിൽ മോശയോടൊപ്പം ഏലിയായും സന്നിഹിതനായി നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിനു മദ്ധ്യസ്ഥത അപേക്ഷിച്ചത്.

മനുഷ്യപുത്രനായ നമ്മുടെ കർത്താവിന്റെ ആത്മാവാണ് ആദ്യമായി പിതാവായ ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കപ്പെട്ടത്. തന്റെ ക്രൂശാരോഹണവേളയിൽ, തന്റെ ശരീരത്തിൽ നിന്നും ആത്മാവ് വേർപെടാറായപ്പോൾ മനുഷ്യാത്മാക്കളുടെമേലുള്ള അവകാശപ്രകാരം – ആദാം, പാപം മൂലം, അതായതു പിശാചു കൊടുത്ത പഴത്തിനു ആദാം അവനെത്തന്നെ പിശാചിനു വിറ്റുകളഞ്ഞ പാതകം ഹേതുവായി പിശാചിനു മനുഷ്യന്റെമേൽ ലഭിച്ച അവകാശം മുഖേന – മനുഷ്യപുത്രനായ മിശിഹായുടെ ആത്മാവിനെയും തട്ടിക്കൊണ്ടുപോകുവാൻ സാത്താനും സൈന്യങ്ങളും അടുത്തു. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും ക്രൂശിന്മേലുള്ള മരണവും സാത്താനുമായി നടത്തപ്പെട്ട ഭയങ്കര പോരാട്ടമായിരുന്നു (ഇതേപ്പറ്റി തിരുമേനി ദീർഘമായി കല്പിച്ചിട്ടുള്ളതു പിന്നാലെ എഴുതിക്കൊള്ളാം). കർത്താവ് ഏകനായി പോരാടി. "അവൻ ഏകനായി മുന്തിരിച്ചക്കു ചവട്ടി" (ഏശ. 63:1). തന്നെ സഹായിപ്പാൻ ആരും ഉണ്ടായിരുന്നില്ല. ബലവാനായ മനുഷ്യപുത്രൻ ജയിച്ചു. പിശാചും സൈന്യ വ്യൂഹവും പരാജിതരായി. അപ്പോൾ "പിതാവേ, എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഞാൻ വയ്ക്കുന്നു" (ലൂക്കോ. 23:46) എന്നു പറഞ്ഞുകൊണ്ട് കർത്താവ് തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. മനുഷ്യജാതിയുടെ ഉത്ഭവശേഷം പിതാവിന്റെ തൃക്കൈയിൽ ഇദംപ്രഥമമായി ഒരു മനുഷ്യാത്മാവ് സമർപ്പിക്കപ്പെട്ടു. അതു മനുഷ്യവർഗ്ഗത്തിൽ നിന്നു സ്വർഗ്ഗസ്ഥപിതാവിനു ലഭിച്ച ആദ്യഫലമായിരുന്നു. ഇങ്ങനെ താൻ ദൈവതിരുമുമ്പാകെ എല്ലാ മനുഷ്യാത്മാക്കൾക്കും അഗ്രിമനായിരിക്കുന്നു.

കർത്താവിന്റെ ക്രൂശാരോഹണം ലോകത്തിന്റെ പാപത്തിനുള്ള മതിയായ പരിഹാരമായിരുന്നു. അതുമൂലം ആദാമിന്റെ കടച്ചീട്ടു കീറി. താൻ ബലിയായി അർപ്പിക്കപ്പെട്ടതിനാൽ മരണത്തിനും പാതാളത്തിനും വിധിക്കപ്പെട്ടവർക്കെല്ലാം



**പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ നിരണത്ത് ചേർന്ന അസോസിയേഷനിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. 1962 മെയ് 17.**

വീണ്ടെടുപ്പുണ്ടായി. ഇടത്തേതിന്റെ മക്കൾ വലത്തേതിന്റേതായിത്തീർന്നു. സാത്താന്റെ അവകാശമായിരുന്നവർ സ്വർഗ്ഗത്തിന്റെ അവകാശികളായി. കർത്താവ് പാതാളത്തിലേക്കിറങ്ങിച്ചെല്ലുകയും അതിന്റെ ഓടാമ്പലുകൾ തകർക്കുകയും ചെയ്തു. അവിടെ, 'സ്ത്രീയുടെ സന്തതി'യുടെ എഴുന്നള്ളത്തിനുവേണ്ടി പ്രത്യാശയോടെ കാത്തിരുന്ന ആദാം ഉൾപ്പെടെയുള്ള ആയിരമായിരമാത്മാക്കൾക്കു വിടുതൽ നൽകി; തനിക്കു പിമ്പായി അവരെ പർദൈസായിലേക്കു പ്രവേശിപ്പിച്ചു. പർദൈസായിൽ ആദ്യമായി പ്രവേശിച്ച മനുഷ്യാത്മാവും രണ്ടാം ആദാം ആയ കർത്താവാകയാൽ ആ വിധത്തിലും താൻ മനുഷ്യവർഗ്ഗത്തിന്റെ കടിഞ്ഞൂൽ ആകുന്നു.

ദൈവത്തിന്റെ ഏകപുത്രൻ ജഡധാരണം ചെയ്ത സാക്ഷാൽ മനുഷ്യനായിത്തീർന്ന്, ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ തന്റെ ശരീരരക്തങ്ങൾ മൂലം കാട്ടൊലിവുകമ്പുകളായ നമ്മെ സാക്ഷാൽ സൈത്തുമരമായ തന്നോട് ഒട്ടിച്ചു ചേർത്ത് (റോമർ 11:17) നല്ല സൈത്താക്കിത്തീർത്തു. അതിന്റെ കേന്ദ്രം കർത്താവു തന്നെ. ഒട്ടിച്ചു ചേർക്കപ്പെട്ട ആദാമും സന്താനപരമ്പരകളുമെല്ലാം അതിന്റെ ശിഖരങ്ങൾ മാത്രം. ദൈവപുത്രത്വത്തിൽ പരിപൂർണ്ണനും കടിഞ്ഞൂലും നമ്മുടെ കർത്താവല്ലാതെ മറ്റാരുമല്ല. തന്റെ തിരുബലി മൂലം ആദാമ്യരെ തന്നോട് ഒട്ടിച്ചുചേർത്തതിനാൽ, താൻമൂലവും തന്നിൽ കൂടെയുമാണ് നമ്മുടെ പുത്രത്വം. ആകയാൽ ആദാമും തനിക്കു കനിഷ്ഠൻ തന്നെ.

മരിച്ചവരിൽ നിന്ന് ആദ്യമായി മഹത്വത്തോടെ ഉയിർത്തതും കർത്താവായ യേശു ആണ്. "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിരിക്കുന്നു. ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ" (1 കൊരി. 15:20, 23).

സശ്ശരീരനായി ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. ഇതിലും ആദ്യൻ - കടിഞ്ഞൂൽ - കർത്താവു തന്നെ. പാപം നിമിത്തം പിശാചിന് അടിമയായി പർദൈസായിൽ നിന്നും വീണ്, മരണത്തിനും പാതാളത്തിനും ഇരയായി സ്വർഗ്ഗത്തിന് അന്യനായിത്തീർന്ന മനുഷ്യനെ മനുഷ്യാവതാരംമൂലം പിശാചിന്റെ അടിമത്വത്തിൽ നിന്നും പിടിച്ചെടുത്ത് ഉയിർപ്പും ജീവനും നൽകി സ്വർഗ്ഗത്തിലേക്കു കയറ്റി പിതാവിന്റെ വലത്തുഭാഗത്തിരുത്തുകയാണ് ക്രിസ്തു എന്ന പൂർണ്ണ മനുഷ്യനിൽ നിർവ്വഹിക്കപ്പെട്ടത്. ഈ രക്ഷയും അവകാശവും താൻ എല്ലാ മനുഷ്യർക്കും ദാനമായി നൽകിയിരിക്കുന്നു. "തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു" (റോമർ 8:29). അതിനാൽ ദൈവത്തിന്റെ ഏകപുത്രനെപ്പോലെ അബ്ബാ പിതാവെ എന്നു വിളിക്കാനുള്ള ശ്രേഷ്ഠാവകാശത്തിലേയ്ക്ക് ഏകജാതൻ നമ്മെ കൊണ്ടുവന്നിരിക്കുന്നു.

ഏശാവു വിറ്റ ജ്യേഷ്ഠാവകാശം മനുഷ്യവർഗ്ഗത്തിന്റെയെല്ലാം ജ്യേഷ്ഠസഹോദരനായ 'സ്ത്രീയുടെ സന്തതി'യെ പുറപ്പെടുവിക്കുവാനുള്ള അവകാശമാണെന്നു പറഞ്ഞുതന്നശേഷം അതിന് ഉപോൽബലകമായി യാക്കോബിന്മേലുള്ള ഇസ്സഹാക്കിന്റെ അനുഗ്രഹവചനങ്ങൾ കൂടി തിരുമേനി ചൂണ്ടിക്കാണിച്ചു. "വംശങ്ങൾ നിന്നെ സേവിക്കട്ടെ. ജാതികൾ നിന്നെ വണങ്ങട്ടെ. നിന്റെ സഹോദരന്മാർക്കു നീ പ്രഭു ആയിരിക്കുക. നിന്റെ മാതാവിന്റെ പുത്രന്മാർ നിന്നെ വണങ്ങട്ടെ" (ഉല്പത്തി 27:29). ഈ അനുഗ്രഹം യാക്കോബ് എന്ന വ്യക്തിയിൽ നിറവേറിയതായി നാം കാണുന്നില്ല. അവൻ ഏശാവിനെ ഭയന്ന് പലായനം ചെയ്യുകയും മാതൃസഹോദരനായ ലാബാനെ ദീർഘകാലം സേവിക്കുകയും (ഉല്പ. 29, 30 അദ്ധ്യായങ്ങൾ കാണുക), ഒടുവിൽ ലാബാന്റെ ഭവനത്തിൽ നിന്ന് തന്ത്രപൂർവ്വം വിടുതൽ നേടി പുത്രകളത്രാദികളുമായി മടങ്ങിയെത്തുന്നവഴിക്ക് ജ്യേഷ്ഠനായ ഏശാവിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തുകയും ചെയ്യുന്നതായിട്ടാണു നാം വായിക്കുന്നത് (ഉല്പ. 33:3). ദേശത്തു ക്ഷാമമുണ്ടായപ്പോൾ പുറജാതിയായ ഫറവോന്റെ രാജ്യത്ത് അവനും കുടുംബവും അഭയാർത്ഥികളായി എത്തി താമസിക്കുകയും ചെയ്യുന്നു. അപ്പോൾ യാക്കോബിനു ലഭിച്ച അനുഗ്രഹം അവനല്ല, അവന്റെ ഗൃഹത്തിന്മേൽ എന്നേക്കും രാജാവായിരിക്കുന്ന ക്രിസ്തുവിൽ ആണു നിറവേറുന്നത്. അങ്ങനെ ആദാമിനും അബ്രഹാമിനും ഇസ്സഹാക്കിനും ലഭിച്ച രക്ഷാകരമായ വാഗ്ദത്തം യാക്കോബ് അവകാശിച്ചു.

ഇത്രയും വിശദീകരിച്ചശേഷം തിരുമേനി മൂന്നാമതൊരു വില്പനയുടെ ചരിത്രം കൂടി പ്രസ്താവിച്ചു. മുപ്പതു വെള്ളിക്കാശിനുവേണ്ടി കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്തിന്റേതായിരുന്നു അത്. ആ വില്പന മൂലം അവൻ അപ്പോസ്തോലത്വത്തിന്റെ മഹനീയ പദവിയിൽ നിന്നും വീണ് എന്നേക്കും ശാപഗ്രസ്ഥനായിത്തീർന്നു. അനന്തരം തിരുമേനി കല്പിക്കുകയാണ്: മനുഷ്യരായ നാമെല്ലാവരും നമ്മുടെ ഓരോ സ്വകാര്യലാഭത്തിനുവേണ്ടിയും പണത്തിനുവേണ്ടിയും ദൈവത്തിന്റെ കല്പനകളെയും സഭയുടെ പ്രമാണങ്ങളെയും ദൈവത്തെത്തന്നെയും അഗണ്യകോടിയിൽ തള്ളിക്കളയുന്നില്ലയോ? കർത്താവിന്റെ ശരീരമായ സഭയെ പണത്തിനുവേണ്ടി പരിത്യജിക്കുമ്പോൾ വിശ്വാസത്തെ വിറ്റുകളയുകയല്ലയോ ചെയ്യുന്നത്? ആകയാൽ എബ്രായലേഖന കർത്താവിന്റെ താക്കീത് നാമെല്ലാവരോടുമായിട്ടാണ്. "ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തന്മാരാകാതിരിപ്പാൻ കരുതിക്കൊൾവിൻ."

തിരുമേനി ഇതു വിശദീകരിക്കുമ്പോൾ കാര്യം ഗ്രഹിക്കുക എന്നതിനേക്കാൾ ഹൃദയം എരിയുന്ന ഒരനുഭവമാണ് ഈ എഴുത്തുകാരനുണ്ടായത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങൾ എത്ര മഹത്തേറിയത്. അറിവിൽ നിന്നും ആത്മാവിൽ നിന്നും ഉപദേശങ്ങൾ നമുക്കു ലഭിക്കാറുണ്ട്. ആത്മനിറവിൽ നിന്നും അനുഭവത്തിൽ നിന്നുമുള്ള ഉപദേശങ്ങൾക്കേ ആത്മാക്കളെ സ്പർശിക്കാൻ കഴിയൂ. പരിശുദ്ധ പിതാവിന്റെ ഉപദേശങ്ങൾക്കും പ്രസംഗങ്ങൾക്കും ഉണ്ടായിരുന്ന പ്രത്യേകത - അവ ആത്മനിറവിൽ നിന്നുള്ളവയായിരുന്നു എന്നതാണ്. എന്നാൽ അത് എഴുതി അതേപടി ഫലിപ്പിക്കാൻ ഈ തൂലികയ്ക്കു ശക്തി പോരാ.

(മലങ്കരസഭ, 1965 ഡിസംബർ)



**സ്നേഹസ്പർശം ഓഫീസ് ഉദ്ഘാടനം പരിശുദ്ധ ബാവാ തിരുമേനി നിർവ്വഹിക്കുന്നു**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദനാദം-36

ഒക്ടോബർ 28

# ഈ വഴിയാത്രകൾ രമ്യതയുടെതാകട്ടെ...

## സ്ലീബാപെരുന്നാളിന് ശേഷം ഏഴാം ഞായർ

**(വി. മത്തായി 5:21-26)**

**ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ**



**വേദപശ്ചാത്തലം**

നമ്മുടെ മതബോധം ചിലപ്പോൾ നിയമങ്ങൾക്ക് നിസാരത നൽകി ദുർവ്യാഖ്യാനം ചെയ്യാറുണ്ട്.*കൊല ചെയ്യരുത്* എന്ന കല്പനയോടൊപ്പം അതിന് കാരണമാകുന്ന വാക്കുകളോ, ചിന്തകളോ, കോപമോ പോലും പ്രാണഹത്യയ്ക്ക് തുല്ല്യമായി കർത്താവ് പഠിപ്പിച്ചു. പണ്ഡിതർ വ്യാഖ്യാനിച്ച് വഷളാക്കിയ വേദത്തിന് പരമേശ്വരൻ തന്നെ പൊരുൾ തിരിക്കാനിറങ്ങി വന്ന സംഭവമാണ് മനുഷ്യാവതാരം. കർത്താവിന്റെ ജീവിതവ്യാഖ്യാനത്തിന്റെ പശ്ചാത്തലത്തെ അന്വേഷിക്കുക മാത്രമാണ് ഈ കുറിപ്പുകളിലൂടെ ഉദ്ദേശിക്കുന്നത്.

**1. വിചാരം കർമ്മത്തിന്റെ വിത്ത്**

കർമ്മങ്ങൾക്ക് വിത്താകുന്നതാണ് വിചാരം. വൃഥാ വിചാരങ്ങൾ വീഴ്ചയിലേക്കുള്ള പടിയിറക്കമാണ്. കാരണമില്ലാതെ കോപിക്കുന്നതിനും, കൊലപാതകിയ്ക്കുള്ള പ്രതിഫലത്തെയും ഈ വേദഭാഗത്ത് *ശിക്ഷാവിധി* എന്ന് തന്നെ പറഞ്ഞിരിക്കുന്നു. അതുകൊണ്ടാവാം കോപത്തെ കഠിനമായി യാക്കോബ് ശ്ലീഹായെ (1:20) പോലുള്ളവർ പരിഗണിക്കുവാൻ കാരണം. ബാർ എബ്രായയുടെ ജ്ഞാനസമാഹാരത്തിൽ*പെട്ടെന്ന് കോപിഷ്ടനാകുന്ന ഒരു സുഹൃത്തിൽ നന്മയുണ്ടെങ്കിൽ തന്നെ നീ നിന്റെ വിശ്വാസമർപ്പിക്കരുത്* എന്ന് പറയുന്നു. പ്രാണഹത്യയ്ക്ക് കാരണമാകുന്ന സമീപനങ്ങൾ ഗൗരവമായി കാണാനും അതിനെ നന്മക്കായി രൂപപ്പെടുത്തുവാനുമുള്ള സമീപനം സഭാജീവിതത്തിൽ വി. കുമ്പസാരത്തിലൂടെയും മറ്റും പിതാക്കന്മാർ ക്രമീകരിച്ചിട്ടുണ്ട്. ഇന്ദ്രിയങ്ങളുടെ വാതായനങ്ങളെ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് സംസർഗം ചെയ്യുവാൻ സാധിക്കുകയാണ് കരണീയം.

യരുശലേമിനടുത്ത *ഹിന്നോം* താഴ്വരയിൽ (Hinnom Valley) അശുദ്ധവസ്തുക്കളും, കല്ലെറിഞ്ഞു കൊല്ലപ്പെടുന്നവരുടെ ശരീരങ്ങളും ദഹിപ്പിക്കുന്ന ഒരു സ്ഥലമുണ്ടായിരുന്നു. ആഹാസ് രാജാവ് ബാൽ പ്രതിമകൾക്ക് ധൂപാർപ്പണം നടത്തിയ സ്ഥലമായിരുന്നു ഇത് (2 ദിന. 28:3, 33:6). ഇതിനെ *ഗീഹാനോ* എന്ന് വിളിച്ചിരുന്നു. ഈ പദത്തിനും, *ഗേഹന്നാ* എന്ന സമാന പദത്തിനും അഗ്നിനരകം എന്ന് തന്നെയായിരുന്നു അർത്ഥം. ഈ താഴ്വരയെ യിരമ്യാവ് പ്രവാചകൻ ശപിക്കുന്നുണ്ട് (യിര. 7:32-33). ഈ താഴ്വര ആഹാസിനെ പോലെയുള്ളവരുടെ വിഗ്രഹാരാധനയുടെയും, ദുർവിചാരങ്ങളുടെയും വീഴ്ച്ചയുടെയും പ്രതീകമാണ്. ആയതിനാൽ വിചാരങ്ങളിലേക്ക് കടന്ന് കയറുന്ന ആകൽകറുസായുടെ പ്രേരണകളെ ഒഴിവാക്കുവാൻ ശ്രദ്ധിക്കണം. യിസ്രായേലിനെ പ്രവാസത്തിലേക്ക് നയിച്ച ആഹാസിന്റെ അന്യവിചാരങ്ങൾ നമ്മെ പതനത്തിലേക്ക് നയിക്കാതിരിക്കട്ടെ.

**2. പണ്ഡിത വ്യാഖ്യാനവും പരമേശ്വരഭാഷ്യവും**

നിയമങ്ങൾ മോശയിൽ നിന്ന് യേശുനാഥനിലേക്ക് എത്തുമ്പോൾ അത് കാരുണ്യത്തിന്റെ കടലായി തീരുന്നത് കാണാം. സ്നേഹത്തെ കുറിച്ച് പ്രസംഗിക്കുന്നവരിലേക്ക് സ്നേഹം തന്നെ ജഡമെടുത്തവതരിക്കുമ്പോൾ അംഗീകരിക്കാൻ കഴിയാത്തത് ഇതുകൊണ്ടായിരിക്കാം. പണ്ഡിതവ്യാഖ്യാനത്തിൽ നിന്ന് പരമേശ്വരഭാഷ്യത്തിലേക്ക് എത്തുമ്പോൾ മോശൈക തത്വങ്ങളുടെ മുള്ളുകളും ദ്രഷ്ട്രകളും ഇല്ലാതാവുന്നു.

'കോപിപ്പിൻ പാപം ചെയ്യരുത്' എന്ന സങ്കീർത്തന വാക്യം (4.4) പഴയനിയമകാലത്ത് വായിക്കപ്പെട്ടിരിക്കണം. അത് ആത്മീയ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ന്യായവിധിക്കോ നരകത്തിനോ ഇടയാക്കിയേക്കാവുന്ന കോപത്തിന്റെ വാക്കുകളോ, പ്രവൃത്തിയോ അതിന്റെ മാറ്റൊലിയും ഉണ്ടാക്കും. പ്രതികാരവും കാലുഷ്യവും സമൂഹത്തിൽ സൃഷ്ടിക്കാനിത് കാരണമാക്കിയേക്കാം. ചരിത്രം ഇത്തരത്തിലുള്ള സംഭവങ്ങളുടെ സമാഹാരമാണ്. ആരാധനാ ജീവിതത്തിനും, ആത്മീയതയ്ക്കും ഇടം ലഭിക്കാൻ പരമേശ്വരനായ യേശുതമ്പുരാന്റെ വീക്ഷണങ്ങളിലേക്ക് നാമെത്തണം. ആ സ്നേഹസംസ്ക്കാരത്തിന്റെ തിരി നീട്ടുവാനുള്ള കരുത്ത് നമുക്ക് ഉണ്ടാകണം. *സോപാധിക സ്നേഹത്തിൽ നിന്ന് നിരുപാധിക സ്നേഹത്തിലേക്ക് വളരുന്നതാണ് പണ്ഡിത - ക്രിസ്തുഭാഷ്യങ്ങളുടെ പ്രധാന വ്യതിരക്തത.*

**3. നിരപ്പിന്റെ ബലിയർപ്പിക്കാം**

പഴയതിനെയും പുതിയതിനെയും, വിജാതീയരെയും സ്വജാതീയരെയും ഒന്നാക്കിയ സമാധാനയാഗമാണ് യേശുതമ്പുരാൻ നിർവ്വഹിച്ചത്. എല്ലാ ബലിയും നിരപ്പിന്റേതാകണം. കുന്നുകളെ സമതലങ്ങളാക്കി മാറ്റാനുള്ള അനുരഞ്ജനത്തിന്റെ അനുഭവത്തിന് യെശ്ശയാ പ്രവാചകന്റെ കാലത്ത് തന്നെ ആഹ്വാനങ്ങൾ ഉയർന്നിരുന്നു. യൂഹാനോൻ മാംദാനയും ഈ സന്ദേശത്തെ ഗൗരവമായി കൈമാറി. ക്രൂശിലെ യാഗത്തിലൂടെ, മനുഷ്യവർഗ്ഗത്തോട് കോപിച്ചിരുന്ന പിതാവാംദൈവത്തെ ഏകജാതനായ പുത്രൻ നിരപ്പാക്കി തീർത്തു. സ്തേപ്പാനോസ് ശെമ്മാശ്ശൻ *ഇവർക്ക് ഈ പാപം നിർത്തരുതേ*എന്ന് ഘാതകർക്കായി പ്രാർത്ഥിച്ചത് യേശുവിന്റെ സമാധാനയാഗത്തിന് അനുകരണീയമായ മാതൃകയായി.

ശൗലിനോട് ശമുവേൽ പറഞ്ഞത്, *അനുസരണമാണ് ബലിയേക്കാളും ശ്രേഷ്ഠമെന്നാണ്* (1 ശമു. 15:22). നിരപ്പിന്റെ ശുശ്രൂഷയായി ബലിവേദിയിൽ നമുക്ക് സമ്മേളിക്കാനാവാത്തതിന് കാരണം, അനുസരണമെന്ന അതുല്ല്യ അലങ്കാരം നമുക്ക് കൈമോശം വന്നിരിക്കുന്നതുകൊണ്ടാണ്. *ഗർവ്വും അഹങ്കാര പ്രമത്തതയും ആകുന്ന കുന്നുകളിൽ നിന്ന് വിനീതരുടെ താഴ്വരയിലേക്ക് നമുക്ക് എപ്പോഴാണോ ഇറങ്ങിവരാനാവുന്നത് അപ്പോൾ നാം നിരപ്പിന്റെ ബലിവേദിയിൽ പരസ്പരം ആലിംഗനം ചെയ്യും.* വി. കുർബ്ബാനയിൽ ഇതിന്റെ മാതൃക കാണാം. കാർമ്മികരായ വൈദികർ കുർബ്ബാനയ്ക്കായി തൂയോബോയ്ക്ക് പ്രവേശിക്കുമ്പോഴും, വി. കുർബ്ബാനയിലെ ക്രമം ആരംഭിക്കും മുമ്പും, വി. കുർബ്ബാന അനുഭവിക്കുന്നതിന് മുമ്പും ജനത്തോട് സമാധാനം ആവശ്യപ്പെടുന്നതും, സമാധാനം നൽകുന്ന കൈയസ്തൂരി പരസ്പരം നൽകുന്നതും, ശുബുക്കോനോ ശുശ്രൂഷകളും വേദപുസ്തകാധിഷ്ഠിതമായ അനുഷ്ഠാനമാകുന്നത് അങ്ങിനെയാണ്.

**4. ഈ സഞ്ചാരനിമിഷങ്ങൾ രമ്യതയുടേതാവട്ടെ**

ജീവിതമെന്ന സഞ്ചാരം എത്ര ധന്യമാണ്. അതൊരു വഴിയാത്ര തന്നെയാണ്. പ്രതിയോഗിയോട് വഴിയാത്രയിൽ തന്നെ നിരപ്പാകേണ്ടതാണ്. ഈ വഴിയിൽ വെച്ച് (ഈ ലോകത്തിൽ വെച്ച് തന്നെ) നാം രമ്യപ്പെടാതിരുന്നാൽ നിത്യന്യായാധിപങ്കൽ വെച്ച് നാം ശിക്ഷയേൽക്കേണ്ടി വരും.

സൈപ്രസിലെ മെത്രാനായിരുന്ന വി. എപ്പിഫാനിയോസ് അബ്ബാ ഹിലാരിയോണിന്റെ അടുക്കൽ ആളയച്ച് പറഞ്ഞു: *വരിക ശരീരത്തിൽ നിന്ന് വേർപെടുന്നതിന് മുമ്പ് നമുക്ക് പരസ്പരം കണ്ടുമുട്ടാം.* അദ്ദേഹം മെത്രാന്റെ അടുക്കൽ ചെന്നു. പരസ്പരം കണ്ടുമുട്ടിയതിൽ അവർ സന്തോഷിച്ചു. അവർ ഉച്ചഭക്ഷണത്തിനിരുന്നു. മേശയിൽ മാംസം വിളമ്പിയിരുന്നു. മെത്രാൻ അബ്ബാ ഹിലാരിയോണിനെ സത്ക്കരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു, *അങ്ങ് ക്ഷമിക്കുക. ഞാൻ സന്ന്യാസ വസ്ത്രം ധരിച്ചതിൽ പിന്നെ മാംസം ഭക്ഷിച്ചിട്ടില്ല.* അപ്പോൾ വി. എപ്പിഫാനിയോസ് അബ്ബായോട് പറഞ്ഞു,*ഞാനാകട്ടെ സന്ന്യാസ വസ്ത്രം ധരിച്ചതിൽ പിന്നെ ഒരിക്കലും എന്നോട് സമാധാനത്തിലാകാതെ ഉറങ്ങാൻ ആരെയും അനുവദിച്ചിട്ടില്ല. അതുപോലെ തന്നെ ആരോടെങ്കിലും സമാധാനത്തിലാകാതെ ഞാനും കിടന്നുറങ്ങിയിട്ടില്ല.* നമ്മുടെ ജീവിതം സമാധാനപരമാകണമെങ്കിൽ അത് രമ്യതയുടേതാകണം. ❑

## സി. വി. പോൾ അന്തരിച്ചു

കൊച്ചി: പ്രമുഖ വ്യവസായിയും മാനേജ്മെന്റ് വിദഗ്ധനുമായ കോലഞ്ചേരി നെച്ചൂപ്പാടം സി. വി. പോൾ (91) അന്തരിച്ചു. ഒക്ടോബർ 22-ന് രാവിലെ 6.30-നു മറൈൻ ഡ്രൈവിലെ പ്രസ്റ്റീജ് അപ്പാർട്മെന്റിലായിരുന്നു അന്ത്യം. സംസ്കാരം 23-നു എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ എളംകുളത്തെ സെമിത്തേരിയിൽ നടത്തി.



ഭാര്യ: തുമ്പമൺ വടക്കേതാഴേതിൽ ആനി പോൾ. മക്കൾ: ജീന, ജബീന, ജുനു. മരുമക്കൾ: ജോർജ് മാത്യു (ആര്യപ്പള്ളിൽ), ബിജു ഏബ്രഹാം (വെള്ളുത്തോട്ടം), അബി ജോസഫ് (കണിയാന്തറ).

കുടുംബ ബിസിനസായിരുന്ന തോട്ടം വ്യവസായത്തിൽ തുടക്കമിട്ട ശേഷം തികച്ചും വ്യത്യസ്തമായ വ്യവസായ മേഖലകളിലേക്കു നീങ്ങി വിജയം നേടിയ ചരിത്രമാണു സി. വി. പോളിന്റേത്. പിൽക്കാലത്ത് ആഗോളതലത്തിലേക്കു വളർന്ന സിന്തൈറ്റ് ഇൻഡസ്ട്രിയൽ കെമിക്കൽസിന്റെ സ്ഥാപക ചെയർമാനാണ്. പോളിഫോർമാലിൻ പ്രൈവറ്റ് ലിമിറ്റഡ്, ലാമിന റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്സ് തുടങ്ങിയ കമ്പനികൾക്കും തുടക്കമിട്ടു.

രാസവ്യവസായത്തിൽ നിന്നു തികച്ചും വ്യത്യസ്തമായ വിദ്യാഭ്യാസ മേഖലയിലേക്കായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു ചുവടുവയ്പ്. നവനിർമാൺ എജ്യുക്കേഷൻ ആൻഡ് വെൽഫെയർ സൊസൈറ്റി സ്ഥാപിച്ചത് 1978-ൽ. കിന്റർഗാർട്ടൻ മുതൽ ഹയർസെക്കൻഡറി സ്കൂൾ വരെ ഉൾപ്പെടുന്ന നവനിർമാൺ പബ്ലിക് സ്കൂൾ പ്രവർത്തിക്കുന്നത് ഈ സൊസൈറ്റിക്കു കീഴിലാണ്. അറിയപ്പെടുന്ന മാനേജ്മെന്റ് വിദഗ്ധൻ കൂടിയാണ്. ഗോൾഫ് ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം സിയാൽ ഗോൾഫ് കോഴ്സ് വികസനത്തിന് ആശയപരമായ സംഭാവനകൾ നൽകി. ഓൾ ഇന്ത്യ കെമിക്കൽ ഇൻഡസ്ട്രീസ് അസോസിയേഷൻ കേരള ചാപ്റ്റർ ചെയർമാനായും പ്രവർത്തിച്ചു. മലയാള മനോരമയ്ക്കു വേണ്ടി എഡിറ്റർ ഫിലിപ് മാത്യു ആദരാഞ്ജലി അർപ്പിച്ചു.

## വ്യത്യസ്ത മേഖലകളിൽ വിജയമുറപ്പിച്ച പ്രതിഭ

കൊച്ചി: വേറിട്ട ചേരുവകളുടെ രസതന്ത്രമായിരുന്നു സി.വി.പോൾ നെച്ചൂപ്പാടമെന്ന വ്യവസായിയുടെ ജീവിതകഥ. ആദ്യം പ്ലാന്റേഷൻ, അവിടെ നിന്നു രാസവ്യവസായത്തിലേക്ക്, പിന്നെ, പുതുതലമുറയുടെ നവനിർമിതിയെന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപം, ഗോൾഫ് കോഴ്സ് രൂപകൽപനയോളം എത്തിയ ഗോൾഫ് പ്രണയം. “നിങ്ങളുടെ കഴിവിന്റെ പരമാവധി സമർപ്പിക്കുക; അതാണു നിങ്ങൾക്കു ലോകത്തിനു നൽകാവുന്ന ഏറ്റവും മികച്ച സമ്മാനം” - ഇതായിരുന്നു ഇന്നലെ ലോകത്തോടു വിടപറഞ്ഞ പ്രമുഖ വ്യവസായി സി. വി. പോളിന്റെ ദർശനം. അദ്ദേഹത്തിന്റെ ജീവിതംതന്നെ അതിനു സാക്ഷ്യമായി.

കുടുംബ ബിസിനസിന്റെ ഭാഗമായാണ് അദ്ദേഹം ചെറിയൊരു കാലം പ്ലാന്റേഷൻ മേഖലയിൽ പ്രവർത്തിച്ചത്. പിന്നീടു സിന്തൈറ്റ് ഇൻഡസ്ട്രിയൽ കെമിക്കൽസ് സ്ഥാപക ചെയർമാനായി. കേരളത്തിൽ വ്യവസായങ്ങൾ വേരു പിടിക്കുക അത്ര എളുപ്പമല്ലാതിരുന്ന കാലത്താണു പോളിഫോർമാലിൻ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപിച്ചത് 1974-ൽ. ഫോർമാലിൻ, അമിനോ റെസിൻ തുടങ്ങിയ ഉൽപന്നങ്ങളുടെ നിർമാണത്തിൽ മുൻനിര സ്ഥാപനമായി പോളിഫോർമാലിൻ ലിമിറ്റഡിനെ മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു.

എഴുത്തിനോടും വായനയോടുമുള്ള താൽപര്യം അദ്ദേഹത്തെ നയിച്ചത് ഒരു പത്രത്തിന്റെ പിറവിയിലേക്കാണ്. 1951-ൽ അദ്ദേഹം ആരംഭിച്ച ‘ഐക്യമുന്നണി’ എന്ന പത്രത്തിന്റെ ചുമതലക്കാരിലൊരാൾ പിൽക്കാലത്തു പ്രശസ്തനായ സാക്ഷാൽ വയലാർ രാമവർമയായിരുന്നു. ഗോൾഫായിരുന്നു അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കായികവിനോദം. പുത്തൻകുരിശിൽ ഗോൾഫ് പരിശീലന കേന്ദ്രം സ്ഥാപിച്ച അദ്ദേഹം സിയാൽ ഗോൾഫ് ക്ലബ് രൂപകൽപനയിലും പങ്കുവഹിച്ചു. പെരുമാറ്റത്തിലെ ലാളിത്യംകൊണ്ടു കൂടിയാണ് അദ്ദേഹം പരിചയപ്പെട്ടവർക്കെല്ലാം പ്രിയങ്കരനായത്.



അടൂർ-കടമ്പനാട് ഭദ്രാസനത്തിലെ വൈദികർ ശാസ്താംകോട്ട ഹോറെബ് ആശ്രമത്തിൽ സഖറിയ മാർ അപ്രേമിനൊപ്പം.

## ഇന്റർനാഷണൽ സർവീസ് ഡയറക്ടറായി കോരസൺ വർഗീസിനെ നിയമിച്ചു



ന്യൂയോർക്ക്: വൈസ്മെൻസ് ഇന്റർനാഷണലിന്റെ, ഇന്റർനാഷണൽ സർവീസ് ഡയറക്ടർ ആയി കോരസൺ വർഗീസിനെ നിയമിച്ചു. മാധ്യമ പ്രവർത്തകനും എഴുത്തുകാരനും മുൻ സഭാ മാനേജിംഗ് കമ്മിറ്റിയംഗവുമാണ് കോരസൺ.



ഫാ. ഡോ. മാത്യു കോശി എഴുതി മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'ഓർത്തഡോക്സ് വിശ്വാസ തരംഗങ്ങൾ' എന്ന പുസ്തകം ഓതറ സെന്റ്. ജോർജ് ദയറായിൽ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മന് നൽകി പ്രകാശനം ചെയ്യുന്നു.




മലങ്കരയിലെ ഏറ്റവും ദൈർഘ്യമേറിയ പരുമല കാൽനട തീർത്ഥയാത്ര കണ്ണൂർ ജില്ലയിലെ കേളകം ശാലേം പള്ളിയുടെ നേതൃത്വത്തിൽ നിന്നും ആരംഭിച്ചു. 12 ദിനങ്ങൾ യാത്ര ചെയ്താണ് പരുമലയിൽ എത്തുക. 35 പേർ അടങ്ങുന്ന സംഘമാണ് ഇത്തവണ പദയാത്രയിൽ പങ്കെടുക്കുന്നത്.

**News, Advertisements, Wishes Etc...**
**Contact** 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file



ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ 'മാർ അത്താനാസിയോസ് തിരുമേനി പ്രഥമ അവാർഡ്' മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയിൽ നിന്നും ഫാ. എബി സി. ഫിലിപ്പ് ഏറ്റുവാങ്ങുന്നു.



വിദ്യാഭ്യാസ മേഖലയിലെ മികച്ച സേവനത്തിനുള്ള മാർ അത്താനാസിയോസ് പ്രഥമ അവാർഡ് നേടിയ പ്രിയ ജേക്കബ് (പ്രിൻസിപ്പാൾ, മെട്രോപോലിറ്റൻ ഹയർ സെക്കൻഡറി സ്കൂൾ, പുത്തൻകാവ്) പുരസ്ക്കാരം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ നിന്നും ഏറ്റുവാങ്ങുന്നു.

## ഡോ. ജോർജ്ജിന് ഡി ലിറ്റ്



അദ്ധ്യാപന രംഗത്തെ സമഗ്ര സംഭാവനകൾക്കായി യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ നൽകുന്ന ഓണററി ഡി ലിറ്റിന് ഡോ. ജോർജ്ജ് പി. ഐ. അർഹനായി. കഴക്കൂട്ടം സൈനിക് സ്കൂൾ അദ്ധ്യാപകനാണ്. ഹിന്ദി ഭാഷേതര സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരണത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ അവാർഡ്. 23 വർഷമായി സൈനിക് സ്കൂളിലെ ഹിന്ദി വിഭാഗം മേധാവിയായ ഡോ. ജോർജ്ജിന് ഹിന്ദിയിലെ മികച്ച കഥാകൃത്തായ ശേഖർ ജോഷിയുടെ കഥകളുടെ പഠനത്തിന് 2004-ൽ ദക്ഷിൺ ഭാരത് ഹിന്ദി പ്രചാരസഭയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. മുസ്ലീം ഗേൾസ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപിക മേഴ്സി ജോസഫ് ആണ് ഭാര്യ. എറണാകുളം ജില്ലയിൽ പരേതനായ പി. ഇട്ടൂപ്പിന്റെയും എ. ജി. അമ്മിണിയുടെയും മകനായ ഡോ. ജോർജ്ജ് തുരുത്തിയിൽ പുന്നോർപ്പിള്ളി കുടുംബാംഗമാണ്.